# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ
ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം
ചീഫ് എഡിറ്റർ: ജയ്സൺ ജോസഫ്

ഒക്ടോബർ 2024 | വാല്യം 51 ലക്കം 7 | പേജ് 12 | വില 10.00 രൂപ

UNITY Monthly | October 2024 | Volume 51 Issue 7 | Chief Editor: JAISON JOSEPH | Page 12 | Price Rs. 10.00


## കൂലിക്കവർച്ചയും ജോലിഭാരവും

# മുതലാളിത്ത ചൂഷണത്തിന്റെ ക്രൂരമുഖം

**ഏണസ്റ്റ് ആൻഡ് യങ് എന്ന കോർപ്പറേറ്റ് ഓഡിറ്റ് സ്ഥാപനത്തിലെ ജീവനക്കാരി അന്ന സെബാസ്റ്റ്യൻ കഠിനമായ ജോലിഭാരത്തെത്തുടർന്ന് മരണമടഞ്ഞത് രാജ്യത്ത് നടമാടുന്ന മനുഷ്യത്വരഹിതമായ കോർപ്പറേറ്റ് തൊഴിൽ ചൂഷണത്തിന്റെ നടുക്കുന്ന ഉദാഹരണമാണ്. പരമാവധി ലാഭമുണ്ടാക്കുകയെന്ന കോർപ്പറേറ്റ് നയത്തിന്റെ ഇരയാണ് അന്ന സെബാസ്റ്റ്യൻ. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളോ യോജിച്ച പോരാട്ടങ്ങളോ ഇല്ലാത്ത ഐടി മേഖലയിലും മെഡിക്കൽ, ബാങ്കിംഗ് മേഖലകളിലും അടിമത്ത സമാനമായ തൊഴിൽ ചൂഷണമാണ് സർക്കാർ ഒത്താശയോടെ നടന്നുവരുന്നത്.**

തൊഴിലാളി സൃഷ്ടിക്കുന്ന സമ്പത്തിന്റെ നിസ്സാരമായ ഒരു അംശം മാത്രമേ അവന് കൂലിയായി ലഭിക്കുന്നുള്ളൂ എന്നും ബാക്കി, മുതലാളിമാർ കൈയടക്കുന്നുവെന്നുമുള്ള ബോധ്യത്തിൽനിന്നാണ് തൊഴിലാളികളുടെ അവകാശപോരാട്ടങ്ങൾ ആരംഭിക്കുന്നത്. പക്ഷേ ബഹുഭൂരിപക്ഷം തൊഴിലാളികൾക്കും ഈ ബോധ്യമില്ല എന്നതാണ് വാസ്തവം. ഈ വിഷയത്തെ സംബന്ധിച്ച് മാർക്സിസമെന്ന തൊഴിലാളി വർഗ്ഗപ്രത്യയശാസ്ത്രത്തിന്റെഅടിസ്ഥാനത്തിൽകൃത്യമായ ധാരണ ഉണ്ടാവേണ്ടത് തൊഴിലാളിവർഗ്ഗത്തിന്റെ മോചന പോരാട്ടങ്ങൾക്ക് അനുപേക്ഷണീയമാണ്.

മനുഷ്യസമൂഹത്തിൽ, ദൈനംദിനജീവിതത്തിന്റെ അടിസ്ഥാനം ഉൽപാദനമാണ്. ഉൽപാദനത്തിന് വിഷയമാകുന്ന വസ്തുക്കളിന്മേൽ ഉൽപാദനോപകരണങ്ങൾ പ്രയോഗിച്ചുകൊണ്ട് അവയിൽ മനുഷ്യാധ്വാനം, അതായത് അധ്വാനശക്തി ചെലുത്തുമ്പോഴാണ് ഉൽപ്പന്നം അഥവാ സമ്പത്ത് സൃഷ്ടിക്കപ്പെടുന്നത്. അധ്വാനശക്തിയാണ് ഉൽപാദനത്തിന്റെ സക്രിയമായ ഘടകം. അധ്വാനശക്തിയെ മാറ്റിനിർത്തിക്കൊണ്ട് ഉൽപാദനം നടക്കില്ല. പുതിയതൊന്ന് സൃഷ്ടിക്കുവാനായി ഒരു മനുഷ്യനിലുള്ള കായികവും മാനസികവുമായ ശേഷിയെയാണ് അധ്വാനശക്തി എന്ന് പറ

(ശേഷം 2–ാം പേജിൽ)

## ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്

# ജനങ്ങളുടെ ശബ്ദം അമർച്ചചെയ്യാനുള്ള ഹീനപദ്ധതി

രാജ്യമൊട്ടാകെ 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' എന്ന പദ്ധതി നടപ്പിലാക്കാനുള്ള നീക്കത്തെ അപലപിച്ചുകൊണ്ട് എസ് യു സി ഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് താഴെപ്പറയുന്ന പ്രസ്താവന പുറപ്പെടുവിച്ചു: " തിരഞ്ഞെടുപ്പ് പ്രക്രിയയാകെ ഒരു പ്രഹസനമാക്കി മാറ്റിക്കൊണ്ട്, ഭരണ മുതലാളിവർഗ്ഗത്തെ സംരക്ഷിക്കാനും ജനങ്ങളുടെ ശബ്ദം അമർച്ച ചെയ്യാനുമുള്ള പദ്ധതിയാണിത്. രാജ്യത്ത് അല്പമെങ്കിലും ജനാധിപത്യം അവശേഷിക്കുന്നുണ്ടെങ്കിൽ അതിനെയും കൂടി കവർന്നെടുക്കുന്ന വിധത്തിലുള്ള തീർത്തും കേന്ദ്രീകൃതമായ ഈ തിരഞ്ഞെടുപ്പ് പ്രക്രിയ അങ്ങേയറ്റം വഞ്ചനാപരമാണ്. ഈ ഹീനപദ്ധതി ഉടനടി പിൻവലിക്കുവാൻ കേന്ദ്ര ബി ജെ പി സർക്കാരിനെ നിർബ്ബന്ധിതമാക്കുന്ന തരത്തിലുള്ള പ്രതിഷേധവുമായി തെരുവിലണിനിരക്കാൻ മുഴുവൻ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു." ■



## ഡൽഹിയിൽ കിസാൻ മഹാപഞ്ചായത്ത്



ആൾ ഇന്ത്യാ കിസാൻ ഖേത് മസ്ദൂർ സംഘടന(എഐകെകെഎംഎസ്)ന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിലെ തൽക്കത്തോറ സ്റ്റേഡിയത്തിൽ നടന്ന കിസാൻ മഹാ പഞ്ചായത്തിൽ അഖിലേന്ത്യാ പ്രസിഡന്റ് സത്യവാൻ പ്രസംഗിക്കുന്നു. കർഷകരുടെ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് രാജ്യവ്യാപകമായ പ്രക്ഷോഭത്തിന് കിസാൻ മഹാപഞ്ചായത്ത് രൂപംനൽകി. ലാലാ ലജ്പത് റായ് അനുസ്മരണദിനമായ നവംബർ 17ന് രാജ്യവ്യാപകമായി കർഷകർ ജില്ലാ ഭരണകേന്ദ്രങ്ങൾ ഉപരോധിക്കും. നവംബർ 26ന് സംയുക്ത കിസാൻ മോർച്ചയുമായി ചേർന്ന് പ്രതിഷേധ ദിനം ആചരിക്കും. 2025 ഫെബ്രുവരി മാസത്തിൽ രാജ്ഭവൻ മാർച്ചുകൾ സംഘടിപ്പിക്കും.

# വൈദ്യുതിചാർജ്ജ് ഇനിയും വർദ്ധിപ്പിക്കരുത്

സംസ്ഥാനത്ത് വീണ്ടുമൊരു വൈദ്യുതി ചാർജ്ജ് വർദ്ധനവ് അടിച്ചേൽപ്പിക്കാൻ തയ്യാറെടുക്കുകയാണ് സംസ്ഥാന വൈദ്യുതി ബോർഡ്. അതിനായി, വൈദ്യുതി റഗുലേറ്ററി കമ്മീഷനുമുമ്പാകെ ബോർഡ് പുതിയ താരിഫ് നിർദ്ദേശം സമർപ്പിച്ചിരിക്കുകയാണ്. വൈദ്യുതി ബോർഡിന് വന്നിട്ടുള്ള റവന്യൂ ഗ്യാപ്പ് പരിഹരിക്കുന്നതിനുവേണ്ടി യൂണിറ്റ് ഒന്നിന് 30 പൈസ മുതൽ എല്ലാ ഉപഭോക്താക്കളിലും പൊതുവായി വർദ്ധിപ്പിക്കാനും, സമ്മർ താരിഫ് ഇനത്തിൽ യൂണിറ്റിന് 10 പൈസ വെച്ച് അധികമായി ഈടാക്കുവാനും ഉദ്ദേശിക്കുന്നതായാണ് മനസ്സിലാകുന്നത്. ചാർജ്ജ് വർദ്ധിപ്പിക്കുന്നതിന്റെ മുന്നോടിയായി റെഗുലേറ്ററി കമ്മീഷൻ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ(പാലക്കാട്, എറണാകുളം, തിരുവനന്തപുരം) നടത്തിയ പൊതുഹിയറിംഗിൽ ജനങ്ങൾ വൻതോതിൽ പങ്കെടുത്ത് ചാർജ്ജ് വർദ്ധനവിനെതിരെ വലിയ പ്രതിഷേധമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എല്ലാ വിഭാഗത്തിൽ നിന്നുമുള്ള വൈദ്യുതി ഉപഭോക്താക്കൾ, സംസ്ഥാനത്ത് പുതിയൊരു വൈദ്യുതി ചാർജ്ജ് വർദ്ധനവ് അടിച്ചേൽപ്പിക്കരുതെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്.

ഇപ്പോൾതന്നെ, ദക്ഷിണേന്ത്യയിൽ സാപേക്ഷികമായി ഉയർന്ന താരിഫ് നിരക്കുള്ള സംസ്ഥാനമാണ് കേരളം. സൗത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഹൈഡ്രോ – ഇലക്ട്രിക് സ്റ്റേഷനുകൾ കേരളത്തിലാണുള്ളത്. കാര്യമായി മഴ ലഭിച്ചതിനാൽ ഡാമുകളിൽ കഴിഞ്ഞ വർഷത്തേക്കാൾ ജലശേഖരമുണ്ട്. അതുകൊണ്ടുതന്നെ കുറഞ്ഞ ചെലവിൽ പൂർണ്ണതോതിൽ വൈദ്യുതി ഉൽപ്പാദനം നടത്താൻ കഴിയും. ബോർഡിൽനിന്നും എണ്ണായിരത്തിലധികം ജീവനക്കാർ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ റിട്ടയർ ചെയ്തിട്ടുണ്ട്. പകരം ജീവനക്കാരെ നിയമിച്ചിട്ടില്ല. അതുവഴി ശമ്പള ച്ചെലവ് ഗണ്യമായി കുറയുകയും ചെയ്തിട്ടുണ്ട്.

പൊതുമേഖല സ്ഥാപനങ്ങളിൽനിന്നും സ്വകാര്യ കമ്പനികളിൽനിന്നും കിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുത്താൽ തന്നെ ബോർഡിന്റെ ഈ പറയപ്പെടുന്ന റവന്യൂ കമ്മി കുറയ്ക്കാൻ കഴിയും. തമിഴ്നാട്ടിൽ 200 യൂണിറ്റുവരെയുള്ള ഉപഭോക്താക്കൾക്ക് എനർജി ചാർജ്ജിന്റെ പകുതിവരെ സബ്സിഡി നൽകുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തും സാധാരണ ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്ക് ഉയർത്തികൊണ്ട് ചാർജ്ജ് വർദ്ധനവ് ഒഴിവാക്കണം. വൈദ്യുതി ബോർഡ് ഒരു പൊതുമേഖല സ്ഥാപനമായതുകൊണ്ട് ജനങ്ങളോട് തീർത്തും ബാദ്ധ്യതപ്പെട്ടിരിക്കുന്നു. പൊതുജനങ്ങളുടെ നികുതിപ്പണം കൊണ്ടും, പൊതുവിഭവങ്ങൾ കൊണ്ടുമാണ് വൈദ്യുതി മേഖലയുടെ ഇൻഫ്രാസ്ട്രക്ച്ചർ പടുത്തുയർത്തിയിരിക്കുന്നത്. അത് കേവലം ലാഭാധിഷ്ഠിതമായി പ്രവർത്തിക്കുന്ന സ്ഥാപനമായി കാണാൻ കഴിയില്ല. കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭിക്കുകയെന്നത് ജനങ്ങളുടെ അവകാശമാണ്. ഇപ്പോൾ തന്നെ പല വിധത്തിലും ദുരിതമനുഭവിക്കുന്ന ജനങ്ങളുടെ മേൽ ചാർജ്ജ് വർദ്ധനവിലൂടെ പുതിയൊരു സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുന്നതിനെ നീതീകരിക്കാനാവില്ല. ബോർഡിനും, ഉപഭോക്താക്കൾക്കും അനാവശ്യമായ സാമ്പത്തിക ബാദ്ധ്യത വരുത്തിവെയ്ക്കുന്ന സ്മാർട്ട് മീറ്റർ പദ്ധതി വേണ്ടെന്നു വെയ്ക്കണം. കാരണം, ഇപ്പോൾ സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രോണിക് മീറ്ററുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവയാണ്. ജനങ്ങളുടെ ന്യായമായ പ്രതിഷേധത്തെ മാനിച്ചു കൊണ്ട് പുതിയ താരിഫ് വർദ്ധനവിൽ നിന്നും സർക്കാരും, വൈദ്യുതിബോർഡും പിൻമാറണം. ■

# മിനിമംവേതനം നൽകാനാകാത്തവർക്ക് സ്ഥാപനം നടത്താൻ അവകാശമില്ല – സുപ്രീം കോടതി

(1–ാം പേജിൽ നിന്ന്)

യുന്നത്. മുതലാളിത്ത വ്യവസ്ഥയിൽ സ്വന്തം അധ്വാനശക്തി വിറ്റ് അതിന് ലഭിക്കുന്ന കൂലികൊണ്ടാണ് തൊഴിലാളി ജീവസന്ധാരണം നടത്തുന്നത്.

മുതലാളിത്ത ഉൽപാദന സമ്പ്രദായത്തിൽ ഏതൊരു ചരക്കിനെയും പോലെ അധ്വാനശക്തിയും ഒരു ചരക്കാണ്. അതിന് ഒരു മൂല്യമുണ്ട്. അധ്വാന ശക്തിയുടെ മൂല്യം പണത്തിന്റെ അളവിലാക്കുന്നതാണ് അധ്വാനശക്തിയുടെ വില അഥവാ കൂലി. പക്ഷേ അധ്വാനശക്തിയുടെ വില മറ്റേതൊരു ചരക്കിന്റെയും വില പോലെയല്ല നൽകപ്പെടുന്നത്. ഒരു ചരക്കുല്പാദകൻ ഉൽപ്പന്നം കമ്പോളത്തിൽ വിറ്റഴിക്കുമ്പോൾ അയാൾക്ക് കിട്ടുന്നത് ചരക്കിന്റെ മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെട്ട വിലയാണ്. പക്ഷേ, ഒരു തൊഴിലാളി തന്റെ അധ്വാനശക്തി ഒരു ദിവസത്തേക്ക് മുതലാളിക്ക് വിൽക്കുകയും നിശ്ചിത പണം കൂലി എന്ന നിലയിൽ നേടുകയും ചെയ്യുമ്പോൾ അധ്വാനശക്തി ചെലുത്തി നടത്തുന്ന അധ്വാനംവഴിപുതുതായിസൃഷ്ടിക്കപ്പെടുന്ന മൂല്യം തൊഴിലാളിക്ക് ലഭിക്കുന്നില്ല.

ഉൽപാദനത്തിനായി ചെലവഴിച്ച അധ്വാനശക്തി നിലനിർത്താനും അടുത്തദിവസം അധ്വാനിക്കുന്നതിനുള്ള ശേഷി വീണ്ടെടുക്കാനും വേണ്ടിവരുന്ന, ഭക്ഷണം അടക്കമുള്ള ഉപഭോഗ വസ്തുക്കളുടെ വിലയും ആരോഗ്യ സംരക്ഷണത്തിനും രോഗ ചികിത്സക്കും അടുത്ത തലമുറ തൊഴിലാളികളെ, അതായത് കുട്ടികളെ വാർത്തെടുക്കുന്നതിനും കുടുംബം നടത്തിക്കൊണ്ടുപോകാനുമുള്ള ചിലവാണ് അധ്വാനശക്തിയുടെ വില. പക്ഷേ, തൊഴിലാളി അധ്വാനശക്തി വിനിയോഗിക്കുന്നതിലൂടെ ഈ വിലയേക്കാൾ അധികം ഉൽപ്പന്ന മൂല്യം സൃഷ്ടിക്കുന്നുണ്ട്. ആ മിച്ചമൂല്യം, സൃഷ്ടിക്കുന്നവന് (തൊഴിലാളിക്ക്) നൽകാതെ അത് ഉൽപാദന ഉപാധികളുടെ ഉടമസ്ഥാവകാശം കൈക്കലാക്കിയിരിക്കുന്ന മുതലാളിയാണ് പിടിച്ചെടുക്കുന്നത്. അതിനെയാണ് മുതലാളിത്ത ചൂഷണം എന്ന് വിളിക്കുന്നത്.

ഒരു തൊഴിലാളിക്ക് നാലുമണിക്കൂർ കൊണ്ട് അധ്വാനശക്തിയുടെ വില നൽകാനുള്ള തുകയ്ക്ക് (അത് 1000 രൂപ എന്നിരിക്കട്ടെ) തുല്യമായ മൂല്യം സൃഷ്ടിക്കാനാവും എന്ന് കരുതുക. മുതലാളി തൊഴിലാളിയെ പണിക്കെടുത്തിരിക്കുന്നത് എട്ടുമണിക്കൂറിനാണ് എന്നതിനാൽ ബാക്കി വരുന്ന നാലുമണിക്കൂർ കൊണ്ട് മറ്റൊരു ആയിരം രൂപയ്ക്കുള്ള മൂല്യംകൂടെ തൊഴിലാളിക്ക് സൃഷ്ടിക്കാനാവും. എങ്കിലും ആയിരം രൂപ മാത്രമാണ് കൂലിയായി തൊഴിലാളിക്ക് നൽകുന്നത്. ഈ കൂലി, എട്ടുമണിക്കൂർ അധ്വാനത്തിന് ആകെ നൽകുന്ന കൂലി എന്ന വ്യാജമായ ഒരു പ്രതീതി സൃഷ്ടിക്കുകയാണിവിടെ. പക്ഷേ യഥാർത്ഥത്തിൽ ഭാഗികമായ സമയത്തേക്ക് മാത്രമേ കൂലി നൽകപ്പെടുന്നുള്ളൂ. തൊഴിലാളിക്ക് നൽകപ്പെടാത്ത കൂലി മുതലാളി കൈവശപ്പെടുത്തുന്നു. അതാണ് മൂലധനമായി മാറുന്നത്. മുതലാളിത്ത സമ്പദ് വ്യവസ്ഥയിൽ ഈ ചൂഷണം മറച്ചുവയ്ക്കപ്പെട്ട ചൂഷണമാണ്.

തൊഴിലാളിക്ക് നൽകുന്ന കൂലിയും മുതലാളിയുടെ ലാഭവും തമ്മിലുള്ള അന്തരം കൂട്ടിക്കൊണ്ടേയിരിക്കുക എന്നത് മുതലാളിത്തത്തിന്റെ സഹജ നിയമമാണ്. അതിനായി കൂലി പരമാവധി കുറയ്ക്കുകയെന്നത് മാത്രമല്ല, നൽകുന്ന കൂലിക്ക് പരമാവധി പണിയെടുപ്പിച്ച് ഉൽപാദനക്ഷമത കൂട്ടി ഉല്പാദനം വർദ്ധിപ്പിക്കാൻ ഏതു വിധ തന്ത്രങ്ങളും മാർഗങ്ങളും മുതലാളിമാർ സ്വീകരിക്കും; അത് മനുഷ്യത്വവിരുദ്ധമാണെങ്കിൽ പോലും. അതിരില്ലാത്ത വിധം ജോലി സമയം കൂട്ടുകയും പ്രതിദിനം ചെയ്തു തീർക്കേണ്ടുന്ന ജോലിഭാരം കൂട്ടുകയും ചെയ്യുമ്പോൾ സംഭവിക്കുന്നത് കൂലി കുറയ്ക്കൽ തന്നെയാണ്.

## കൂലിയും യഥാർത്ഥ വേതനവും

മുതലാളിത്തത്തിന്റെ ആദ്യനാളുകളിൽ പണമായല്ലാതെ കൂലി നൽകുന്ന ഏർപ്പാട് വ്യാപകമായിരുന്നു. കിടപ്പാടവും കുറച്ച് ഭക്ഷണവും നാമമാത്രമായ പണവും നൽകുമായിരുന്നു. പണമായി കൂലി നൽകിത്തുടങ്ങിയത് മുതലാളിത്തത്തിന്റെ അൽപം കൂടെ വികസിതമായ കാലത്തായിരുന്നു. പണമായി നൽകുന്ന കൂലിയും യഥാർത്ഥ വേതനവും(real wage)വ്യത്യസ്തമാണ്. തന്റെ അധ്വാനശക്തി മുതലാളിക്ക് വിൽക്കുമ്പോൾ പണമായി ലഭിക്കുന്ന കൂലി കുറയാതെ നിന്നാൽപോലും നികുതി വർദ്ധിക്കുകയോ ഉപഭോഗ വസ്തുക്കളുടെ വില വർധിക്കുകയോ ചെയ്യുമെങ്കിൽ ഫലത്തിൽ ആ കൂലിയിൽ കുറവ് വരികയാണ് ചെയ്യുന്നത്.

തൊഴിലാളിക്ക് ലഭിക്കുന്ന കൂലി കൊണ്ട് എത്ര അളവിൽ, ഏതൊക്കെ ഉപഭോഗ വസ്തുക്കളും സേവനങ്ങളും വാങ്ങാനാവും എന്നതാണ് യഥാർത്ഥ വേതനം കൊണ്ട് അർത്ഥമാക്കുന്നത്. ഒരു നിശ്ചിതകാലത്തെ പണമായുള്ള കൂലിയും സാധനവിലകളും വീട്ടുവാടകയും നികുതി ഭാരവും ആ തൊഴിലാളിയുടെ സംരക്ഷണത്തിലുള്ള കുടുംബാംഗങ്ങളുടെ ചെലവിനങ്ങളിലെ വ്യത്യാസവും തൊഴിലില്ലായ്മയോ മറ്റോ മൂലമുണ്ടാകുന്ന അവരുടെ വരുമാന വ്യത്യാസവുമെല്ലാം കണക്കിലെടുത്താണ് യഥാർത്ഥ വേതനം കണക്കാക്കുന്നത്. ഈ മാനദണ്ഡം വച്ചാണ് വിവിധ കാലങ്ങളിൽ യഥാർത്ഥ വേതനത്തിലുള്ള വ്യത്യാസം കണക്കാക്കുന്നത്. മുതലാളിത്ത സമ്പദ്‌വ്യവസ്ഥയിൽ യഥാർത്ഥ വേതനം കുറഞ്ഞു കൊണ്ടേയിരിക്കും എന്നാണ് കണ്ടുവരുന്നത്. ഐഎൽഒയും ഇൻസ്റ്റിറ്റ്യൂട്ട് ഫോർഹ്യൂമൻ ഡെവലപ്മെന്റും നടത്തിയ പഠനത്തിൽ 2012 നും 2022നും ഇടയിൽ ഇന്ത്യയിലെ സ്ഥിരതൊഴിലാളികളുടെ യഥാർത്ഥ വേതനത്തിൽ 10 ശതമാനവും അസ്ഥിര തൊഴിലാളികളുടെ വേതനത്തിൽ 20 ശതമാനവും കുറവുണ്ടായി എന്ന് വ്യക്തമാക്കുന്നു. പ്രതിവർഷം ആറു മുതൽ ഏഴുശതമാനം വരെ വളരുന്ന സമ്പദ്‌വ്യവസ്ഥ എന്ന് അവകാശപ്പെടുന്ന ഒരു രാജ്യമാണിത് എന്നോർക്കണം. 10 വർഷം കൊണ്ട് 60 -70 ശതമാനം സമ്പത്ത് തൊഴിലാളികൾ അധികമായി വർദ്ധിപ്പിച്ചപ്പോൾ തൊഴിലാളികളുടെ കൂലി 10–20% കുറയുകയാണുണ്ടായത്. അസമത്വത്തിന്റെയും ചൂഷണത്തിന്റെയും വർദ്ധിക്കുന്ന തോത് ഈ കണക്കിൽനിന്നും മനസ്സിലാവും." കൂലിയുടെ ശരാശരി നിലവാരം കൂട്ടുകയല്ല, മറിച്ച് കുറയുക എന്നതാണ് മുതലാളിത്ത ഉൽപാദനത്തിന്റെ പൊതുപ്രവണത" (മാർക്സ്–'കൂലി, വില, ലാഭം' എന്ന കൃതിയിൽ നിന്ന്) മാർക്സിന്റെ വിശകലനം മുതലാളിത്തം നിലനിൽക്കുവോളം ശരിയെന്നാണ് മേൽപ്പറഞ്ഞ കണക്കുകൾ വെളിപ്പെടുത്തുന്നത്.

**ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങളിൽപെടുന്ന ആർട്ടിക്കിൾ 43ൽ പറയുന്നത് തൊഴിലാളികൾക്ക് അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കാൻ പറ്റുന്ന വിധം നീതിയുക്തമായ കൂലി (ഫെയർ വേജ്) നൽകണമെന്നാണ്. ഫെയർവേജ് എന്നാൽ ശാരീരികമായി നിലനിൽക്കാൻ വേണ്ടിയുള്ളതുമാത്രമല്ല, ആരോഗ്യത്തോടെയും അന്തസ്സോടെയുമുള്ള ജീവിതത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും അനാരോഗ്യത്തിനെതിരെയുള്ള സംരക്ഷണത്തിനും അപകടമോ, അവിചാരിതമായ ദുരിതങ്ങളോ സംഭവിക്കുകയാണെങ്കിൽ അതിനെതിരെയുള്ള പരിരക്ഷയ്ക്കും ആവശ്യമായ പണം എന്നാണർത്ഥം.**

## മിനിമം കൂലി

ഇന്ത്യൻ ഭരണഘടനയിലെ നിർദ്ദേശക തത്വങ്ങളിൽപെടുന്ന ആർട്ടിക്കിൾ 43ൽ പറയുന്നത്, തൊഴിലാളികൾക്ക് അവരുടെ അടിസ്ഥാന ആവശ്യങ്ങൾ നിർവഹിക്കാൻ പറ്റുന്ന വിധം നീതിയുക്തമായ കൂലി (ഫെയർവേജ്) നൽകണമെന്നാണ്. ഫെയർവേജ് എന്നാൽ ശാരീരികമായി നിലനിൽക്കാൻ വേണ്ടിയുള്ളതുമാത്രമല്ല, ആരോഗ്യത്തോടെയും അന്തസ്സോടെയുമുള്ള ജീവിതത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും അനാരോഗ്യത്തിന് എതിരെയുള്ള സംരക്ഷണത്തിനും അപകടമോ അവിചാരിതമായ ദുരിതങ്ങളോ സംഭവിക്കുകയാണെങ്കിൽ അതിനെതിരെയുള്ള പരിരക്ഷയ്ക്കും ആവശ്യമായ പണം എന്നാണർത്ഥം. ഭരണഘടനാദത്തമായ ഈ മാനദണ്ഡം ഇന്ത്യയിൽ ഒരു മേഖലയിലും ബാധകമാകുന്നില്ല. എന്നുമാത്രമല്ല ഒരു തൊഴിലാളിക്ക് മനുഷ്യോചിതമായ ജീവിതത്തിന് ആവശ്യമായ മിനിമം കൂലി പോലും ബഹുഭൂരിപക്ഷം തൊഴിലാളികൾക്കും നൽകുന്നില്ല.

1957ൽ നടന്ന, ഔദ്യോഗിക ത്രികക്ഷി യോഗമായ പതിനഞ്ചാം ഇന്ത്യൻ ലേബർ കോൺഗ്രസ് ആണ് ആദ്യമായി ഇന്ത്യയിൽ ആവശ്യാധിഷ്ഠിത മിനിമം കൂലിയെ സംബന്ധിച്ചുള്ള തത്വങ്ങൾ ആവിഷ്കരിച്ചത്. ഡോ.അയ്ക്രോയ്ഡ് ഫോർമുല അനുസരിച്ച് ഒരു തൊഴിലാളിയുടെ കുടുംബത്തിന് ആരോഗ്യം നിലനിർത്താൻ ആവശ്യമായ 2400 മുതൽ 3200 വരെ കലോറി ഊർജ്ജത്തിനുവേണ്ടിയുള്ള ഭക്ഷണം, നിശ്ചിത അളവിലുള്ള വസ്ത്രം, യാത്ര, വൈദ്യുതി, വിദ്യാഭ്യാസം, വീട്ടുവാടക, രോഗപരിചരണം തുടങ്ങിയവയാണ് മിനിമം കൂലിക്ക് കണക്കിലെടുക്കുന്നത്. പതിനഞ്ചാം ഇന്ത്യൻ ലേബർ കോൺഗ്രസ് മൂന്ന് യൂണിറ്റുകളായാണ് കുടുംബത്തെ കണക്കാക്കിയത്. (ദമ്പതികളും രണ്ടു കുട്ടികളും) പക്ഷേ, ഇന്ത്യൻ സാഹചര്യത്തിൽ അത് കുടുംബത്തിലെ പ്രായമായവർ അടക്കം 5 യൂണിറ്റ് ആയാണ് യഥാർത്ഥത്തിൽ കണക്കാക്കേണ്ടത്. മൂന്നുപേർ അടങ്ങിയ കുടുംബയൂണിറ്റായി കണക്കാക്കുകയാണെങ്കിൽതന്നെ, ഇന്ത്യയിലെ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി മിനിമം 2024ലെ വിലനിലവാരം അനുസരിച്ച് 39000 രൂപ ആയിരിക്കണം. ഭരണഘടനാദത്തമായ ഫെയർ വേജ് ആണെങ്കിൽ അത് 53050 രൂപ ആയിരിക്കണം. പക്ഷേ ഇന്ത്യ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന മിനിമം വേതനം മേൽപ്പറഞ്ഞതിന്റെ മൂന്നിലൊന്ന് മാത്രമേ വരൂ. അൺസ്കിൽഡ് തൊഴിലാളിക്ക് പ്രതിമാസം 15000 രൂപ (പ്രതിദിനം 500), സെമി സ്കിൽഡ് തൊഴിലാളിക്ക് 16380 രൂപ (പ്രതിദിനം 546), സ്കിൽഡ് തൊഴിലാളിക്ക് 1790 രൂപ (പ്രതിദിനം 593). 8 മണിക്കൂർ പ്രവൃത്തിസമയത്തിനാണ് ഈ കൂലി നിശ്ചയിക്കുന്നതെങ്കിലും ഓവർടൈം അലവൻസൊന്നും നൽകാതെ ജോലി സമയം 12 മണിക്കൂർവരെ നീട്ടിയെടുക്കുമ്പോൾ സംഭവിക്കുന്നത് മണിക്കൂർ നിരക്കിൽ വീണ്ടും കൂലി കുറയുക എന്നതാണ്. ആശാ പ്രവർത്തകർ അടക്കമുള്ള പൂർണ സമയത്തൊഴിലാളികളായ, ഒരു കോടിയോളം വരുന്ന സ്കീം വർക്കേഴ്സിന് സർക്കാർ നൽകുന്നത് 6000 രൂപയിൽ താഴെയാണ്. ഏറ്റവും ഉയർന്ന സ്കില്ലും ജാഗ്രതയും വേണ്ടിവരുന്ന ബസ് ഡ്രൈവർമാർക്ക് കേരള സർക്കാർ കമ്പനിയിൽ നൽകുന്നത് 715 രൂപയാണ്. അവരെ 12 മണിക്കൂർ പണിയെടുപ്പിക്കുകയും ചെയ്യുന്നു. സർക്കാർതന്നെ ഇത്തരത്തിൽ പരിതാപകരമായ ശമ്പളം നൽകുമ്പോൾ സ്വകാര്യ മുതലാളിമാർ എത്രയോ തുച്ഛമായ ശമ്പളമാണ് നൽകുന്നത്. ഐടി മേഖലയിലും സ്വകാര്യ ആശുപത്രികളിലും ബാങ്കുകളിലും ഷോപ്പുകളിലും പണിയെടുക്കുന്നവരെ മരണത്തിലേക്കും ആത്മഹത്യയിലേക്കും തള്ളി വിടുന്ന മനുഷ്യത്വഹീനമായ ചൂഷണമാണ് നടത്തുന്നത്. എംബിബിഎസ്, ബിടെക് പോലുള്ള പ്രൊഫഷണൽ യോഗ്യതയുള്ളവർപോലും 15000 രൂപയിൽ താഴെ കൂലിക്ക് പണി ചെയ്യുന്നു എന്നത് യാഥാർത്ഥ്യമാണ്. സർക്കാർ നിശ്ചയിച്ച പരിതാപകരമായ മിനിമംകൂലി നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനുള്ള തൊഴിൽ വകുപ്പിന്റെ ഇൻസ്പെക്ഷനുകൾ 'ഈസ് ഓഫ് ഡൂയിങ് ബിസിനസി'ന്റെ

**അപ്രന്റീസ്ഷിപ്പ്, ഇന്റേൺഷിപ്പ്, തൊഴിൽ പരിശീലനം, പഠനത്തോടൊപ്പം തൊഴിൽ, എന്നൊക്കെയുള്ള പേരിൽ കൂലി നൽകാതെയോ പ്രതിഫലമായി പിച്ചക്കാശുമാത്രം നൽകിയോ യുവാക്കളെ ഹ്രസ്വകാലത്തേക്ക് നിയോഗിച്ചുകൊണ്ട് നിഷ്ഠുരമായി ചൂഷണം ചെയ്യുന്ന പ്രവണത ഇന്ന് വ്യാപകമാണ്. അത്രകണ്ട് മുഴുവൻ കൂലി നൽകേണ്ടുന്ന സ്ഥിരം തൊഴിലാളികളെ ഒഴിവാക്കാനുമാകും. കലാശാലകളിൽനിന്ന് വലിയൊരു സംഖ്യ പുതിയ തൊഴിലാളികളെ കൂലി നൽകാതെ സ്ഥിരമായി വർഷാവർഷം കിട്ടുന്നതിനാണ് വിദ്യാഭ്യാസ സമ്പ്രദായത്തിൽ സ്കിൽ അധിഷ്ഠിത വിദ്യാഭ്യാസം എന്നപേരിൽ പരിവർത്തനങ്ങൾ വരുത്തുന്നത്.**

(ശേഷം 3–ാം പേജിൽ)

# കൂലിവർദ്ധനവിനുവേണ്ടിയുള്ള സമരം തൊഴിലാളിവർഗ്ഗത്തിന്റെ ആത്യന്തിക മോചനത്തിനായുള്ള സമരവുമായി കണ്ണിചേർക്കപ്പെടണം.

(2-ാം പേജിൽ നിന്ന്)

പേരിൽ മരവിപ്പിച്ചു നിർത്തിയിരിക്കുകയാണ്. ഇന്ത്യയിലെ 42 കോടിയോളം വരുന്ന കുടിയേറ്റ തൊഴിലാളികളെ അടിമ സമാനമുള്ള തൊഴിൽ ചൂഷണത്തിനാണ് വിധേയമാക്കുന്നത്. യാതൊരു തൊഴിൽ നിയമങ്ങളും ബാധകമാക്കാതെ അവർക്ക് മനുഷ്യോചിതമായ ജീവിതത്തിനു വേണ്ടി വരുന്ന കൂലിപോലും നൽകപ്പെടുന്നില്ല. എന്നുമാത്രമല്ല, നൽകുന്ന കൂലി യിൽനിന്നുതന്നെ വലിയൊരു വിഹിതം ഇടനിലക്കാരായ ലേബർ കോൺട്രാക്ടർമാർ തട്ടിയെടുക്കുന്നു. ഇതേ സാഹചര്യം തന്നെയാണ് കരാർ, ദിവസവേതന തൊഴിലാളികളും നേരിടുന്നത്.

## മിനിമം വേതനം നൽകാനാവാത്തവർക്ക് സ്ഥാപനം നടത്താൻ അവകാശമില്ല – സുപ്രീം കോടതി

ഇനി, മിനിമം വേതനത്തിന്റെ കാര്യത്തിൽ രാജ്യത്തെ നിയമമായിത്തന്നെ കണക്കാക്കാവുന്ന സുപ്രീംകോടതി വിധികൾ പരിശോധിക്കുക. Workman versus Management of Reptkos Brett & Company Limited (Writ Petition no. 16680/1990) എന്ന കേസിലെ 30.10.1991 ലെ വിധിയിൽ സുപ്രീംകോടതി പറയുന്നത്, മിനിമം വേജ് നൽകാൻ ശേഷിയില്ലാത്ത ഒരു സ്ഥാപനത്തിന് തൊഴിലാളികളെ പണിക്ക് നിയോഗിക്കാനോ ഒരു സ്ഥാപനം നടത്തിക്കൊണ്ടു പോകാനോ യാതൊരു അവകാശവുമില്ല എന്നാണ്. പക്ഷേ, തൊഴിലാളികൾക്ക് ന്യായമായ കൂലി നൽകുന്ന കാര്യത്തിൽ ഇന്ത്യ ഗവൺമെന്റ് ഭരണഘടനാതത്വങ്ങളോ സുപ്രീംകോടതി വിധിയോ പാലിക്കാൻ തയ്യാറല്ല എന്നാണ് അവരുടെ നടപടികൾ വ്യക്തമാക്കുന്നത്. മനുഷ്യോചിതമായ മിനിമംകൂലി നിയമപ്രകാരം ഉറപ്പാക്കുകയും, കർക്കശമായി നടപ്പിലാക്കിക്കൊണ്ട് എല്ലാ മുതലാളിമാരെയും അത് പാലിക്കാൻ നിർബന്ധിതരാക്കുകയും ചെയ്തിരുന്നെങ്കിൽ, കൂലി കുറയ്ക്കാനായി മുതലാളിമാർ തമ്മിൽ നടത്തുന്ന കിടമത്സരത്തിന് അതിരു നിശ്ചയിക്കപ്പെട്ടേനെ. പക്ഷേ, മൂലധനതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിയുക്തരാണ് മുതലാളിത്ത ഭരണകൂടം എന്നതിനാൽ, നിയമങ്ങൾ സൃഷ്ടിക്കപ്പെട്ടാൽപോലും അത് തൊഴിലാളികൾക്ക് അനുകൂലമായി നടപ്പിലാകില്ല എന്നതാണ് സാഹചര്യം.

**തൊഴിലാളികൾ ഒരു വർഗ്ഗമെന്നനിലയിൽ രൂപംകൊണ്ടുവരവേതന്നെ സാമ്പത്തിക സമരങ്ങൾ വിജയകരമായി നയിക്കാനായി ട്രേഡ് യൂണിയനുകൾ രൂപംകൊള്ളാൻ തുടങ്ങി. ഇതിന്റെ ഫലമായി മുതലാളിക്ക് നേരിടേണ്ടിവന്നത് ഒറ്റയ്ക്കുള്ള ഒരു തൊഴിലാളിയെ അല്ല, സംഘടനയിൽ ഐക്യപ്പെട്ട തൊഴിലാളികളുടെ സംഘബലത്തെ ആകെയാണ്. വർഗ്ഗസമരം വികസിച്ചതോടെ ഫാക്ടറിതലത്തിലും പ്രാദേശിക തലത്തിലും ദേശീയതലത്തിലും മാത്രമല്ല സാർവദേശീയതലത്തിലും തൊഴിലാളി സംഘടനകൾ രൂപംകൊണ്ടു. തൊഴിലാളികളുടെ വിപുലമായ അണികൾക്ക് വർഗ്ഗ സമരത്തിന്റെ പാഠശാലകളായി ട്രേഡ് യൂണിയനുകൾ മാറി.**

ഇന്ന്, ലോകരാഷ്ട്രങ്ങളിൽ ഏറ്റവും കുറഞ്ഞ നിരക്കിൽ കൂലി നൽകുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. പിച്ചക്കാശിന് ദീർഘമായ തൊഴിൽ സമയത്തേക്ക് വിദഗ്ധ തൊഴിലാളികളെ അടിമകളെപ്പോലെ പണിക്കു കിട്ടും എന്നുവന്നപ്പോൾ ലോകമെമ്പാടുമുള്ള മുതലാളിത്തക്കഴുകന്മാർ സാങ്കേതിക മേഖലകളിൽ ഇന്ത്യയിലേക്ക് പുറം കരാർ നൽകുകയാണ്. സ്വന്തം തൊഴിലാളി ജനതയെ സ്വദേശ-വിദേശ മൂലധന ശക്തികളുടെ മൃഗീയചൂഷണത്തിന് എറിഞ്ഞു കൊടുക്കുകയാണ് സർക്കാർ.

## തൊഴിലില്ലായ്മയും കൂലി ചൂഷണവും

തൊഴിലാളിയുടെ അധ്വാനശക്തിയുടെ മൂല്യത്തെക്കാൾ കൂലി കുറഞ്ഞു കൊണ്ടേയിരിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് മുഖ്യകാരണം തൊഴിലില്ലായ്മയാണ്. എത്രയും കുറച്ച് കൂലി നൽകി തൊഴിലാളിയുടെ അധ്വാനശക്തി വാങ്ങാനാണ് മുതലാളി ശ്രമിക്കുന്നത്. തൊഴിലില്ലായ്മ വർദ്ധിക്കുന്നതിനനുസരിച്ച് അധ്വാനത്തിനുള്ള ഡിമാൻഡിനേക്കാൾ കൂടുതൽ അതിന്റെ സപ്ലൈ വർദ്ധിക്കുന്നു. മറ്റുള്ള ചരക്കുകളുടെ വിൽപ്പന നീട്ടിവയ്ക്കാം. പക്ഷേ, തൊഴിലാളിക്ക് അവന്റെ അധ്വാനശക്തിയുടെ വിൽപ്പന നീട്ടിവയ്ക്കാനാവില്ല. പട്ടിണി കിടന്നു മരിക്കാതിരിക്കണമെങ്കിൽ മുതലാളി വച്ചുനീട്ടുന്ന ഏതൊരു വ്യവസ്ഥയ്ക്കും വിധേയപ്പെട്ട് സ്വന്തം അധ്വാനശക്തി വിൽക്കാൻ നിർബന്ധിതനാകുന്നു. തൊഴിലില്ലായ്മ കൂടുമ്പോൾ, തൊഴിലാളികൾ തമ്മിൽ തൊഴിലിനായുള്ള മത്സരം രൂക്ഷമാവുകയും ചെയ്യുന്നു. ഈ സാഹചര്യം മുതലെടുത്ത് മുതലാളി തൊഴിലാളിക്ക് നൽകുന്ന കൂലി അധികമധികം കുറയ്ക്കുന്നു. അങ്ങനെ, തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗമായ തൊഴിലില്ലാത്തവരുടെ സ്ഥിതിയും തൊഴിലുള്ളവരുടെ കൂലി കുറയ്ക്കുന്നതിനുള്ള ഉപാധിയായി മുതലാളി ഉപയോഗിക്കുന്നു.

## തുച്ഛമായ കൂലി നൽകിയുള്ള ചൂഷണമേഖലകളും കൂലിക്കൊള്ളയും

അപ്രന്റീസ്ഷിപ്പ്, ഇന്റേൺഷിപ്പ്, തൊഴിൽ പരിശീലനം, പഠനത്തോടൊപ്പം തൊഴിൽ എന്നൊക്കെയുള്ള പേരിൽ കൂലി നൽകാതെയോ പ്രതിഫലമായി പിച്ചക്കാശുമാത്രം നൽകിയോ യുവാക്കളെ ഹ്രസ്വകാലത്തേക്ക് നിയോഗിച്ച് പുറന്തള്ളിക്കൊണ്ട് നിഷ്ഠുരമായി ചൂഷണം ചെയ്യുന്നതും നമ്മൾ കാണുന്നു. അതുകൊണ്ട് മുഴുവൻ കൂലി നൽകേണ്ടുന്ന സ്ഥിരം തൊഴിലാളികളെ ഒഴിവാക്കാനുമാകും. കലാശാലകളിൽനിന്ന് വലിയൊരു സംഖ്യ പുതിയ തൊഴിലാളികളെ കൂലി നൽകാതെ സ്ഥിരമായി വർഷാവർഷം കിട്ടുന്നതിനായി വിദ്യാഭ്യാസ സമ്പ്രദായത്തിൽ 'സ്കിൽ അധിഷ്ഠിത വിദ്യാഭ്യാസം' എന്നപേരിൽ പരിവർത്തനങ്ങൾ വരുത്തുകയാണ്. മുതലാളിത്ത ചൂഷണത്തിന്റെ കിരാതമായ ഒരു മേഖലയാണ് അടിമപ്പണി. ആയിരത്തിൽ 3.5 പേർ അടിമപ്പണിയിൽ ഏർപ്പെടുന്നുവെന്ന് ഐഎൽഒ നടത്തിയ ഒരു പഠനം വ്യക്തമാക്കുന്നു. അടിമപ്പണിയിലൂടെയുള്ള ലാഭം കഴിഞ്ഞ 10 വർഷംകൊണ്ട് 37 ശതമാനം വർധിച്ചുവന്നും പഠനം പറയുന്നു. ചെയ്ത ജോലിക്കുള്ള കൂലി തടഞ്ഞുവെച്ചും നീട്ടിവെച്ചും നൽകാതെയുമുള്ള കൂലിക്കൊള്ളയും നമ്മൾ കാണുന്നു. കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും കെഎസ്ആർടിസി തൊഴിലാളികളുടെയും ഉദാഹരണം നമ്മുടെ മുമ്പിലുണ്ട്.

**നിലവിലുള്ളതിലും താഴ്ന്ന നിലയിലേക്ക് കൂലി താഴ്ത്തിക്കൊണ്ടുവരാനാണ് മുതലാളിയുടെ നിതാന്ത പരിശ്രമം. തൊഴിലാളിവർഗ്ഗമാകട്ടെ കൂലി കുറയ്ക്കുന്നതിനെതിരെയും കൂലി കൂട്ടാനും മിനിമം കൂലി ഉറപ്പാക്കാനും സാമൂഹ്യ സുരക്ഷാനടപടികൾക്കും ജോലി സമയം കുറയ്ക്കാനുമായി പോരാടുന്നു. ഈ സമരത്തിൽ മുതലാളി വർഗ്ഗം ആകെയും മുതലാളിവർഗ്ഗ ഭരണകൂടവും തൊഴിലാളി വർഗ്ഗത്തിനെതിരെ അണിനിരക്കുന്നു.**

മുമ്പ്, കുടുംബനാഥന് കിട്ടിയിരുന്ന കൂലി കൊണ്ട് കുടുംബത്തിന്റെയാകെ ചെലവിനുള്ള വക കണ്ടെത്താനാവുമായിരുന്നുവെങ്കിൽ, യഥാർത്ഥ കൂലി കുറയുകയും ചിലവ് കൂടുകയും ചെയ്തതോടെ കുടുംബമൊന്നാകെ തൊഴിലിനിറങ്ങേണ്ട സാഹചര്യവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതുവഴി, സ്ത്രീത്തൊ ഴിലാളികൾക്കും ബാലവേലയ്ക്കും കൂലി കുറച്ചു നൽകി മുതലാളിക്ക് കൂടുതൽ പണിയെടുപ്പിക്കാം എന്ന ആകർഷണവുമുണ്ട്. കാർഷിക മേഖലയുടെ തകർച്ച കാരണം ഗ്രാമീണ തൊഴിൽ മേഖലയിലുണ്ടായ തൊഴിൽ നഷ്ടങ്ങൾ, പുതുതായി തൊഴിൽ തേടുന്നവരുടെ എണ്ണം പെരുപ്പിക്കുകയും ആ സാഹചര്യം നിലവിൽ തൊഴിലുള്ളവരുടെ കൂലി കുറയ്ക്കുന്നതിന് മുതലാളി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

## മുതലാളി വർഗ്ഗത്തിന്റെ ആക്രമണങ്ങളെ ചെറുക്കാനാകുന്നത് തൊഴിലാളികളുടെ വർഗ്ഗ സമരത്തിലൂടെ മാത്രം

നിലവിലുള്ളതിലും താഴ്ന്നനിലയിലേക്ക് കൂലി താഴ്ത്തിക്കൊണ്ട് വരാനാണ് മുതലാളിയുടെ നിതാന്ത പരിശ്രമം. തൊഴിലാളിവർഗ്ഗമാകട്ടെ, കൂലി കുറയ്ക്കുന്നതിനെതിരെയും കൂലി കൂട്ടാനും മിനിമം കൂലി ഉറപ്പാക്കാനും സാമൂഹ്യ സുരക്ഷാനടപടികൾക്കും ജോലി സമയം കുറയ്ക്കാനുമായി പോരാടുന്നു. ഈ സമരത്തിൽ മുതലാളി വർഗ്ഗം ആകെയും മുതലാളിവർഗ്ഗ ഭരണകൂടവും തൊഴിലാളി വർഗ്ഗത്തിനെതിരെ അണിനിരക്കുന്നു.


ഓരോ രാജ്യത്തെയും തൊഴിലാളികൾക്ക്, ജീവിതം നിലനിർത്തുവാൻ വേണ്ടിയുള്ള കൂലി ഏതെങ്കിലും അളവിൽ ഉയർത്തിയിട്ടുണ്ടെങ്കിൽ അത് തൊഴിലാളിയും മുതലാളിയും തമ്മിൽ നടന്ന അതിരൂക്ഷമായ വർഗ്ഗ സമരത്തിന്റെ ഫലമായി മാത്രമാണ്.

കൂലി വർദ്ധിപ്പിക്കാനായി തൊഴിലാളികളുടെ ഉശിരോടെയുള്ള സമരങ്ങൾ, വ്യാവസായിക മുതലാളിത്തത്തിന്റെ തുടക്കത്തോടെ തന്നെ ആരംഭിച്ചു. ആദ്യം ബ്രിട്ടനിലും പിന്നീട് മറ്റു മുതലാളിത്ത രാജ്യങ്ങളിലേക്കും കോളനികളിലേക്കും സമരങ്ങൾ പടർന്നു. തൊഴിലാളികൾ ഒരു വർഗ്ഗം എന്നനിലയിൽ രൂപംകൊണ്ടു വരവേതന്നെ, സാമ്പത്തിക സമരങ്ങൾ വിജയകരമായി നയിക്കാനായി ട്രേഡ് യൂണിയനുകൾ രൂപംകൊള്ളാൻ തുടങ്ങി. ഇതിന്റെ ഫലമായി മുതലാളിക്ക് നേരിടേണ്ടിവന്നത് ഒറ്റയ്ക്കുള്ള ഒരു തൊഴിലാളിയെ അല്ല, സംഘടനയിൽ ഐക്യപ്പെട്ട തൊഴിലാളികളുടെ സംഘബലത്തെ ആകെയാണ്. വർഗ്ഗ സമരം വികസിച്ചതോടെ, ഫാക്ടറി തലത്തിലും പ്രാദേശിക തലത്തിലും ദേശീയതലത്തിലും മാത്രമല്ല സാർവദേശീയതലത്തിലും തൊഴിലാളി സംഘടനകൾ രൂപംകൊണ്ടു. തൊഴിലാളികളുടെ വിപുലമായ അണികൾക്ക് വർഗ്ഗ സമരത്തിന്റെ പാഠശാലകളായി ട്രേഡ് യൂണിയനുകൾ മാറി. മറുവശത്ത്, മുതലാളിമാരും അവരുടെ സംഘടനകൾ രൂപീകരിച്ചുകൊണ്ട് തൊഴിലാളികളെ നേരിടാൻ സന്നാഹമൊരുക്കി. അവർ തൊഴിലാളി പ്രക്ഷോഭണങ്ങളെ അടിച്ചമർത്താനായി, സമരങ്ങളെ പൊളിക്കാനും അവരുടെ നേതാക്കളെ വിലയ്ക്കെടുക്കാനും തൊഴിലാളി സംഘടനകളെ തകർക്കാനും പോലീസിനെയും കോടതിയെയും ജയിലറകളെയും ഉപയോഗപ്പെടുത്താൻ തുടങ്ങി.

കൂലി വർധിപ്പിക്കാനും ജോലിസമയം കുറക്കാനും മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ നേടിയെടുക്കാനുമായി തൊഴിലാളികൾക്കുള്ള ഫലപ്രദമായ ആയുധമാണ് പണിമുടക്ക്. വർഗ്ഗവൈരുദ്ധ്യങ്ങൾ രൂക്ഷമായതോടെയും തൊഴിലാളിവർഗ്ഗസമരങ്ങൾ കൂടുതൽ നന്നായി സംഘടിപ്പിക്കപ്പെടുകയും ചെയ്തതോടെ ലോകമെങ്ങും കോടിക്കണക്കിന് തൊഴിലാളികൾ പണിമുടക്ക് സമരങ്ങളിലേക്ക് കടന്നുവന്നു. പൊരുതുന്ന തൊഴിലാളികൾ നിശ്ചയദാർഢ്യവും വീറും കാട്ടി നിലകൊള്ളുകയാണെങ്കിൽ, ഈ സാമ്പത്തിക സമരങ്ങൾക്ക് മുന്നിൽ പണിമുടക്കുന്നവർ ഉന്നയിക്കുന്ന ഡിമാന്റുകൾ അംഗീകരിക്കാൻ മുതലാളിമാർ നിർബന്ധിതരാകുന്നു. ജീവൽപ്രധാനങ്ങളായ താല്പര്യങ്ങൾക്കായി തൊഴിലാളിവർഗ്ഗം നടത്തുന്ന ഇടതടവില്ലാത്ത സമരങ്ങളിലൂടെ മാത്രമാണ് മുതലാളിത്ത ഭരണകൂടങ്ങൾ മിനിമം കൂലിയും മനുഷ്യോചിതമായ നിശ്ചിത തൊഴിൽ സമയവും ബാലവേല നിയന്ത്രണവും ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമങ്ങൾ നിർമ്മിക്കാൻ നിർബന്ധിതമാകുന്നത്.

കൂലി വർധനവിന് വേണ്ടിയുള്ള സമരം തൊഴിലാളിവർഗ്ഗത്തിന്റെ ആത്യന്തിക മോചനത്തിനായുള്ള സമരവുമായി കണ്ണിചേർക്കപ്പെടണം. കൂലിവർദ്ധനവ് പോലുള്ള ഡിമാന്റുകൾ വച്ചുള്ള സാമ്പത്തിക സമരങ്ങൾക്ക് വലിയ പ്രാധാന്യമാണുള്ളത്. പക്ഷേ, തൊഴിലാളി വർഗ്ഗത്തിന്റെ സാമ്പത്തിക സമരങ്ങൾ കൊണ്ടുമാത്രം തൊഴിലാളികളെ കൂലി അടിമത്തത്തിൽനിന്നോ മുതലാളിത്ത ചൂഷണത്തിൽനിന്നോ മോചിപ്പിക്കാനാകില്ല. മുതലാളിത്ത വ്യവസ്ഥിതിയുടെ ഉപോൽപ്പന്നങ്ങളായി പ്രത്യക്ഷപ്പെടുന്ന അടിച്ചമർത്തലിനും ദാരിദ്ര്യത്തിനും എതിരെ മാത്രമല്ല, ഇവയ്ക്കെല്ലാം അടിസ്ഥാന കാരണമായ മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയ്ക്കെതിരെ നിലകൊണ്ടില്ലെങ്കിൽ ആത്യന്തിക പരിഹാരമുണ്ടാവില്ല. തൊഴിലാളികളുടെ വിപ്ലവ രാഷ്ട്രീയ സമരങ്ങളിലൂടെ മാത്രമേ തൊഴിലാളി വർഗ്ഗത്തിന് ഈ കൂലി അടിമത്ത വ്യവസ്ഥിതിയെ അവസാനിപ്പിക്കാനാകൂ. ■





# മഹാനായ മാവോ സെ തുങ്ങിന്റെ മാതൃകാപരമായ ജീവിതസമരവും അമൂല്യമായ പാഠങ്ങളും

(കഴിഞ്ഞ ലക്കം തുടർച്ച)

വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ അവശ്യമുന്നുപാധികൾ പൂർത്തീകരിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നതാണ് വിപ്ലവത്തിന്റെ വിജയമെന്ന് മാർക്സിസ്റ്റ് – ലെനിനിസ്റ്റുകൾക്ക് അറിയാം. ചൂഷകവർഗ്ഗത്തിന്റെ ഭരണത്തിലൂടെ നിരന്തരമായുണ്ടാകുന്ന ആക്രമണങ്ങൾമൂലം ജനങ്ങളുടെ ദുരിതങ്ങൾ ഏറുന്നു. പട്ടിണി, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയവയൊക്കെ വാനോളം ഉയരുന്നു. ഇതോടൊപ്പം മുതലാളിത്ത സമ്പദ്ഘടനയുടെ കൂടപ്പിറപ്പായ പ്രതിസന്ധിയും അസന്തുലിതാവസ്ഥയും കൂടെയാകുമ്പോൾ വിപ്ലവത്തിനുള്ള വസ്തുനിഷ്ഠസാഹചര്യം സൃഷ്ടിക്കപ്പെടുന്നു. എന്നാൽ ഇതുകൊണ്ടുമാത്രം വിപ്ലവം വിജയിക്കില്ല. ഇതോടൊപ്പം ആത്മനിഷ്ഠസാഹചര്യംകൂടെ പക്വമാകണം. അദ്ധ്വാനിച്ചുജീവിക്കുന്ന ജനവിഭാഗങ്ങൾ അതിനായി കാര്യമായ തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്.

ലെനിനിസ്റ്റ് സംഘടനാതത്വത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കപ്പെട്ട ഒരു ശരിയായ വിപ്ലവപാർട്ടി അനിവാര്യമാണ്. ജീവിതത്തിന്റെ എല്ലാ വശങ്ങളും ഉൾക്കൊള്ളുന്ന ശരിയായ വിപ്ലവസിദ്ധാന്തത്താൽ സായുധമായ അത്തരമൊരു പാർട്ടിക്കുമാത്രമേ ജനങ്ങളുടെ രാഷ്ട്രീയ ബോധനിലവാരമുയർത്തി അവരെ വിപ്ലവപാതയിലേയ്ക്ക് ആനയിക്കാൻ കഴിയൂ. സമഗ്രമായൊരു പ്രത്യയശാസ്ത്രസമരം കെട്ടഴിച്ചുവിടുകയും ജനങ്ങളെ വർഗ്ഗബഹുജന സമരങ്ങളുടെ തീച്ചൂളയിലൂടെ ഉരുക്കുപോലെ ഉറപ്പിച്ചെടുക്കുകയും ചെയ്യുന്ന സർവ്വാശ്ലേഷിയായ ഒരു സോഷ്യലിസ്റ്റ് മുന്നേറ്റം സൃഷ്ടിച്ചെടുക്കേണ്ടത് ഇവിടെ അനിവാര്യമാകുന്നു. ഇത്തരത്തിലൊരു ശരിയായ വിപ്ലവപ്പാർട്ടിയുടെ ഉദയം ആത്മനിഷ്ഠസാഹചര്യം പാകമാകുന്നതിന്റെ അവശ്യമുന്നുപാധിയാണ്.

ഒരു സായുധ പോരാട്ടത്തിലേയ്ക്ക് നീങ്ങുന്നതിനുമുമ്പ് വിപ്ലവത്തിനനുകൂലമായ വ്യാപകമായ ജനപിന്തുണ ആർജ്ജിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയെന്നനിലയിൽ തൊഴിലാളിവർഗ്ഗ വിപ്ലവപാർട്ടിയാണ് വിപ്ലവത്തെ നയിക്കുന്നത്. എന്നാൽ പാർട്ടി അംഗങ്ങളും പ്രവർത്തകരും ചൂഷിത ജനതയുടെ ഒരു ചെറിയ പങ്കുമാത്രമേ വരൂ. പാർട്ടിപ്രവർത്തകർക്കുമാത്രമായി വിപ്ലവം നടത്താനാകില്ല. അതുകൊണ്ടാണ് ലെനിൻ പറഞ്ഞത്, "മുന്നണി വിഭാഗത്തെക്കൊണ്ടുമാത്രം വിപ്ലവം വിജയിക്കില്ല. മുന്നണിവിഭാഗത്തെ നേരിട്ട് പിന്തുണയ്ക്കുന്നതോ ചുരുങ്ങിയപക്ഷം ശത്രുവിനെ പിന്തുണയ്ക്കാതെ അനുഭാവപൂർണമായ നിക്ഷ്പക്ഷത പുലർത്തുന്നതോ ആയ ഒരു നിലപാട് വിശാലജനവിഭാഗങ്ങൾ സ്വീകരിക്കുന്നതിനുമുമ്പ് നിർണായ പോരാട്ടത്തിലേയ്ക്ക് മുന്നണിപ്പടയെ തള്ളിവിടുന്നത് വിഡ്ഢിത്തം മാത്രമല്ല, കുറ്റകരം തന്നെയാണ്. വിപ്ലവം സാധ്യമാകണമെങ്കിൽ ജനങ്ങൾക്ക് അവരുടേതായ രാഷ്ട്രീയ അനുഭവങ്ങൾ ആർജ്ജിക്കാൻ അവസരം ലഭിച്ചിരിക്കണം."(ഇടതുപക്ഷ കമ്മ്യൂണിസം ഒരു ബാലാരിഷ്ടത)

പാർട്ടി തീരുമാനിക്കുന്നതുകൊണ്ടുമാത്രം വിപ്ലവം ഉണ്ടാകില്ലെന്നും മാവോ സെ തുങ് നിരീക്ഷിക്കുന്നു. ഇന്നത്തേതുപോലെ ജീവിച്ചുപോയിട്ട് ഒരു കാര്യവുമില്ലെന്ന് ജനങ്ങൾക്ക് തോന്നുമ്പോഴാണ് വിപ്ലവം നടക്കുന്നത്. അദ്ദേഹം പറയുന്നു: "ഏതുകാര്യവും, എന്തുകൊണ്ട്, എങ്ങനെവേണം എന്നൊക്കെ കമ്മ്യൂണിസ്റ്റുകൾ എപ്പോഴും ചിന്തിക്കണം. ഏതുകാര്യവും യാഥാർത്ഥ്യത്തിന് നിരക്കുന്നതാണോ, അടിയുറച്ചതാണോ എന്ന് എപ്പോഴും ആലോചിക്കണം. ഒന്നിനെയും അന്ധമായി പിന്തുടരുകയോ, ഒന്നിനോടും അന്ധമായ വിധേയത്വം പുലർത്തുകയോ ചെയ്യരുത്." (പാർട്ടി പ്രവർത്തന ശൈലിയിലെ തെറ്റുതിരുത്തൽ, തിരഞ്ഞെടുത്ത കൃതികൾ, വോള്യം 3) അദ്ദേഹം മുന്നറിയിപ്പുതരുന്നു: "വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ സാഹചര്യങ്ങൾ പരിഗണിക്കാത്ത, വീണ്ടുവിചാരമില്ലായ്മ ബാധിച്ച ചില സഖാക്കളുണ്ട്. സൂക്ഷ്മവും വിപുലവുമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ ഇവർ മിനക്കെടില്ല. വ്യാമോഹത്തിനടിപ്പെട്ട ഇക്കൂട്ടർ വലിയ കാര്യങ്ങൾ മാത്രമേ ചെയ്യാൻ തയ്യാറാകൂ. അട്ടിമറി പ്രവർത്തനത്തിന്റെ അവശിഷ്ടമാണിത്." (ഒരു ചെറുവിഭാഗത്തെ സംഘടിപ്പിച്ചുകൊണ്ട് പ്രാദേശികമായ ലഹളകൾ സംഘടിപ്പിക്കുന്ന രീതി, തിരഞ്ഞെടുത്ത കൃതികൾ, വോള്യം 2, പേജ് 107)

തൊഴിലാളിവർഗ്ഗ വിപ്ലവപ്രവർത്തകർ, ജനങ്ങളെ വിരട്ടി രാഷ്ട്രീയനേട്ടമുണ്ടാക്കുകയോ വിപ്ലവ സമരങ്ങളിൽ പങ്കെടുക്കാനായി ഭീഷണിപ്പെടുത്തുകയോ അരുതെന്നാണ് മഹാനായ ലെനിനും മാവോയും പഠിപ്പിച്ചിട്ടുള്ളത്. വിപ്ലവത്തിലേയ്ക്ക് ജനങ്ങളെ ആകർഷിക്കാൻ മാർക്സിസം-ലെനിനിസമെന്ന ആയുധം അവരുടെ പക്കലുണ്ട്. ന്യായമായ ജനാധിപത്യ സമരവേദികളിൽ തീവ്രമായ ദാർശനിക-പ്രത്യയശാസ്ത്ര സമരങ്ങളിലൂടെ ജനങ്ങളുടെ രാഷ്ട്രീയബോധനിലവാരമുയർത്താനും മഹത്തായൊരു പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനത്താൽ വിപ്ലവപാതയിലണയാൻ അവരെ പ്രാപ്തരാക്കാനുമാണ് കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾ പരിശ്രമിക്കേണ്ടത്.

## ഐതിഹാസികമായ സാംസ്കാരിക വിപ്ലവം

ചൈനയിലെ ഐതിഹാസികമായ സാംസ്കാരിക വിപ്ലവത്തിന്റെ വമ്പിച്ച പ്രാധാന്യം ഗ്രഹിക്കണമെങ്കിൽ അന്നത്തെ ലോകരാഷ്ട്രീയ സാഹചര്യം മനസ്സിലാക്കണം. ഫാസിസ്റ്റ് അച്ചുതണ്ടു ശക്തികൾക്കുമേൽ സോവിയറ്റ് യൂണിയൻ നേടിയ വിജയവും ലോകത്തിന്റെ മൂന്നിലൊന്ന് സോഷ്യലിസത്തിന്റെ പാത സ്വീകരിച്ചതും വിപ്ലവതൊഴിലാളിവർഗ്ഗ മുന്നേറ്റങ്ങളിൽ വമ്പിച്ച കുതിപ്പിന് ഇടയാക്കിയിരുന്നു. എന്നാൽ, 1953ൽ സ്റ്റാലിന്റെ നിര്യാണത്തിനുശേഷം ക്രൂഷ്ചേവിന്റെ നേതൃത്വത്തിലുള്ള ആധുനിക തിരുത്തൽവാദികൾ സോവിയറ്റ് യൂണിയനിൽ അധികാരം പിടിച്ചെടുക്കുകയും പല രാജ്യങ്ങളിലെയും കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വങ്ങളിൽ പരിഷ്കരണവാദ-തിരുത്തൽവാദ വ്യതിയാനം സംഭവിക്കുകയും ചെയ്തതോടെ വലിയ തിരിച്ചടിയുണ്ടായി. ഇരുപതാം പാർട്ടികോൺഗ്രസിൽ ക്രൂഷ്ചേവ് നടത്തിയ പ്രഖ്യാപനങ്ങളെ, തുടക്കത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വവും മറ്റുപാർട്ടികളോടൊപ്പം പ്രകീർത്തിച്ചെങ്കിലും, അൽപം വൈകിയാണെങ്കിലും, സ്റ്റാലിനെ അപകീർത്തിപ്പെടുത്താനുള്ള നീക്കത്തിന്റെ വിനാശകരമായ ഫലം മാവോ തിരിച്ചറിഞ്ഞു. അദ്ദേഹം നിരീക്ഷിച്ചു: "ലെനിൻ നൽകിയ കരുത്തുറ്റ ആയുധം ചില സോവിയറ്റ് നേതാക്കൾ ഒരുപരിധിവരെ ഉപേക്ഷിച്ചിരിക്കുകയാണോ? വലിയൊരളവിൽ ഉപേക്ഷിച്ചിരിക്കുന്നു എന്നാണ് എന്റെ അഭിപ്രായം...ഇപ്പോൾ നിങ്ങൾ സ്റ്റാലിനെ ഉപേക്ഷിച്ചിരിക്കുന്നു, ഫലത്തിൽ ലെനിനെയും. ലെനിനിസത്തിന് ഉറച്ച ചുവടുവയ്പുകൾ നടത്തണമെങ്കിൽ...ആദ്യം നമ്മൾ സ്റ്റാലിനെ സംരക്ഷിക്കേണ്ടതുണ്ട്..." (സിപിസിയുടെ എട്ടാം കേന്ദ്രകമ്മിറ്റിയുടെ രണ്ടാം പ്ലീനറി സെഷനിൽ നടത്തിയ പ്രസംഗം)

ബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്റെയും കമ്മ്യൂണിസ്റ്റ് വിരുദ്ധ ഗ്രൂപ്പുകളുടെയും സ്വാധീനവും ദുഷിച്ച പ്രവണതകളും തുടച്ചുനീക്കുന്നതിനായി, മുഴുവൻ പാർട്ടിയെയും ഉൾക്കൊള്ളുന്ന തീവ്രവും സർവ്വാംഗീണവുമായ ഒരു പ്രത്യയശാസ്ത്രസമരം കെട്ടഴിച്ചുവിടാൻ സിപിഎസ്‌യുവിന്റെ 19-ാം കോൺഗ്രസിൽ സ്റ്റാലിൻ ആഹ്വാനം ചെയ്തിരുന്നു. എന്നാൽ ഇക്കാര്യത്തിൽ മൂർത്തമായ പദ്ധതികൾക്ക് രൂപം നൽകുന്നതിനുമുമ്പ് അദ്ദേഹം അന്തരിച്ചു. തുടർന്ന് പാർട്ടിയുടെ വിവിധ ഘടകങ്ങളിലെ നേതാക്കളുടെയും പ്രവർത്തകരുടെയും താഴ്ന്ന പ്രത്യയശാസ്ത്രനിലവാരംമുതലെടുത്തുകൊണ്ട് പ്രതിവിപ്ലവശക്തികൾ അധികാരം പിടിച്ചെടുക്കുകയും തിരിച്ചുപോക്ക് ആരംഭിക്കുകയും ചെയ്തു. പ്രത്യക്ഷമായോ പരോക്ഷമായോ തിരുത്തൽവാദ ലൈൻ പിന്തുടർന്നാൽ മുതലാളിത്ത പുന:സ്ഥാപനത്തിന് സാധ്യതയുണ്ടെന്ന് മുന്നറിയിപ്പു നൽകിക്കൊണ്ട് മാവോ സെ തുങ് ഇപ്രകാരം ചൂണ്ടിക്കാണിച്ചു: "സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ വർഗ്ഗങ്ങൾ നിലനിൽക്കുന്നുണ്ടോ? വർഗ്ഗസമരം നിലവിലുണ്ടോ? ഇവ രണ്ടും തീർച്ചയായും നിലനിൽക്കുന്നുവെന്ന് നമുക്ക് നിസ്സംശയം പറയാം. ലെനിൻ പറഞ്ഞു: വിപ്ലവം വിജയം വരിച്ചെങ്കിലും സാർവ്വദേശീയമായി മുതലാളിവർഗ്ഗം നിലനിൽക്കുന്നു, മുതലാളിത്ത അവശിഷ്ടങ്ങളും നിലനിൽക്കുന്നു. പെറ്റിബൂർഷ്വാസിയും നിലനിൽക്കുന്നുണ്ടെന്നുമാത്രമല്ല, അത് ബൂർഷ്വാസിക്ക് ജന്മം നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ രാജ്യത്ത് അധികാരത്തിൽനിന്ന് പുറന്തള്ളപ്പെട്ട വർഗ്ഗങ്ങൾ ദീർഘകാലത്തേയ്ക്ക് നിലനിൽക്കുകയും മുതലാളിത്ത പുന:സ്ഥാപനത്തിന് ശ്രമിക്കുകയും ചെയ്യും...പഴയ സഖാക്കളും ഇക്കാര്യങ്ങൾ മനസ്സിലാക്കുകയും പഠിക്കുകയുംവേണം. അല്ലാത്തപക്ഷം നമ്മുടേതുപോലൊരു രാജ്യം ഇനിയും എതിർദിശയിലേയ്ക്ക് സഞ്ചരിച്ചെന്നുവരാം. അങ്ങനെ സംഭവിച്ചാലും നിഷേധത്തിന്റെ നിഷേധം എന്ന തത്വപ്രകാരം വീണ്ടും എതിർദിശയിൽ സഞ്ചരിക്കുകയും സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ എത്തുകയും ചെയ്യും. എന്നാൽ നമ്മുടെ ഇളംതലമുറ തിരുത്തൽവാദത്തിന് അടിപ്പെട്ടാൽ പുറമേയ്ക്ക് സോഷ്യലിസം നിലനിൽക്കുന്നുണ്ടെന്ന തോന്നുമെങ്കിലും ഫലത്തിൽഅത്മുതലാളിത്തവ്യവസ്ഥതന്നെയായിരിക്കും."(1962-ലെ പ്രസംഗം)

പ്രത്യയശാസ്ത്ര-സാംസ്കാരിക നിലവാരം ഉയർത്താനുള്ള പത്തൊമ്പതാം കോൺഗ്രസിന്റെ തീരുമാനം ക്രൂഷ്ചേവ് നേതൃത്വം അലമാരയിൽ പൂട്ടിവയ്ക്കുകയും സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക മേഖലകളിൽ പിന്തിരിപ്പൻ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തതിൽ മാവോ സെ തുങ് തികച്ചും ആശങ്കാകുലനായിരുന്നു. ഇതിന്റെ ഫല

(ശേഷം 5–ാം പേജിൽ)

# വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ ഉപാധികൾ പൂർത്തീകരിച്ചാലേ വിപ്ലവം യാഥാർത്ഥ്യമാകൂ

(4–ാം പേജിൽ നിന്ന്)

മായി സോവിയറ്റ് യൂണിയനിൽ വമ്പിച്ച തകർച്ച ഉണ്ടാകുകയുംചെയ്തു. ആധുനിക തിരുത്തൽവാദം നുഴഞ്ഞുകയറി, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയെയും ചില മുൻനിരനേതാക്കളെയും ഗ്രസിച്ചിരിക്കുന്നതായി മാവോ കൃത്യമായി വിലയിരുത്തി. ലിയു ഷാവോചിയെയും ഡെങ് സിയാവോ പിങിനെയുംപോലുള്ള നേതാക്കൾ തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തിനും വർഗ്ഗസമരം തീവ്രമാക്കുകയെന്ന കർത്തവ്യത്തിനും തുരങ്കം വയ്ക്കുകയും ചെയ്തു. മുതലാളിത്ത പാതക്കാരുടെ, കമ്പോള സമ്പദ്ഘടനയിലൂന്നുകയും എവ്വിധവും ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുകയെന്ന നിർദ്ദേശത്തെ നിരാകരിച്ചുകൊണ്ട്, “രാഷ്ട്രീയത്തിനായിരിക്കണം ആധിപത്യ”മെന്ന മുദ്രാവാക്യം സാംസ്കാരിക വിപ്ലവകാലത്ത് മാവോ മുന്നോട്ടുവച്ചു. അതായത്, സോഷ്യലിസത്തിൽ ഉൽപാദനം വർദ്ധിപ്പിക്കാനുള്ള സാമ്പത്തികനയം ഉൾപ്പെടെ എല്ലാ നയങ്ങളും പരിപാടികളും രൂപീകരിക്കേണ്ടത് തൊഴിലാളിവർഗ്ഗ സർവ്വാധിപത്യത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് തത്വങ്ങൾക്ക് നിരക്കും പടിയായിരിക്കണം. ഇതിൽനിന്നുള്ള ഏതു വ്യതിചലനവും സോഷ്യലിസത്തിന് അപകടകരമായിത്തീരും. ചിന്തയിലും സമീപനത്തിലും പ്രയോഗത്തിലും പ്രത്യക്ഷപ്പെടുന്ന ഇത്തരം തിരുത്തൽവാദ പ്രവണതകളും മനോഭാവങ്ങളും വ്യതിചലനങ്ങളുമൊക്കെ തീവ്രമായ ഒരു പ്രത്യയശാസ്ത്ര–സാംസ്കാരിക മുന്നേറ്റത്തിലൂടെ പരാജയപ്പെടുത്തുന്നില്ലെങ്കിൽ, ഇന്ന് മുതലാളിത്ത രാജ്യങ്ങളിൽ കാണുന്നതുപോലെയുള്ള സർവ്വതിന്മകളും ചൈനയുടെ മണ്ണിലേയ്ക്ക് ഒഴുകിയെത്താൻ അത് വേദിയൊരുക്കുകയും അതുവഴി സിപിസിക്കും ചൈനയിലെ സോഷ്യലിസ്റ്റ് വ്യവസ്ഥയ്ക്കും വലിയ ഭീഷണിയായിത്തീരുകയും മാത്രമല്ല, ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനാകെത്തന്നെ ഹാനികരമായിത്തീരുകയും ചെയ്യുമെന്ന് മാവോ കൃത്യമായി മനസ്സിലാക്കിയിരുന്നു.

ഈ പശ്ചാത്തലത്തിലാണ് മാവോ സെ തുങ് മഹത്തായ തൊഴിലാളിവർഗ്ഗ സാംസ്കാരിക വിപ്ലവം ആരംഭിക്കാൻ തീരുമാനമെടുക്കുന്നത്. സർവ്വപ്രധാനമായ ഈ പ്രത്യയശാസ്ത്ര–സാംസ്കാരിക സമരത്തോടൊപ്പംതന്നെ, ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയെയും നേതൃത്വത്തെയും മാത്രമല്ല, ചൈനീസ് ജനതയെയാകെ ഉൾക്കൊള്ളുംവിധം വമ്പിച്ചൊരു തെറ്റുതിരുത്തൽ സമരം നടത്താനും ഉദ്ദേശിച്ചുള്ളതായിരുന്നു അത്. സിപിസിയുടെ മുൻനിരനേതാക്കളിൽ ചിലരിൽ വൻതോതിലുള്ള തിരുത്തൽവാദവ്യതിയാനംശ്രദ്ധയിൽപെട്ടിരുന്നു. നേതാക്കളടക്കം പാർട്ടിയൊന്നാകെ രൂക്ഷമായ വിമർശനത്തിന് വിധേയമാകണമെന്നും വിമർശനം–സ്വയംവിമർശനമെന്ന വൈരുദ്ധ്യാത്മക പ്രക്രിയ പിന്തുടർന്നുകൊണ്ട് സ്വയം തെറ്റുതിരുത്താൻ അതുവഴി എല്ലാവർക്കും അവസരം ലഭിക്കണമെന്നമാണ് മാവോ കണക്കുകൂട്ടിയത്.

1965സെപ്റ്റംബറിൽ ചേർന്ന പൊളിറ്റ് ബ്യൂറോയുടെ സ്റ്റാന്റിംഗ് കമ്മിറ്റിയോഗത്തിൽ, “കേന്ദ്രകമ്മിറ്റിയിൽ തിരുത്തൽവാദം പ്രത്യക്ഷപ്പെട്ടാൽ എന്തുചെയ്യും? ഇതിന് അങ്ങേയറ്റം സാധ്യതയുണ്ട്, ഇതായിരിക്കും ഏറ്റവും വലിയ അപകടം” എന്ന് മാവോ മുന്നറിയിപ്പുനൽകി. “ആക്രമണം ആസ്ഥാനത്തിനുനേരെ” എന്ന മുദ്രാവാക്യമുയർത്താൻ കാരണമതാണ്. സിപിസിയുടെ മുഖപത്രമായ പീപ്പിൾസ് ഡെയ്‌ലിയിൽ എഴുതിയ മുഖപ്രസംഗത്തിൽ മാവോ പറയുന്നു: “തൊഴിലാളിവർഗ്ഗ സാംസ്കാരികവിപ്ലവം ലക്ഷ്യംവയ്ക്കുന്നത് ചൂഷകവർഗ്ഗങ്ങൾ നൂറ്റാണ്ടുകളായി പരിപാലിച്ചുപോന്ന, ജനമനസ്സുകളെ ആയിരക്കണക്കിന് വർഷങ്ങളായി വിഷമയമാക്കിയ പഴയ പ്രത്യയശാസ്ത്രങ്ങളെയും സംസ്കാരങ്ങളെയും ആചാരങ്ങളെയും സ്വഭാവങ്ങളെയുമൊക്കെ തകർക്കാൻ മാത്രമല്ല, തൊഴിലാളിവർഗ്ഗത്തിന്റേതായ തികച്ചും നൂതനമായ ഒരു പ്രത്യയശാസ്ത്രവും സംസ്കാരവും സൃഷ്ടിച്ച് പുഷ്ടിപ്പെടുത്തിയെടുക്കാനും കൂടെയാണ്.” അതിബൃഹത്തായ ഈ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുമ്പോൾ പ്രമുഖ നേതാക്കളാരും അദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്നില്ല.

പ്രായാധിക്യംകൊണ്ടും പാർക്കിൻസൺസ് രോഗം ബാധിച്ചിരുന്നതിനാലും അദ്ദേഹത്തിന് സംസാരിക്കാൻതന്നെ ബുദ്ധിമുട്ടായിരുന്നു. എന്നാൽ വിപ്ലവത്തോടുള്ള അചഞ്ചലമായ കൂറും ചൈനയിലെ സോഷ്യലിസത്തെ വ്യതിയാനങ്ങളിൽനിന്ന് സംരക്ഷിച്ചുനിർത്താനുള്ള നിശ്ചയദാർഢ്യവുംമൂലം അദ്ദേഹം ഈ ഭാരിച്ച ഉത്തരവാദിത്തം ഏറ്റെടുത്തു. ലോകത്ത് ഒരാളും ഇതിനെ പിന്തുണയ്ക്കാതിരുന്ന ആ സന്ദർഭത്തിൽ സഖാവ് ശിബ്ദാസ് ഘോഷാണ് മാവോ ഏറ്റെടുത്തിരിക്കുന്നത് ഉജ്ജ്വലമായ കർത്തവ്യമാണെന്ന് പ്രകീർത്തിച്ചത്.

മാവോ സെ തുങ്



സാംസ്കാരിക വിപ്ലവം കൈവരിച്ച മാനവും വേഗതയും അതുണ്ടാക്കിയ സ്വാധീനവും ജനങ്ങൾ പ്രദർശിപ്പിച്ച വിവേകവുമൊക്കെ, തിരുത്തൽവാദ–പരിഷ്കരണവാദ നേതാക്കളായ ലിയു ഷാവോ ചിയും ഡെങ് സിയാവോ പിങുമൊക്കെ സങ്കൽപ്പിച്ചതിലുമൊക്കെ എത്രയോ അധികമായിരുന്നു. മാവോ ഇവരെ പാർട്ടിയിലെ മുതലാളിത്ത പാതക്കാർ എന്നാണ് വിളിച്ചിരുന്നത്. മാവോചിന്ത ജനങ്ങളിലേയ്ക്ക് എത്തുമ്പോൾ അതൊരു വമ്പിച്ച ധാർമ്മിക ശക്തിയായി പരിണമിക്കുന്നു എന്നത് ഒരു വസ്തുതയായിരുന്നു. അതുകൊണ്ടുതന്നെ 1969ൽ തിരുത്തൽവാദലൈൻ പരാജയപ്പെടുകയും കേന്ദ്രകമ്മിറ്റിയിലെ ലിയു ഷാവോചിയും ഡെങ് സിയാവോ പിങും അടക്കമുള്ള നേതാക്കൾ പാർട്ടിയിൽനിന്ന് പുറത്താക്കപ്പെടുകയും ചെയ്തു.

എന്നാൽ മാവോ പുതുതലമുറയിൽപ്പെട്ട സഖാക്കൾക്ക് ഇപ്രകാരം മുന്നറിയിപ്പ് നൽകി: “മുതലാളിത്ത പാതക്കാർക്കെതിരായ സമരമല്ല പാർട്ടിയുടെ ആത്യന്തിക ലക്ഷ്യം. അത് പ്രഥമമായ കർത്തവ്യം മാത്രമാണ്. ലോകവീക്ഷണത്തിൽ മാറ്റം വരുത്തുകയും തിരുത്തൽവാദത്തെ തുടച്ചുനീക്കുകയുമാണ് ലക്ഷ്യം...” “കഴിഞ്ഞ പതിറ്റാണ്ടുകളിൽ സോഷ്യൽഡെമോക്രാറ്റുകളും, കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ആധുനിക തിരുത്തൽവാദികളും, കമ്മ്യൂണിസ്റ്റ് വിരുദ്ധരും ജനവിരുദ്ധരും പ്രതിവിപ്ലവകാരികളുമായ ആളുകളുടെ ഒരു സംഘം രൂപീകരിച്ചിട്ടുണ്ട്. അവർക്കെതിരെ നമ്മൾ ജീവൻ മരണപോരാട്ടമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ലോകവീക്ഷണത്തെ നമുക്ക് മാറ്റാനായില്ലെങ്കിൽ, ഈ സാംസ്കാരിക വിപ്ലവത്തിലൂടെ രണ്ടായിരം മുതലാളിത്ത പാതക്കാരെ പുറത്താക്കിയാലും നാലായിരംപേർ വീണ്ടും വരും... രണ്ടുവർഗ്ഗങ്ങൾ തമ്മിലും രണ്ടു ലൈനുകൾതമ്മിലും നടക്കുന്ന സമരം നാലു സാംസ്കാരിക വിപ്ലവം കഴിഞ്ഞാലും അവസാനിക്കാൻ പോകുന്നില്ല... അതുകൊണ്ടുതന്നെ തിരുത്തൽവാദത്തെ വേരോടെ പിഴുതുകളയണമെന്ന കാര്യവും തിരുത്തൽവാദത്തെ ഏതുസമയത്തും ചെറുക്കാനുള്ള നമ്മുടെ കാര്യക്ഷമത വർദ്ധിപ്പിക്കണമെന്ന കാര്യവും സദാ ഓർക്കുക.”(ജനകീയ ചൈന) 1969 ഏപ്രിൽ 15ന് അദ്ദേഹം പറയുന്നു:“നമ്മൾ മഹത്തായ വിജയമാണ് നേടിയിരിക്കുന്നത്. എന്നാൽ പരാജിത വർഗ്ഗം പോരാട്ടം അവസാനിപ്പിക്കില്ല...”(തിരഞ്ഞെടുത്ത ലേഖനങ്ങൾ) ഈവാക്കുകളിൽനിന്ന്, സാംസ്കാരിക വിപ്ലവം ആരംഭിക്കുമ്പോൾ അദ്ദേഹം വിഭാവനം ചെയ്തതെന്തായിരുന്നു എന്ന് വ്യക്തമാണ്.

എന്നാൽ ചരിത്രത്തിൽഒരുദുരന്തം ആവർത്തിക്കുകയായിരുന്നു. സ്റ്റാലിനുശേഷം റഷ്യയിൽ സംഭവിച്ചതുപോലെതന്നെ ചൈനയിലും സംഭവിച്ചു. അവിടെ തിരുത്തൽവാദ ക്രൂഷ്ചേവ് നേതൃത്വം അധികാരം പിടിച്ചതുപോലെ ചൈനയിൽ മാവോയുടെ മരണശേഷം സാംസ്കാരിക വിപ്ലവത്തെ എതിർക്കുകയും പാർട്ടിയിൽനിന്ന് പുറത്താക്കപ്പെടുകയുംചെയ്ത തിരുത്തൽവാദി നേതാക്കൾ ഡെങ് സിയാവോ പിങിന്റെ നേതൃത്വത്തിൽ അധികാരം പിടിച്ചെടുത്തു. ചൈനയിലെ സോഷ്യലിസത്തെ തകർക്കാനും പ്രതിവിപ്ലവം ശക്തിപ്പെടുത്താനും ശ്രമിച്ച അവർ ആത്യന്തികമായി ചൈനയെ ഒരു സാമ്രാജ്യത്വ രാജ്യമാക്കി അധഃപതിപ്പിക്കുകയും ചെയ്തു. മാവോയുടെ ആശങ്ക അസ്ഥാനത്തല്ലായിരുന്നുവെന്ന് തെളിയിക്കപ്പെടുകയായിരുന്നു.

## ഉപസംഹാരം

സഖാവ് ശിബ്ദാസ് ഘോഷ് സാംസ്കാരിക വിപ്ലവത്തെ പ്രകീർത്തിച്ചു. എന്നാൽ മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ, മാവോ എന്നിവരുടെ അർഹനായ ശിഷ്യനായ അദ്ദേഹം ആധുനിക തിരുത്തൽവാദവുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായ ചില ദാർശനിക പ്രശ്നങ്ങൾ അവതരിപ്പിച്ചു. എന്തുകൊണ്ട് തിരുത്തൽവാദം പ്രത്യക്ഷപ്പെടുന്നു, സോഷ്യലിസത്തിൽ അത് നടത്തുന്ന ആക്രമണമെന്ത്, വ്യക്തിവാദം അപായകരമാംവിധം സ്വാധീനം ചെലുത്തുമ്പോൾ ഒരു നല്ല കമ്മ്യൂണിസ്റ്റിന്റെ നിലവാരം എന്തായിരിക്കണം, അത് ആർജ്ജിക്കാനുള്ള പ്രക്രിയ എന്താണ് എന്നു തുടങ്ങിയ പ്രശ്നങ്ങളൊക്കെ ഇനിയും പരിഹൃതമാകാതെ അവശേഷിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാണിച്ചു. അദ്ദേഹം ഇപ്രകാരം വ്യക്തമാക്കി: “ചൈനയിലെ സാംസ്കാരിക വിപ്ലവത്തെ ഉജ്ജ്വലമെന്ന് കലവറയില്ലാതെ പ്രകീർത്തിക്കുമ്പോഴും ചില ഗുരുതരമായ പരിമിതികൾ ഞാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്...മാവോയുടെ ശരിയായ നേതൃത്വത്തെ ശക്തിപ്പെടുത്തുകയെന്ന ഉദ്ദേശത്തോടെ സഹോദരഭാവത്തോടെ സിപിസിയെ ഞങ്ങൾ വിമർശിച്ചിട്ടുണ്ട്.”(സിപിസിയുടെ പത്താംകോൺഗ്രസ്, തിരഞ്ഞെടുത്ത കൃതികൾ, വോള്യം 1)യഥാർത്ഥവിപ്ലവകാരികൾ ഒഴുക്കിനെതിരെ നീന്താൻ പഠിക്കണമെന്ന മാവോയുടെ ഉപദേശത്തെ പിന്തുണയ്ക്കുന്നതോടൊപ്പം സഖാവ് ഘോഷ് ഇപ്രകാരം കൂട്ടിച്ചേർത്തു: “ഈ ദൗർബ്ബല്യങ്ങളും പരിമിതികളും സൈദ്ധാന്തികവും പ്രത്യയശാസ്ത്രപരവുമായ സമരത്തിലൂടെ മറികടക്കാൻ ചൈനീസ് നേതൃത്വത്തിനായില്ലെങ്കിൽ, സാമൂഹ്യജീവിതത്തിൽനിന്ന് തുരത്താൻ ശ്രമിക്കുന്ന അതേ തിരുത്തൽവാദ പ്രവണത ഭാവിയിൽ തിരിച്ചുവരാമെന്ന ആശങ്ക നിലനിൽക്കുകതന്നെ ചെയ്യും...” “മാവോ സെ തുങ് അടക്കമുള്ള ഇപ്പോഴത്തെ നേതൃത്വത്തിന്റെ അഭാവത്തിൽ സോവിയറ്റ് യൂണിയനിലെപ്പോലെതന്നെ തിരുത്തൽവാദം ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലും സമൂഹത്തിലും വളർന്നുവന്നേക്കാം.” (ചൈനയിലെ സാംസ്കാരിക വിപ്ലവം, തിരഞ്ഞെടുത്ത കൃതികൾ, വോള്യം1)

എത്ര പ്രവചനതുല്യമായ വാക്കുകൾ. അദ്ദേഹം നൽകിയ മുന്നറിയിപ്പുകൾ ഇന്ന് യാഥാർത്ഥ്യമായിരിക്കുന്നു! ഈ വാക്കുകൾ പോരാട്ടത്തിന്റെ പാത ദീപ്തമാക്കുകയും മാവോചിന്തയോടൊപ്പം ശിബ്ദാസ് ഘോഷ് ചിന്തകൂടെ ചേർക്കപ്പെടുകയും ചെയ്തിരുന്നെങ്കിൽ ആശയത്തിന്റെയും സംസ്കാരത്തിന്റെയും മേഖലകളിൽ വർഗ്ഗസമരം എത്ര ഔന്നത്യം കൈവരിക്കുമായിരുന്നു. സാംസ്കാരിക വിപ്ലവത്തിലൂടെ മാവോ വിഭാവനം ചെയ്ത തിരുത്തൽവാദത്തിനെതിരായ പോരാട്ടം എത്ര ലക്ഷ്യവേധിയാകുമായിരുന്നു. മാവോചിന്തയും കൂടുതൽ വികസിതമായ ശിബ്ദാസ് ഘോഷ് ചിന്തയും തിരുത്തൽവാദത്തിന്റെ പിടിയിൽനിന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തെ മോചിപ്പിക്കാനുള്ള സമരത്തിൽ വഴികാട്ടിയാണ്. ഇന്നത്തെ തലമുറയുടെയും വരുംതലമുറകളുടെയും ഓർമ്മയിൽനിന്ന് തുടച്ചുനീക്കാൻ എല്ലാ തരത്തിലുംപെട്ട പിന്തിരിപ്പന്മാർ കൊണ്ടുപിടിച്ച് ശ്രമിക്കുന്ന മാനവചരിത്രത്തിലെ ആ മഹത്തായ അധ്യായം കൂടുതൽ തെളിമയോടെ മുന്നോട്ടുകൊണ്ടുവരാൻ ഈ ചിന്തകൾക്കുകഴിയുമെന്ന് നാം പ്രത്യാശിക്കുന്നു.

അവസാനമായി മാവോ സെ തുങിന്റെ സംഭാവനകളിൽനിന്ന് മഹത്തായ ഒരു പാഠം അനുസ്മരിക്കാം: “യഥാർത്ഥ ജീവിതത്തെയും വിപ്ലവാനുഭവങ്ങളെയും സംബന്ധിച്ച വിപുലമായ പഠനത്തിലൂടെ മാർക്സ്, ഏംഗൽസ്, ലെനിൻ, സ്റ്റാലിൻ എന്നിവർ വികസിപ്പിച്ചെടുത്ത സാമാന്യ തത്വങ്ങൾ മനസ്സിലാക്കുന്നതുകൊണ്ടുമാത്രമായില്ല, അവരുടെ നിലപാടുകളും, പ്രശ്നങ്ങൾ പരിശോധിക്കുന്നതിലും പരിഹരിക്കുന്നതിലും അവലംബിച്ച രീതിയും സ്വായത്തമാക്കുകകൂടെ വേണം. ”(ആഭ്യന്തരയുദ്ധത്തിൽ ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പങ്ക്, തിരഞ്ഞെടുത്ത കൃതികൾ, വോള്യം 2, പേജ് 208, 209)

മാവോ സെ തുങിന് ആദരവുകൾ അർപ്പിച്ചുകൊണ്ട് ഇവിടെ കുറിച്ച വാക്കുകൾ എത്ര ഹ്രസ്വമാണെങ്കിലും പിന്തിരിപ്പന്മാരും തിരുത്തൽവാദികളും നടത്തുന്ന ഹീനനീക്കങ്ങൾക്ക് അതൊരു പ്രഹരമായിരിക്കുമെന്നും ലോകത്തെ പുരോഗമന കാംക്ഷികളായ ജനങ്ങളുടെ വിശേഷിച്ച്, യഥാർത്ഥ കമ്മ്യൂണിസ്റ്റുകളുടെ കണ്ണുതുറപ്പിക്കുമെന്നും ഞങ്ങൾ ആത്മാർത്ഥമായി വിശ്വസിക്കുന്നു.

■

(അവസാനിച്ചു)

## ആർജി കർ സംഭവം

# ബംഗാളിന്റെ തെരുവിലെ നിലയ്ക്കാത്ത പ്രക്ഷോഭങ്ങൾ പ്രത്യാശയുണർത്തുന്നു

**ആ**ർജി കർ സംഭവത്തെത്തുടർന്ന് ബംഗാളിൽ മാത്രമല്ല, ഇന്ത്യമുഴുവൻ പ്രതിഷേധത്തിന്റെ നിലയ്ക്കാത്ത അലകൾ ഉയർന്നിരിക്കുകയാണ്. സുപ്രീംകോടതിയുടെ ഉത്തരവുകൾക്കോ, മമത ബാനർജിയുടെ ഭീഷണികൾക്കോ പ്രക്ഷോഭകരെ പിന്തിരിപ്പിക്കാനാകുന്നില്ല. സ്കൂൾ-കോളജ് വിദ്യാർത്ഥികൾ, ഇതര പ്രൊഫഷണൽ കോളജുകളിലെ വിദ്യാർത്ഥികൾ, യുവാക്കൾ, സ്ത്രീകൾ, കലാ-സാംസ്കാരിക പ്രവർത്തകർ, വയോജനങ്ങൾ, വീൽ ചെയറിൽപ്പോലും ആളുകൾ തുടങ്ങി പതിനായിരങ്ങളാണ് പൊട്ടിത്തെറിച്ച് തെരുവിൽ ഇറങ്ങിയിരിക്കുന്നത്. നിത്യേനയെന്നവിധം അവർ തെരുവിൽ അണിചേരുന്നു, വിവിധങ്ങളും വ്യത്യസ്തങ്ങളുമായ സമരപരിപാടികൾ ആവിഷ്കരിക്കുന്നു, വീടുകൾപോലും സമരകേന്ദ്രങ്ങളാകുന്നു. സത്യസന്ധവും സമഗ്രവുമായ അന്വേഷണം നടത്തി, ആർജി കർ സംഭവത്തിനുത്തരവാദികളായവർ, അവർ എത്ര ഉന്നതരായാലും നിയമത്തിനുമുന്നിൽകൊണ്ടുവരികയും കർശനശിക്ഷ ഉറപ്പാക്കുകയും ചെയ്യുക എന്നതിനോടൊപ്പം ബംഗാളിലെ ആരോഗ്യരംഗത്തും സാമൂഹ്യരംഗത്തും പിടിമുറുക്കിയിരിക്കുന്ന ഗുണ്ടാ മാഫിയ ഭരണത്തെ തുത്തെറിയാനുള്ള പ്രക്ഷോഭം കൂടെയാണിത്.

ആർജി കർ സംഭവവുമായി ബന്ധപ്പെട്ട് പുറത്തുവന്നുകൊണ്ടിരിക്കുന്ന വാർത്തകൾ, തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സുരക്ഷ, തൊഴിൽരംഗത്തനുഭവിക്കുന്ന ചൂഷണം എന്നതിനൊക്കെയുമപ്പുറത്ത്, ക്രിമിനൽ മാഫിയ സംഘത്തിന്റെ വേരുകൾ എത്ര കണ്ട് ആഴത്തിലാണ് സമൂഹത്തിൽ പിടിമുറുക്കിയിരിക്കുന്നത് എന്നതാണ് വെളിവാക്കുന്നത്. ഭരണാധികാരികളും രാഷ്ട്രീയ നേതാക്കന്മാരും നീതിന്യായവും ക്രമസമാധാനവും പാലിക്കാൻ ബാധ്യതപ്പെട്ടിരിക്കുന്നവരും ധാർമ്മികത അങ്ങേയറ്റം കാത്തുപുലർത്തേണ്ട മെഡിക്കൽ രംഗത്തെ ഉന്നതരുമൊക്കെ ഉൾപ്പെടെ സമൂഹത്തിന്റെ സുസ്ഥിതി നിലനിർത്തേണ്ട വ്യക്തികൾ അവരുടെ സാമൂഹ്യപദവിക്കും ഉത്തരവാദിത്തത്തിനും നിരക്കാത്തവിധം ഈ ക്രിമിനൽ മാഫിയ സംഘങ്ങളുടെ ഭാഗമാകുകയോ അതിന് നേതൃത്വം വഹിക്കുകയോ ചെയ്യുന്നുവെന്ന യാഥാർത്ഥ്യം ജനങ്ങളുടെ ഉറക്കം കെടുത്താൻ പോന്നതാണ്. സംഭവവുമായി ബന്ധപ്പെട്ട് ആർജി കർ മെഡിക്കൽ കോളജിന്റെ മുൻ പ്രിൻസിപ്പാൾ ഡോ.സന്ദീപ് ഘോഷ് അറസ്റ്റിലാണ്. ആരോഗ്യ, ചികിത്സാരംഗത്തെ ചൂഴ്ന്നുനിൽക്കുന്ന അഴിമതിയുടെയും അധാർമ്മിക പ്രവർത്തനങ്ങളുടെയും വികൃതമുഖം പണ്ടോറയുടെ പെട്ടിയിൽനിന്നെന്നതുപോലെ പുറത്തേയ്ക്ക് വമിക്കുകയാണ്.

ആർജി കർ മെഡിക്കൽ കോളജിന്റെ നാലാംനിലയിൽ, ഇരുപത്തിനാലുമണിക്കൂറും രോഗികളും കൂട്ടിരിപ്പുകാരും കയറിയിറങ്ങുന്ന സ്ഥലത്ത്, ജൂണിയർ ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റുജീവനക്കാരുടെയും സ്ഥിരസാന്നിദ്ധ്യമുള്ള ഒരു സ്ഥലത്തുവച്ചാണ്, 36 മണിക്കൂർ തുടർച്ചയായി ഡ്യൂട്ടിയെടുത്ത ഒരു വനിതാഡോക്ടർ, ആഗസ്റ്റ് 8-ാം തീയതി രാത്രി രണ്ടുമണിയോടെ ഭക്ഷണം കഴിച്ച് വിശ്രമിക്കാൻ പോയ സെമിനാർ ഹാളിൽവച്ച് മൃഗീയമായ ബലാത്ക്കാരത്തിനും ക്രൂരമായ പീഡനത്തിനും ഇരയായി കൊല്ലപ്പെട്ടിരിക്കുന്നത്. പിറ്റേന്നുരാവിലെ പെൺകുട്ടിയുടെ അർദ്ധനഗ്നമായ മൃതദേഹമാണ് ഹാളിൽ കാണപ്പെട്ടത്. ഇത്രത്തോളം തിരക്കുള്ള ഒരു സ്ഥലത്ത്, അർദ്ധരാത്രിയിൽ ഒരു പെൺകുട്ടി കൊലചെയ്യപ്പെട്ടിട്ട് ഒരുനിലവിളി ശബ്ദം പോലും പുറത്തു കേൾക്കാതെ പോയത് എന്തുകൊണ്ടായിരിക്കും?

ദുരൂഹതകൾക്കുമേൽ ദുരൂഹതയാണ് സംഭവത്തിലുടനീളം. ഡ്യൂട്ടിക്കിടയിൽ ഒരു ഡോക്ടർ ആശുപത്രിക്കുള്ളിൽ കൊലചെയ്യപ്പെട്ടതിന്റെ ഞെട്ടലിലുള്ള പ്രതികരണങ്ങളൊന്നും തുടക്കംമുതൽ ആശുപത്രി അധികാരികളുടെ ഭാഗത്തുനിന്ന് കണ്ടില്ല. അർദ്ധരാത്രിയിൽ ഡോ.മൗമിത ദേവനാഥ് എന്തിന് സെമിനാർ ഹാളിൽപോയി എന്നാണ് ഡോ.സന്ദീപ് ഘോഷ് സംഭവത്തോട് ആദ്യം പ്രതികരിച്ചത് എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എത്ര ഹീനമായ ആക്രമണത്തിനാണ് ഡോ. മൗമിത ദേവനാഥ് ഇരയാക്കപ്പെട്ടത് എന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടും ഇൻക്വസ്റ്റും തെളിയിക്കുന്നു. ഡോ.മൗമിതയുടെ ശരീരത്തിൽ 18 മുറിവുകളുണ്ടായിരുന്നുവെന്ന് ഇൻക്വസ്റ്റ് റിപ്പോർട്ട് വെളിവാക്കുന്നു. കണങ്കാൽ പൊട്ടിയിരുന്നു, തൈറോയിഡ് തരുണാസ്ഥിക്കും, താടിക്കും തൈറോയിഡ് തരുണാസ്ഥിക്കുമിടയിലുള്ള എല്ലിനും പൊട്ടലുണ്ടായിരുന്നു, കണ്ണിൽ ആഴത്തിലുള്ള മുറിവ്. സ്വകാര്യഭാഗങ്ങളിലെ മുറിവുകളും രക്തപ്രവാഹവും സംഘം ചേർന്നുള്ള ബലാത്ക്കാരം തെളിയിക്കുന്നു. ഇങ്ങനെപോകുന്നു ഇൻക്വസ്റ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ. സംഭവസ്ഥലത്ത് ഒന്നിലേറെ ആളുകൾ ഉണ്ടായിരിക്കാനുള്ള സാധ്യതയിലേയ്ക്കാണ് ഇതെല്ലാം വിരൽ ചൂണ്ടുന്നത്. ഇത്ര ക്രൂരമായ പീഡനങ്ങൾക്ക് ഇരയാക്കപ്പെട്ടിട്ടും ഒരു ശബ്ദംപോലും ഉയർത്താൻ മൗമിതയ്ക്ക് കഴിയാതെ പോയത് എന്തുകൊണ്ടാണ്?

വീട്ടുകാരെ വിളിച്ച് മൗമിതയ്ക്ക് സുഖമില്ലെന്നും എത്രയുംവേഗം ആശുപത്രിയിലെത്തണമെന്നും അസിസ്റ്റന്റ് സൂപ്രണ്ട് ആദ്യം അറിയിച്ചു. ഗുരുതരാവസ്ഥയിലാണെന്നും എമർജൻസി ഡിപ്പാർട്ട്മെന്റിലേയ്ക്ക് മാറ്റിയെന്നും പുറകെ അറിയിച്ചു. പിന്നീട് വീട്ടുകാരെ വിളിക്കുന്നത് പോലീസ് ആണ്. മൗമിതയുടെ നില ഗുരുതരമാണെന്നാണ് പോലീസ് അറിയിച്ചത്. മൗമിത ആത്മഹത്യ ചെയ്തു എന്ന് വീണ്ടും അസിസ്റ്റന്റ് സൂപ്രണ്ട് വിളിച്ചറിയിച്ചു. മൗമിതയുടെ മൃതദേഹം കാണാൻ അനുവദിക്കാതെ മണിക്കൂറുകളോളം മാതാപിതാക്കളെ തടഞ്ഞുവച്ചതായും റിപ്പോർട്ടുകൾവന്നു.

മാത്രവുമല്ല, പോസ്റ്റ്മോർട്ടം നടത്തി, മൃതദേഹം സംസ്കരിക്കാൻ പോലീസ് അസ്വാഭാവികമായ തിടുക്കം കാട്ടി. എന്നാൽ ശക്തമായ പ്രതിഷേധവുമായി രംഗത്തുവന്ന ജൂണിയർ ഡോക്ടർമാരും നഴ്സുമാരും ഉയർത്തിയ സമ്മർദ്ദത്തെത്തുടർന്ന് മജിസ്ട്രേറ്റിന്റെ സാന്നിദ്ധ്യത്തിൽ, വീഡിയോ റിക്കോർഡിംഗ് നടത്തി പോസ്റ്റ്മോർട്ടം നടത്തേണ്ടിവന്നു. പോസ്റ്റ്മോർട്ടം നടത്തിയതിനുശേഷം വമ്പിച്ച പോലീസ് സന്നാഹത്തിന്റെ അകമ്പടിയോടെയും പോലീസിന്റെ മുൻകൈയിലും മാതാപിതാക്കളുടെ പ്രതിഷേധം വകവയ്ക്കാതെതന്നെ മൃതദേഹം സംസ്കരിച്ചു. മൃതദേഹം സംസ്കരിക്കാനുള്ള അനുമതിപത്രത്തിൽ ഒപ്പുവച്ചിരിക്കുന്നത് തൃണമൂൽ കോൺഗ്രസിന്റെ നേതാവാണെന്നും റിപ്പോർട്ടുകൾ പറയുന്നു. ഈ സംഭവങ്ങൾ നടക്കുന്നതിനിടയിൽത്തന്നെ മൗമിത കൊല്ലപ്പെട്ട സെമിനാർ ഹാളും അതിനോടുചേർന്ന് സ്ഥിതിചെയ്തിരുന്ന മുറിയും പുനർനിർമ്മാണത്തിന്റെ പേരിൽ പൊളിച്ചുകളഞ്ഞു. തുടർന്നുണ്ടായ വളരെ ദുരൂഹമായ മറ്റൊരു സംഭവം, സായുധരായ നൂറുകണക്കിന് ഗുണ്ടകൾ, ഭരണകക്ഷിയുടെ പിൻബലത്തിൽ, ആശുപത്രിയിലേയ്ക്ക് ഇരച്ചുകയറി കാഷ്വാലിറ്റിയും അഞ്ചാംനിലയും അടിച്ചുതകർത്തു എന്നതാണ്. ആശുപത്രിക്ക് സാരമായ കേടുപാടുകൾ വരുത്തി. തെളിവുനശിപ്പിക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ആശുപത്രിക്കുമുന്നിലെ സമരപന്തൽ അടിച്ചുതകർക്കുകയും പന്തലിലുണ്ടായിരുന്ന ഡോക്ടർമാരെയും നഴ്സുമാരെയും ഭീഷണിപ്പെടുത്തുകയും ചെയ്തു.

### പുറത്തുവരുന്നത് അഴിമതിയുടെ ഞെട്ടിക്കുന്ന വാർത്തകൾ

സംഭവത്തെത്തുടർന്ന് പ്രിൻസിപ്പാൾ ഉൾപ്പെടെയുള്ള കോളജ് അധികാരികളുടെയും സർക്കാർ വൃത്തങ്ങളുടെയും പോലീസ് ഉദ്യോഗസ്ഥരുടെയുമൊക്കെ നടപടികളും ഇടപെടലുകളും വളരെ അസ്വാഭാവികമായിരുന്നു, എന്തൊക്കെയോ നിഗൂഢതകൾ ഒളിപ്പിക്കാനുള്ള പരിശ്രമവും തിടുക്കവും ഉടനീളം പ്രകടമായിരുന്നു. മൗമിതയുടേത് ഒരു യാദൃശ്ചിക സംഭവമല്ല എന്നത് സാഹചര്യത്തെളിവുകൾ വ്യക്തമാക്കുന്നു. കൊലപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ മുൻകൂട്ടി തയ്യാറാക്കിയ ഒരു തിരക്കഥയ്ക്കനുസരിച്ചാണിത് നടന്നിരിക്കുന്നത്. കരുതിക്കൂട്ടി കൊലപ്പെടുത്തുവാനുംമാത്രം ആർക്കാണ് മൗമിതയോട് വൈരാഗ്യം, വൈരാഗ്യമുണ്ടെങ്കിൽ അതിന്റെ കാരണമെന്താണ് ഈവകകാര്യങ്ങളും കണ്ടെത്തേണ്ടിയിരിക്കുന്നു. കേസ് സിബിഐ ആണ് അന്വേഷിക്കുന്നത്. സത്യസന്ധമായി അന്വേഷണം നടത്തി വസ്തുതകൾ പുറത്തുകൊണ്ടുവരികയെന്നത് അനിവാര്യമാണ്. സത്യം അറിയാനുള്ള അവകാശം ജനങ്ങൾക്കുണ്ട്. മേലിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർക്കശമായ നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്.

കേസിൽ അറസ്റ്റിലായിരിക്കുന്ന, ആശുപത്രി വികസനസമിതിയുടെ ജീവനക്കാരനും സിവിൽ പോലീസ് പ്രതിനിധിയുമായ സഞ്ജയ് റോയി, ഡോ.സന്ദീപ് ഘോഷിന്റെയും പോലീസിന്റെയും അടുപ്പക്കാരനാണ്. ആശുപത്രിക്കുള്ളിൽ അനധികൃതവും അധാർമ്മികവുമായ പല പ്രവൃത്തികൾക്കും ചുക്കാൻ പിടിക്കുന്നയാളാണത്രേ പ്രതി. ഡോ.സന്ദീപ് ഘോഷും തെളിവ് നശിപ്പിച്ചതിന്റെ പേരിൽ സ്ഥലം പോലീസ് ഇൻസ്പെക്ടറും സിബിഐ കസ്റ്റഡിയിലാണ്. സംഭവം പുറത്തുവന്നയുടൻ ഡോ.സന്ദീപ് ഘോഷ് രാജി പ്രഖ്യാപിച്ചു, രാജി സ്വീകരിക്കാതെതന്നെ അദ്ദേഹത്തെ മറ്റൊരു തസ്തികയിൽ സർക്കാർ നിയോഗിച്ചു. സ്ഥാപനമേധാവി എന്ന നിലയിൽ സംഭവത്തിലെ നിജസ്ഥിതി പുറത്തുകൊണ്ടുവരാൻ ഉത്തരവാദിത്തത്തോടെ ഇടപെടേണ്ടതിനുപകരം രംഗത്തുനിന്നേ മാറിനിൽക്കാൻ അദ്ദേഹം ഒരുമ്പെട്ടത് എന്തുകൊണ്ടായിരിക്കും?

പ്രിൻസിപ്പാളായിരുന്ന ഡോ.സന്ദീപ് ഘോഷിന്റെ ആശീർവാദത്തോടെ മെഡിക്കൽ കോളജിൽ നടന്നുകൊണ്ടിരുന്നതായി ഇപ്പോൾ പുറത്തുവരുന്ന വാർത്തകൾ അക്ഷരാർത്ഥത്തിൽ ഞെട്ടലുളവാക്കുന്നതാണ്. വിദ്യാർത്ഥികൾ കോഴ്സ് പൂർത്തിയാക്കുകയോ പരീക്ഷ പാസ്സാകുകയോ ചെയ്യണമെങ്കിൽ വൻതുക പാരിതോഷികം നൽകണം, പരീക്ഷ എഴുതാതെയും ജയിക്കാം, ഹാജർ ആവശ്യത്തിന് ഇല്ലാതെയും ജയിക്കാം, ഉപാധിയൊന്നേയുള്ളൂ പണമിറക്കണം. കൂട്ടകോപ്പിയടി സ്ഥിരം പ്രതിഭാസമാണ്. ഇതിനിടയിൽ നന്നായി പഠിക്കുകയും പരീക്ഷയെഴുതുകയും ചെയ്യുന്ന വിദ്യാർത്ഥികൾ ജയിച്ചുപോകണമെന്നില്ല, അവർ നന്നായി ക്ലേശിക്കേണ്ടിവരും. വിദ്യാർത്ഥികൾക്ക് നിർവ്വാഹമില്ലാതെ പലപ്പോഴും ഈ ഗതികേടുകൾക്ക് വഴങ്ങേണ്ടിവരുന്നു. പിജി വിദ്യാർത്ഥികളുടെ തീസിസുകൾ പാസ്സാക്കിക്കിട്ടണമെങ്കിലും വൻതുക, അതും ലക്ഷങ്ങൾ ചിലവഴിക്കേണ്ടിവരുന്നു. ഇതിന്റെയൊക്കെ പേരിൽ വിദ്യാർത്ഥികളുടെമേൽ ലൈംഗികാതിക്രമങ്ങൾ നടക്കുന്നു. ക്യാമ്പസ്സിനുള്ളിൽ മദ്യവും മയക്കുമരുന്നും സുലഭം. മെഡിക്കൽ വിദ്യാർത്ഥികളുടെമേൽ നടക്കുന്ന അതിക്രമങ്ങളാണിവ. അതോടൊപ്പം ടെണ്ടർ വിളിക്കാതെ കോടിക്കണക്കിന് രൂപയുടെ പർച്ചേസിംഗ് നടത്തുക, മാനദണ്ഡങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട്, കൈക്കൂലിയുടെ അടിസ്ഥാനത്തിൽ ട്രാൻസ്ഫറുകൾ, പുതിയ നിയമനങ്ങൾ, എന്തിന് സ്ഥാനക്കയറ്റങ്ങൾപോലും വൻതുക ഈടാക്കിക്കൊണ്ട് നടത്തുക തുടങ്ങിയവയെല്ലാം മേൽനോട്ടം വഹിച്ചിരുന്നത് ഡോ.സന്ദീപ് ഘോഷും സംഘവുമായിരുന്നു. കാലഹരണപ്പെട്ട മരുന്നുകൾ തീയതി തിരുത്തി വിതരണം നടത്തുക, ജൈവമാലിന്യങ്ങൾ ദുരുപയോഗം ചെയ്യുക, ആശുപത്രിക്കുള്ളിൽ ഡോ.സന്ദീപ് ഘോഷിന്റെ ആശീർവാദത്തിൽ സെക്സ് റാക്കറ്റുപോലും പ്രവർത്തിക്കുന്നുവെന്നും മൃതദേഹങ്ങൾപോലും കരുവാക്കപ്പെടുന്നുവെന്നും വാർത്തകൾ വരുന്നു. സിബിഐയുടെ പ്രാഥമിക റിപ്പോർട്ട് ഈ വാർത്തകൾ പലതും ശരിവയ്ക്കുന്നു.

നോർത്ത് ബംഗാൾ ലോബി എന്ന പേരിൽത്തന്നെ ഇതര മെഡിക്കൽ കോളജുകളിലെ പല ഡോക്ടർമാരും ആരോഗ്യവകുപ്പിലെ ഉയർന്ന ജീവനക്കാരും ഭരണകക്ഷിയായ തൃണമൂൽ കോൺഗ്രസിന്റെ നേതാക്കന്മാരുമടങ്ങുന്ന സംഘം ആർജി കർ മെഡിക്കൽ കോളജുൾപ്പെടെ നിരവധി മെഡിക്കൽ കോളജുകളിലും ആരോഗ്യരംഗത്തെയപ്പാടെയും അഴിതിയുടെ കൂത്ത

(ശേഷം 11-ാം പേജിൽ)

# ഏകീകൃത പെൻഷൻ പദ്ധതി

# പങ്കാളിത്ത പെൻഷൻ നിലനിർത്താനുള്ള കുതന്ത്രം

**ഉറപ്പുള്ള സ്റ്റാറ്റ്യൂട്ടറി പെൻഷൻ അവകാശമാണ് എന്ന ഡിമാന്റിനുമേൽ രാജ്യമൊട്ടാകെ വളർന്നുവന്ന പ്രക്ഷോഭങ്ങളെ തണുപ്പിക്കാനാണ് കേന്ദ്രസർക്കാർ ഇപ്പോൾ ഏകീകൃത പെൻഷൻ പദ്ധതി അഥവാ യുപിഎസ് പ്രഖ്യാപിച്ചിരിക്കുന്നത്. യുപിഎസും ഓഹരി വിപണിയെ അടിസ്ഥാനപ്പെടുത്തിയുള്ള പങ്കാളിത്ത പെൻഷൻ തന്നെയാണ്.**

നിലവിൽ എൻപിഎസ് അഥവാ നാഷണൽ പെൻഷൻ സ്കീം എന്ന, സമ്പൂർണമായും തൊഴിലാളി വിരുദ്ധമായ പദ്ധതിക്കെതിരെ പ്രതിഷേധം വ്യാപകമായിരുന്നു. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ചെടുക്കുന്ന തുക സർക്കാർ വിഹിതത്തോടൊപ്പം ഓഹരി കമ്പോളത്തിൽ നിക്ഷേപിക്കുകയും, ജീവനക്കാർ പിരിയുമ്പോൾ പെൻഷൻ ഉറപ്പ് നൽകാതെ അവരുടെ ജീവിതങ്ങൾ വാർധക്യത്തിൽ വഴിമുട്ടുകയും ചെയ്യുന്നതായിരുന്നു എൻപിഎസ് എന്ന കമ്പോളാധിഷ്ഠിത പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ബാക്കിപത്രം. പിരിച്ചെടുക്കുന്ന സഹസ്രകോടികൾ ഓഹരി കമ്പോളത്തിലെ മൂലധന മുതലാളിമാരുടെ ഊഹക്കച്ചവടത്തിന് വിട്ടുകൊടുക്കുന്നു. ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ചുപറിക്കാൻ കാണിക്കുന്ന ആവേശം അവർക്ക് തിരികെ പെൻഷൻ നൽകുന്ന കാര്യത്തിൽ കാണാനില്ല. 1000 രൂപപോലും പെൻഷൻ കിട്ടാത്തവരുണ്ടെന്നത് അതിശയോക്തി അല്ല.

ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ഏകീകൃത പെൻഷൻ പദ്ധതിയുടെ പ്രധാന പ്രത്യേകതയായി സർക്കാർ അവകാശപ്പെടുന്നത് ജീവനക്കാർക്ക് പെൻഷൻ ഉറപ്പാക്കുന്നു എന്നതാണ്. പക്ഷേ ഇതും പങ്കാളിത്ത പെൻഷൻ പദ്ധതി തന്നെയാണ്. സർക്കാർ വിഹിതം എൻപിഎസിലെ 14 ശതമാനത്തിൽ നിന്നും 18.5 ശതമാനമായി വർദ്ധിപ്പിക്കും. നിലവിലുള്ള 10 ശതമാനമെന്ന ജീവനക്കാരുടെ വിഹിതം പുതിയ പദ്ധതിയിൽ വർദ്ധിപ്പിക്കില്ല എന്നാണ് വാഗ്ദാനം. അതുപോലെ തന്നെ, 10 വർഷം സർവീസ് ഉള്ളവർക്ക് കുറഞ്ഞ പെൻഷൻ 10,000 രൂപ കിട്ടും എന്ന് പറയുന്നു. 25 വർഷം പൂർത്തിയാക്കി വിരമിക്കുന്നവർക്ക് അവസാന 12 മാസത്തെ അടിസ്ഥാന ശമ്പളത്തിന്റെ ശരാശരിയും ക്ഷാമബത്തയും ചേർന്ന തുകയുടെ 50% പ്രതിമാസ പെൻഷൻ ഉറപ്പാക്കുമെന്ന് പറയുന്നു. സർവീസ് കാലാവധി പൂർത്തിയായി പെൻഷൻ ആകുന്നവർക്ക് ഗ്രാറ്റുവിറ്റിക്ക് പുറമെ ഒരു തുക അധികമായും നൽകും. പത്തു വർഷത്തിൽ താഴെ മാത്രം സേവനകാലാവധി ഉള്ളവർക്ക് പെൻഷനും ഈ തുകകളും നൽകുമോ എന്നതിൽ വ്യക്തതയില്ല. എൻപിഎസ് അവസാനിപ്പിച്ചിട്ടുമില്ല. പകരം രണ്ടിൽ ഏതു സ്വീകരിക്കണം എന്നത് ജീവനക്കാരുടെ തിരഞ്ഞെടുപ്പിന് വിട്ടിരിക്കുന്നു. അതു തന്നെ ആശയക്കുഴപ്പം ഉണ്ടാക്കുന്നു.

മേൽപ്പറഞ്ഞ പരിഷ്കാരങ്ങൾ നിലവിലുള്ള എൻപിഎസിനെ അപേക്ഷിച്ച് നോക്കുമ്പോൾ വളരെ സ്വീകാര്യമാണെന്ന തോന്നാം. എന്നാൽ ഇതും മറ്റൊരു പങ്കാളിത്ത പെൻഷൻ പദ്ധതി മാത്രമാണെന്നതാണ് യാഥാർത്ഥ്യം. എൻപിഎസ് കമ്പോളാധിഷ്ഠിത റിട്ടേൺ സമ്പ്രദായമാണെങ്കിൽ യുപിഎസ് സർവ്വീസ് – അടിസ്ഥാന ശമ്പളാധിഷ്ഠിതമാണ്. പഴയ പെൻഷൻ സ്കീമായ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ, പെൻഷൻ സർക്കാരിന്റെ അഥവാ തൊഴിലുടമയുടെ ഉത്തരവാദിത്തമാണ്. അവസാനശമ്പളത്തിന്റെ 50 ശതമാനം വരെ പ്രതിമാസ പെൻഷനും മിനിമം പെൻഷനും കുടുംബ പെൻഷനും കമ്മ്യൂട്ടേഷനും ക്ഷാമാശ്വാസവും ഗ്രാറ്റുവിറ്റിയും ഉറപ്പായിരുന്നു. ഇതിൽ പെൻഷനും കുടുംബപെൻഷനും പത്തുവർഷത്തെ സർവീസിന് കുറഞ്ഞ മിനിമം പെൻഷനുമാണ് യുപിഎസിൽ ഉറപ്പ് നൽകുന്നത്. ഉപഭോക്തൃ വിലസൂചിക ആധാരമാക്കിയ ക്ഷാമാശ്വാസവും ഗ്രാറ്റുവിറ്റിയും, കൂടാതെ വിരമിക്കുമ്പോളത്തെ സർവീസ് കാലാവധി കണക്കാക്കി ഒറ്റത്തവണ ലംപ്സം തുകയും നൽകും. എൻപിഎസിലാകട്ടെ യാതൊന്നിനും ഉറപ്പില്ല. എന്നാൽ വിരമിക്കുന്നയാളിന് എൻപിഎസിൽ പെൻഷൻ ഫണ്ടിലെ നീക്കിയിരുപ്പിൽ 60% തുക പിൻവലിക്കാമായിരുന്നത്, യുപിഎസിൽ സാധിക്കില്ല. വാഗ്ദാനം ചെയ്തിട്ടുള്ളതിൽ മറ്റു കാര്യങ്ങൾ തന്നെ പ്രായോഗികതലത്തിലെത്തുമ്പോൾ എന്തുതരത്തിലാകും എന്നതിലും നിലവിൽ വ്യക്തതയില്ല. എന്തായാലും ഇതും പങ്കാളിത്തരൂപത്തിലുള്ളതും, പണം ഓഹരിക്കമ്പോളത്തിൽ നിക്ഷേപിക്കപ്പെടുന്നതുമാകും എന്നതിൽ സംശയമില്ല. എൻപിഎസിലൂടെ സമാഹരിക്കപ്പെട്ട പത്തുലക്ഷം കോടി രൂപയോളമാണ് ഓഹരിക്കമ്പോളത്തിലേക്ക് ഇതുവരെ ഒഴുക്കിവിട്ടത്. അതുകൊണ്ടുതന്നെ ഏതെങ്കിലും രൂപത്തിൽ ഈ പദ്ധതി നിലനിർത്തേണ്ടത് മുതലാളിത്തത്തിന്റെ ആവശ്യമാണ്.

ജീവിതകാലത്തിന്റെ നല്ല പങ്ക് തൊഴിലെടുത്ത ഒരാളെ സംബന്ധിച്ചിടത്തോളം, വാർധക്യത്തിൽ പിന്തുണ നൽകേണ്ടത് തൊഴിലുടമയുടെ കടമയാണ്. അതിനുള്ള മാർഗമാണ് പെൻഷൻ. മാറ്റിവെക്കപ്പെട്ട ശമ്പളമാണണത്, അധിക ബാധ്യതയോ ഔദാര്യമോ അല്ല. പ്രത്യേകിച്ചും സർക്കാരിന്റെ ഭാഗമായി പണിയെടുക്കുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർ ജോലിയെടുക്കുന്നത് സമൂഹത്തിനാകമാനം വേണ്ടിയാണ്. അവിടെ സർക്കാർ, മാതൃകാ തൊഴിൽ ദാതാവ് എന്ന നിലയിൽ നിർവഹിക്കേണ്ട ഉത്തരവാദിത്തം ആണ് പെൻഷൻ നൽകുകയെന്നത്. എന്നാൽ എൻപിഎസിൽ, ജീവനക്കാരിൽ നിന്നും പണം പിരിച്ച് പൊതുഖജനാവിൽ നിന്നുള്ള വിഹിതവും ചേർത്ത് ഓഹരിക്കമ്പോളത്തിൽ ചൂതാട്ടത്തിന് വിട്ടുകൊടുക്കുകയാണ്. ഇത് തികച്ചും മുതലാളിവർഗ്ഗ താൽപ്പര്യമാണ്. പുതിയ യുപിഎസിലേക്ക് വരുമ്പോൾ ഇതിൽ നിന്നും എന്താണ് വ്യത്യാസം? ആര് എങ്ങനെ ഇത് നടപ്പാക്കും? യൂണിഫൈഡ് പെൻഷൻ എന്ന പേരിട്ടുവഴി നിലവിൽ സ്റ്റാറ്റ്യൂട്ടറി പെൻഷന് അർഹതയുള്ളവർക്കും ഇത് ബാധകമാക്കുമോ? അതായത്, നിലവിൽ സ്റ്റാറ്റ്യൂട്ടറി പെൻഷനു കീഴിലുള്ളവരെയും യുപിഎസിനു കീഴിലേക്ക് മാറ്റാൻ സാധ്യതയുണ്ടോ?കാര്യങ്ങൾ ഇനിയും വ്യക്തമാക്കേണ്ടതുണ്ട്. അപ്രഖ്യാപിത നിയമനനിരോധനംമൂലം ആൾക്ഷാമംകൊണ്ട് വീർപ്പുമുട്ടുകയാണ് എല്ലാ വകുപ്പുകളിലും ജീവനക്കാർ. അവർ എൻപിഎസിന് എതിരെ സമരരംഗത്ത് അണിനിരക്കുന്ന സാഹചര്യമുണ്ട്. പ്രതിപക്ഷം ഭരിക്കുന്ന ചില സംസ്ഥാനങ്ങൾ പഴയ പെൻഷൻ പദ്ധതിയിലേക്ക് മടങ്ങിപ്പോകാൻ ശ്രമിക്കുന്നു. ഈ സാഹചര്യത്തിലാണ് കേന്ദ്രസർക്കാർ ധനസെക്രട്ടറി ചെയർമാനായി, എൻപിഎസിൽ മാറ്റങ്ങൾ ആവശ്യമാണോ എന്ന് പഠിക്കാൻ കമ്മിറ്റിയെ നിയോഗിച്ചത്. ഈ കമ്മിറ്റിയുടെ നിർദ്ദേശാനുസരണമാണ് പുതിയ പദ്ധതി പ്രഖ്യാപിക്കുന്നത്.വ്യത്യസ്തമായ പുതിയപദ്ധതി എന്നൊക്കെ സർക്കാർ പറയുന്നുണ്ടെങ്കിലും നിലവിലെ പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ അതേ മാതൃകയിലുള്ള, എന്നാൽ കമ്പോളശക്തികളുടെ വ്യതിയാനങ്ങൾക്ക് കാര്യങ്ങൾ പൂർണ്ണമായി വിടാതിരിക്കുന്ന ഒരു പദ്ധതി മാത്രമാണ്. യുപിഎസിൽ, എൻപിഎസിന്റെയും പഴയ സ്റ്റാറ്റ്യൂട്ടറി പെൻഷന്റെയും ഘടകങ്ങളുണ്ട്. പ്രത്യക്ഷത്തിൽ എൻപിഎസിനെ അപേക്ഷിച്ച് കുറച്ച് മെച്ചങ്ങൾ യുപിഎസിൽ തോന്നാമെങ്കിലും ഇതും ഏറെ അവ്യക്തതകളുള്ള, മറ്റൊരു രൂപത്തിലുള്ള പങ്കാളിത്ത പെൻഷൻ മാത്രമാണെന്ന് മനസ്സിലാക്കണം.



ഇതിലൂടെ, ജീവനക്കാരെ തെറ്റിദ്ധരിപ്പിച്ച് താൽക്കാലികമായെങ്കിലും അവരുടെ ക്ഷോഭം തണുപ്പിക്കാനും, ഓഹരിക്കമ്പോളത്തിന് വിധേയമല്ലാത്ത സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേക്കുള്ള തിരിച്ചുപോക്ക തടയനും സർക്കാർ ശ്രമിക്കുന്നു. ജീവനക്കാരിൽ നിന്ന് പിരിക്കുന്നതും സർക്കാരിൽ നിന്നുള്ള വർധിച്ച വിഹിതവും, തുടർന്നും കോർപ്പറേറ്റ് താൽപര്യാർത്ഥം തന്നെ നിക്ഷേപിക്കപ്പെടും. 2004ൽ ജോലിക്ക് ചേർന്ന ഒരാൾ 25 വർഷം പൂർത്തിയാക്കാൻ 2029 ആകുമെന്നിരിക്കെ, ഇതിൽ പറയുന്ന 25 വർഷത്തെ കാലാവധി കഴിയുമ്പോൾ എങ്ങനെ, എത്ര പെൻഷൻ കിട്ടും എന്നറിയാൻ നമ്മൾ ഇനിയും കാത്തിരിക്കണം.

സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനാവശ്യ ബാധ്യതയാണെന്ന പ്രചാരണവും ഏറെക്കാലമായി മുതലാളിത്തലോകവും അവരുടെ മാധ്യമങ്ങളും നടത്തുന്നുണ്ട്. എന്നാൽ, കേന്ദ്രസർക്കാരാകട്ടെ, കേരളമടക്കം വിവിധ സംസ്ഥാനസർക്കാരുകളാകട്ടെ, ഒരുവർഷം വായ്പകളുടെ പലിശ കൊടുക്കുന്ന തുക ഇന്ന് പെൻഷനുവേണ്ടി മാറ്റിവെയ്ക്കുന്നതിലും അധികമാണ്. അതിലും എത്രയോ കൂടുതലാണ്, നിക്ഷേപം വളർത്താനെന്ന പേരിൽ കോർപ്പറേറ്റുകൾക്ക് നൽകുന്ന ഇളവുകളും അവരുടെ കടം എഴുതിത്തള്ളാനും മറ്റ് വിവിധ പേരുകളിൽ അവർക്ക് പണം കൈമാറാനും സർക്കാരുകൾ ചെലവാക്കുന്നത്. പെൻഷൻ അവകാശമാകുമ്പോൾ രാജ്യത്തെ വൃദ്ധജനങ്ങൾ വലിയൊരളവിൽ സ്വയംപര്യാപ്തരാവുകയാണ്. അവരുടെ കഴിവുകളും അനുഭവജ്ഞാനവും തുടർന്നും സമൂഹത്തിന് ലഭിക്കുന്നു. വാർധക്യത്തിൽ ജനത്തെ സംരക്ഷിക്കാനും പരിരക്ഷ ഉറപ്പാക്കാനുമുള്ള ബാധ്യത ഒരു ജനാധിപത്യ ക്ഷേമരാഷ്ട്രത്തിനുണ്ടെന്നത് നമ്മൾ മറന്നുപോകരുത്. ആ ക്ഷേമരാഷ്ട്ര സങ്കൽപ്പത്തിന്റെ ഭാഗമാണ് പെൻഷനും. മാത്രവുമല്ല, അവരുടെ കൈവശമെത്തുന്ന പണം പൊതുവിപണിയെ കൂടുതൽ സജീവമാക്കുന്നുണ്ട്. രാജ്യത്തെ ജനസംഖ്യയിൽ വൃദ്ധരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കെ, അവരുടെ കൈവശം കുറഞ്ഞ വരുമാനം പോലുമില്ല എന്നുവരുന്നത് രാഷ്ട്രസമ്പദ്ഘടനയെ തന്നെ ബാധിക്കും. ആളുകളുടെ കൈയിൽ പണം എത്താത്തത് നിലവിൽ മരണാസന്നമായ മുതലാളിത്ത കമ്പോളത്തെ രൂക്ഷമായി ബാധിക്കുന്നുണ്ട്. തികച്ചും മുതലാളിത്ത താൽപ്പര്യങ്ങൾ തന്നെയാണ് ഈ പദ്ധതിക്കും പിന്നിൽ എന്നിരിക്കെ, ഈ പരിഷ്കരിച്ച പങ്കാളിത്ത പെൻഷൻ പദ്ധതിയാൽ തെറ്റിദ്ധരിക്കപ്പെട്ട് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി നടപ്പാക്കുക എന്ന ആവശ്യത്തിൽ നിന്ന് ജീവനക്കാർ പിന്നോട്ട് പോകരുത്. ജീവനക്കാർ തികച്ചും ന്യായമായ ആവശ്യത്തിനുമേൽ പടുത്തുയർത്തിയിരിക്കുന്ന ഈ സമരം അവഗണിക്കാൻ കഴിയാത്തവിധം രാജ്യത്ത് കരുത്താർജ്ജിച്ചിരിക്കുന്നു, അത് സർക്കാരിന്റെ നയം തിരുത്തിക്കുവാൻ കഴിയുംവിധം വളർന്നിരിക്കുന്നു. അത് ലക്ഷ്യത്തിലേക്ക് അടുത്തിരിക്കുന്നു എന്നാണ് ഈ പുതിയ പദ്ധതി പ്രഖ്യാപനം കാണിക്കുന്നത്. സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുംവരെ പിൻമാറില്ലെന്ന് ദൃഢപ്രതിജ്ഞ എടുത്ത്, പ്രക്ഷോഭം കൂടുതൽ ഐക്യത്തോടെ ശക്തമായി മുന്നോട്ടു കൊണ്ടുപോകണമെന്ന് എല്ലാ ജീവനക്കാരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# കർഷകരെ പരിഗണിക്കാത്ത കേന്ദ്രസർക്കാരിന്റെ റബ്ബർ നയം

**കർഷകരെ തെല്ലും പരിഗണിക്കാതെയും എന്നാൽ വ്യവസായികളുടെ താത്പര്യങ്ങൾ പരമാവധി സംരക്ഷിച്ചുകൊണ്ടും 2014 മുതലുണ്ടായ നയം മാറ്റത്തിന്റെ തുടർച്ചയായാണ് പുതിയ റബ്ബർ ബിൽ (റബ്ബർ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ആക്ട് 2023) അവതരിപ്പിച്ചിരിക്കുന്നത്. ഇന്ത്യയിലെ ഏകദേശം 67 ശതമാനം റബർ ഉത്പാദിപ്പിക്കുന്ന 13 ലക്ഷത്തോളം ചെറുകിട കർഷകരെ വളരെ പ്രതികൂലമായി ബാധിക്കുന്നതാണ് കേന്ദ്ര സർക്കാരിന്റെ ഈ നീക്കം.**

### കേരളത്തിലെ കർഷകർക്ക് തിരിച്ചടി

റബ്ബർ ബോർഡ് കർഷകർക്കും തൊഴിലാളികൾക്കും ആർപിഎസുകൾക്കും നൽകിയിരുന്ന 20 പദ്ധതികൾ ഇതിനോടകം നിർത്തലാക്കി. 1400ലധികം ഉദ്യോഗസ്ഥരുണ്ടായിരുന്നത് ഇപ്പോൾ 600 ആയി ചുരുങ്ങി. ചെയർമാൻ ഐഎഎസ് കാരനാകണമെന്ന നിബന്ധന ഇല്ലാതാക്കി. എക്സിക്യൂട്ടീവ് ഡയറക്ടർ പുതിയ അധികാരിയായി. ഫലത്തിൽ റബ്ബർബോർഡിനെ നോക്കുകുത്തിയാക്കി, പല അധികാരങ്ങളും മരവിപ്പിച്ചു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ടയർ വ്യവസായികൾക്കുൾപ്പെടെ ഹെക്ടറിന് ഒന്നരലക്ഷം രൂപ നൽകി റബ്ബർ കൃഷി വ്യാപിപ്പിക്കുന്നു. അതേ സമയം കേരളത്തിൽ പുതുകൃഷിക്ക് കേവലം 25000 രൂപ മാത്രമാണ് റബ്ബർ ബോർഡ് നൽകുന്നത്. റബ്ബർ ഇറക്കുമതിക്ക് 25 ശതമാനം ഇറക്കുമതിചുങ്കമുണ്ടെങ്കിലും വ്യവസായികൾ 10 ശതമാനത്തിന് ഐവറികോസ്റ്റിൽനിന്നും കോമ്പൗണ്ട് റബ്ബർ ഇറക്കുമതിചെയ്ത് വലിയ തോതിൽ നികുതി വെട്ടിപ്പ് നടത്തുന്നു.

### റബ്ബറിന് മിനിമം താങ്ങുവില (എംഎസ്പി) നൽകണം

റബ്ബറിന് മിനിമം താങ്ങുവില നിയമപരമായി നടപ്പിലാക്കുകയും സർക്കാർ ആ വിലയ്ക്ക് സംഭരിക്കുകയും ചെയ്താൽ റബ്ബർ കർഷകർക്ക് അത് ഗുണം ചെയ്യും. ഇപ്പോൾ താത്കാലികമായി കിലോയ്ക്ക് 250 രൂപവരെ ഉയർന്ന വില ലഭിച്ചത് നിലനിൽക്കില്ല എന്നത് ഏവർക്കുമറിയാം. എന്നാൽ ആ വിലവർദ്ധനവിന്റെ പേരിൽ ടയർ ഉൾപ്പെടെയുള്ള ഉത്പന്നങ്ങൾക്ക് വ്യവസായികൾ വൻതോതിൽ വില വർദ്ധിപ്പിക്കുകയും ചെയ്യും. സ്വാഭാവിക റബ്ബറിന് ഭീഷണിയായ സിന്തറ്റിക് റബ്ബർ, റിക്ലെയിംഡ് റബ്ബർ തുടങ്ങിയ വ്യവസായങ്ങളെയും റബ്ബർബോർഡിന്റെ കീഴിൽ നിലനിർത്തി കർഷകനെ സഹായിക്കാനും ടയർ ഇതര ഉത്പന്ന വ്യവസായങ്ങളെ, ഇറക്കുമതിചുങ്കം വർദ്ധിപ്പിച്ചു സംരക്ഷിക്കാനും കേന്ദ്ര സർക്കാർ തയ്യാറാകണം. ഉപയോഗിച്ച ടയറിന്റെ ഇറക്കുമതി പൂർണ്ണമായും നിരോധിക്കണം. റബ്ബറൈസ്ഡ് റോഡുകളുടെ നിർമ്മാണത്തിന് സ്വാഭാവിക റബ്ബർ മാത്രം ഉപയോഗിക്കുക എന്ന നിബന്ധന ഉണ്ടാക്കണം. റബ്ബർബോർഡിന്റെ സ്വയംഭരണ സ്വാതന്ത്ര്യം നിലനിർത്തി കർഷക അനുകൂല നിലപാട് കേന്ദ്രസർക്കാർ കൈക്കൊണ്ടാൽ മാത്രമേ ചെറുകിട കർഷകർക്ക് കൃഷിതുടർന്നുകൊണ്ടുപോകുവാൻ കഴിയൂ. ലാഭകരമായി കൃഷി മുന്നോട്ടുകൊണ്ടുപോ കുവാൻ കിലോഗ്രാമിന് 300 രൂപ മിനിമം താങ്ങുവില ലഭിക്കുകയും വേണം.

റബ്ബർ കർഷകർക്ക് ഏറെ പ്രതികൂലമായ ഒരു കർഷകവിരുദ്ധ കരാറായിരുന്നു 2010ൽ ഒപ്പിട്ട ആസിയാൻ കരാർ. ഇതിനെ തുടർന്ന് ഇന്ത്യൻ വിപണിവിദേശ റബ്ബർ ഇറക്കുമതിക്ക് തുറന്നുകൊടുത്തു. വ്യവസായികൾ ഇതേ ഇറക്കുമതി ചൂണ്ടിക്കാട്ടി ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന റബ്ബറിന് വില കുത്തനെ



ഇടിക്കുകയും കേന്ദ്രസർക്കാർ ഈ കൊള്ളക്ക് കൂട്ടുനിൽക്കുകയുംചെയ്തു. ഇങ്ങനെ വിലയിടിച്ചു വാങ്ങിച്ച റബ്ബർ ഉപയോഗിച്ചുണ്ടാക്കുന്ന ടയർ ഉയർന്ന വിലക്ക് വിൽക്കുകയും ചെയ്യുന്നു. ഈ കോർപ്പറേറ്റ് കൊള്ള പുറത്തുകൊണ്ടുവന്ന ഒരു വിധിയായിരുന്നു 2022 ഫെബ്രുവരി മാസത്തിൽ ആറ് വൻകിട ടയർകമ്പനികൾക്ക് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ(സിസിഐ) 1788 കോടി രൂപ പിഴ ചുമത്തിയത്. 2011 മുതൽ രാജ്യത്തെ കോമ്പറ്റീഷൻ നിയമത്തിലെ മൂന്നാംവകുപ്പ് ലംഘിച്ച് കാർടിലൈസേഷൻ നടത്തി എന്ന കുറ്റത്തിന് അപ്പോളോ ടയേഴ്സ് ( 425.53 കോടി), എംആർഎഫ് ലിമിറ്റഡ്(622.09 കോടി), ജെകെ ടയർ (309.95 കോടി), സീയറ്റ് ലിമിറ്റഡ്(252.16 കോടി), ബിർള ടയേഴ്സ് ( 178.33 കോടി) എന്നീ അഞ്ച് കമ്പനികൾക്കാണ് സിസിഐ പിഴ ചുമത്തിയത്. ഇതിനുപുറമെ ഇവരുടെ കൂട്ടായ്മയായ ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷനും (എടിഎംഎ) 8.4 ലക്ഷം രൂപ പിഴചുമത്തിയിരുന്നു. ഒരേസമയം കർഷകരെയും ഉപഭോക്താക്കളെയും നിരന്തരം കബളിപ്പിച്ച് ശതകോടികൾ സമ്പാദിച്ചതിന് പിഴയായി കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ചുമത്തിയ പിഴ അവരിൽ നിന്നും ഈടാക്കി കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്. റബ്ബറിന്റെ അനിയന്ത്രിതമായ ഇറക്കുമതി ബഫർ സ്റ്റോക്കിനിടയാക്കുകയും വീണ്ടും ആഭ്യന്തര വില ഇടിക്കുകയും വ്യവസായികളെ സഹായിക്കുകയും ചെയ്യും. ഈ സാഹചര്യവും ഒഴിവാക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം. ■

# അഖിലേന്ത്യാ വിദ്യാർത്ഥി സമ്മേളനം

## സമരസന്ദേശമുയർത്തി

# വിദ്യാർത്ഥി ശക്തി

## സംസ്ഥാന ജാഥ

**വി**ജ്ഞാനത്തെ ഉന്മൂലനം ചെയ്യുന്ന 'ദേശീയ വിദ്യാഭ്യാസ നയം 2020'നെതിരെ രാജ്യവ്യാപകമായി വിദ്യാഭ്യാസ സംരക്ഷണ പ്രസ്ഥാനം പടുത്തുയർത്തുകയെന്ന ഉത്തരവാദിത്തം ഒരു വിപ്ലവ വിദ്യാർത്ഥി പ്രസ്ഥാനം എന്ന നിലയിൽ എഐഡിഎസ്ഒ നിർവഹിച്ചു വരികയാണ്. ഈ പ്രവർത്തനങ്ങളുടെ മധ്യേയാണ് എഐഡിഎസ്ഒ സംഘടിപ്പിക്കുന്ന പത്താം അഖിലേന്ത്യാ സമ്മേളനം നവംബർ 27 മുതൽ 30 വരെ ഡൽഹിയിൽ നടക്കുന്നത്. എൻഇപി 2020നെതിരായ സമരമുഖത്ത് വിദ്യാർത്ഥികളോടൊപ്പം രാജ്യത്തെ ഇടതു-ജനാധിപത്യ മന:സാക്ഷിയെക്കൂടി അണിനിരത്തിക്കൊണ്ടാണ് ഈ സമ്മേളനം നടക്കുന്നത്. ചരിത്ര പണ്ഡിതൻ പ്രൊഫ.ഇർഫാൻ ഹബീബാണ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നത്. ഭഗത് സിംഗ് ആർകൈവ്സിന്റെ ഉപദേശകനും എഴുത്തുകാരനുമായ പ്രൊഫ. ചമൻ ലാൽ മുഖ്യാതിഥിയായി പങ്കെടുക്കും. തലമുതിർന്ന ചരിത്ര പണ്ഡിത പ്രൊഫ. റൊമില ഥാപ്പർ ഉൾപ്പെടെ നൂറിലധികം അധ്യാപകരും സാമൂഹ്യ-സാംസ്കാരിക നായകരും ഈ സമ്മേളനം വിജയിപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അഭ്യർത്ഥനയിൽ ഒപ്പുവെച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തെ വാണിജ്യവത്ക്കരിക്കുകയും വർഗ്ഗീയവത്ക്കരിക്കുകയും കേന്ദ്രീകരിക്കുകയും ചെയ്യുന്ന ദേശീയ വിദ്യാഭ്യാസ നയത്തിനെതിരായ സമരമുഖം ശക്തിപ്പെടണമെന്ന ആഗ്രഹമാണ് അകമഴിഞ്ഞ ഈ പിന്തുണയ്ക്ക് കാരണം.

മോദി സർക്കാർ ഏകപക്ഷീയമായി അടിച്ചേൽപ്പിച്ച എൻഇപി നടപ്പിലാക്കുന്നതിൽ മുൻപന്തിയിലാണ് കേരളം. എൻഇപിയ്ക്കെതിരെ ശക്തമായ പോർമുഖം തുറക്കാൻ പ്രാപ്തമായ ഇടതു മനസ്സാക്ഷി പേറുന്ന കേരളത്തിൽ, ആ സമരരംഗത്തെ ദുർബലപ്പെടുത്തിക്കൊണ്ട് എൽഡിഎഫ് സർക്കാർ എൻഇപിയുടെ നിർദ്ദേശങ്ങൾ ഓരോന്നായി നടപ്പിലാക്കി വരികയാണ്. ദേശീയ നയത്തിലെ അപകടകരമായ നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞുകൊണ്ട് കേരളം തനതായി ആവിഷ്ക്കരിച്ച പദ്ധതികൾ എന്ന പേരിൽ നാലുവർഷ ഡിഗ്രിയും സ്കൂൾ തലം മുതൽ കൈത്തൊഴിൽ പരിശീലനവുമെല്ലാം ആരംഭിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് സ്വകാര്യമൂലധന നിക്ഷേപത്തിന് അരങ്ങൊരുക്കുകയാണ്.

ഏതൊരു പരിഷ്കൃത സമൂഹത്തിന്റെയും അടിത്തറ അതിന്റെ വിദ്യാഭ്യാസ സംവിധാനമാണ്. വിദ്യാഭ്യാസം മനുഷ്യർക്ക് അറിവിന്റെ വെളിച്ചം പ്രദാനം ചെയ്യുന്നതോടൊപ്പം യുക്തിസഹമായ ചിന്തയും ശാസ്ത്രാവബോധവും സജീവമായി നിലനിർത്തുകയും വേണം. വിദ്യാഭ്യാസത്തിന്റെ ഈ അടിസ്ഥാന സങ്കൽപ്പങ്ങൾ നിരാകരിച്ചുകൊണ്ടുള്ള നയങ്ങളാണ് കേരളത്തിലും നടപ്പിലാക്കപ്പെടുന്നത്. ഈ സാഹചര്യത്തിൽ വിജ്ഞാനത്തെ സംരക്ഷിക്കുവാൻ കക്ഷിരാഷ്ട്രീയ ഭേദമന്യേ ഒരു സമരമുഖം നമ്മുടെ സംസ്ഥാനത്തും വളർന്നു വരണം. മോദി സർക്കാരിന്റെ വിദ്യാഭ്യാസനയം ഒളിച്ചു കടത്തുന്ന സംസ്ഥാന ഭരണത്തിനെതിരെ, ജനാധിപത്യപരമായ വിദ്യാഭ്യാസ സംരക്ഷണ സമരൈക്യത്തിന്റെ പതാകവഹാകരാകുവാൻ കേരളത്തിലെ അക്കാദമിക സമൂഹം സജ്ജമാകണം.

അഖിലേന്ത്യാ സമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ ഈ സമരസന്ദേശം പ്രചരിപ്പിച്ചുകൊണ്ട് എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒക്ടോബർ 21 മുതൽ നവംബർ 10 വരെ സംസ്ഥാന പ്രസിഡന്റ് ഡോ.എസ്.അലീന നയിക്കുന്ന വിദ്യാർത്ഥി ശക്തി സംസ്ഥാന ജാഥ നടക്കുകയാണ്. ഒക്ടോബർ 21ന് തിരുവനന്തപുരത്ത് എഐഡിഎസ്ഒ അഖിലേന്ത്യാ പ്രസിഡന്റ് വി.എൻ.രാജശേഖർ ജാഥ ഉദ്ഘാടനം ചെയ്യും. വിദ്യാർത്ഥി സമര രാഷ്ട്രീയ പ്രചരണ ജാഥയുടെ സന്ദേശം പ്രചരിപ്പിക്കുന്ന കലാജാഥയും ഉണ്ടായിരിക്കും. 21ന് തിരുവനന്തപുരത്ത് നിന്നും ആരംഭിച്ച് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ജാഥ പര്യടനം നടത്തും. ■

# വയനാട് ദുരന്തബാധിതർക്ക് അന്തസ്സായി ജീവിക്കാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണം

ദുരന്തബാധിതരുടെ എല്ലാ കടങ്ങളും സർക്കാർ ഏറ്റെടുക്കുക, അന്തസ്സായി ജീവിക്കാൻ തൊഴിലും വരുമാനവും ഉറപ്പാക്കുക, വാസസ്ഥലം നഷ്ടപ്പെട്ട എല്ലാവർക്കും കാലതാമസം കൂടാതെ മെച്ചപ്പെട്ട ഭവനങ്ങ നിർമ്മിച്ച് നൽകുക എന്നിവ ദുരിതബാധിതരുടെ അടിയന്തര ആവശ്യകതകളാണ്. വയനാട് ജില്ലയിലെ മുണ്ടക്കൈയിലും ചൂരൽമലയിലും ഉരുൾപൊട്ടലുണ്ടായിട്ട് രണ്ട് മാസം പിന്നിടുകയാണ്. മേപ്പാടി ടൗണിൽനിന്നും ഏകദേശം പതിനഞ്ചു കിലോമീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശം ഇന്ന് മൂകമാണ്. ആയിരക്കണക്കിന് ജനങ്ങൾ അധിവസിച്ചിരുന്നയിടം പൊടുന്നനെ വാസയോഗ്യമല്ലാതായിരിക്കുന്നു. പ്രകൃതിയോട് മല്ലിട്ടും വന്യമൃഗങ്ങളിൽ നിന്ന് സ്വയം സംരക്ഷിച്ചുകൊണ്ടുമാണ് ജനങ്ങൾ ജീവിച്ചിരുന്നത്. അതുകൊണ്ടുതന്നെ കൂട്ടായ്മയിൽ അധിഷ്ഠിതമാണ് ഇവിടെ ജീവിതം. മൂന്നോ, നാലോ തലമുറകളായി തേയിലനുള്ളി ജീവിച്ചുവന്നിരുന്നവരാണ് ഈ മേഖലയിലെ ബഹുഭൂരിപക്ഷവും.

തേയിലതോട്ടങ്ങളിൽ തുച്ഛമായ കൂലിക്ക് പണിയെടുത്ത്, അരിഷ്ടിച്ച് ജീവിതം തള്ളിനീക്കി മിച്ചംപിടിച്ച പണംകൊണ്ട് തുണ്ടുഭൂമി വാങ്ങി വീടുവച്ചാണ് അവർ അവിടെ ജീവിച്ചിരുന്നത്. ജീവിതത്തിന്റെ നല്ല സമയം മുഴുവൻ തോട്ടങ്ങളിൽ ചിലവഴിച്ചവരുടെ പുതുതലമുറ മെച്ചപ്പെട്ട വിദ്യാഭ്യാസം നേടിയും പുതിയ തൊഴിൽ സമ്പാദിച്ചും ജീവിതം ആരംഭിച്ചിട്ടേയുള്ളൂ. ഇങ്ങനെ ജീവിതത്തെ വളരെ പ്രതീക്ഷയോടെ നോക്കിക്കണ്ട ഒരു ജനതയാണ് ഒറ്റ രാത്രികൊണ്ട് ഇല്ലാതായത്. എത്രയോപേർ ഇനിയും മണ്ണിനടിയിലാണ്. ദുരന്തത്തിനിരയായ ബഹുഭൂരിപക്ഷംപേരും അവർ ജീവിച്ച സ്ഥലത്തിന്റെ ഇപ്പോഴത്തെ അവസ്ഥ കണ്ടിട്ടില്ല, അവർക്ക് കാണാൻ കഴിയില്ല.

ദുരന്തത്തെ അതിജീവിച്ചവർ ആദ്യദിവസങ്ങളിൽ ക്യാമ്പുകളിൽ ഒരുമിച്ചുണ്ടായിരുന്നു. അവർ പരസ്പരം ആശ്വസിപ്പിച്ചു, പിന്തുണനൽകി. എന്നാൽ, വാടകവീട് കണ്ടെത്തി ക്യാമ്പിൽനിന്നും പിരിഞ്ഞുപോകാനുള്ള സർക്കാരിന്റെ നിർദ്ദേശം അവരെ സംബന്ധിച്ച് വലിയ ആഘാതമായി. മക്കളെയും മാതാപിതാക്കളെയും ബന്ധുജനങ്ങളെയും നഷ്ടപ്പെട്ട്, മനസ്സ് മരവിച്ചവർ വീടന്വേഷിച്ച് നടത്തിയ പരക്കംപാച്ചിൽ അങ്ങേയറ്റം വേദനയുളവാക്കുന്ന കാഴ്ചയായിരുന്നു. വയനാട് പോലൊരു ടൂറിസ്റ്റ് മേഖലയിൽ 6000 രൂപയ്ക്ക് എങ്ങനെയാണ് വീട് ലഭ്യമാകുന്നത്? 6000 രൂപയുടെ വീടന്വേഷിച്ച് ജില്ലയൊട്ടാകെ ആളുകൾ പരക്കം പാഞ്ഞു. ഈ തുകയ്ക്ക് കണ്ടെത്തിയ വീടുകൾ പലതും വെള്ളമോ വൈദ്യുതിയോ ഇല്ലാത്തവയാണ്. പൊട്ടിപ്പൊളിഞ്ഞ ഇത്തരം വീടുകൾ വൃത്തിയാക്കി ഉപയോഗയോഗ്യമാക്കി മാറ്റുക എന്നത് അങ്ങേയറ്റം ശ്രമകരമായി. വീട്ടുപകരണങ്ങൾ സംഘടിപ്പിക്കാനുള്ള നെട്ടോട്ടമായിരുന്നു പിന്നീട്. ദുരന്തത്തെ അതിജീവിച്ചവർ കഴിഞ്ഞ രണ്ട് മാസമായി ഈ നെട്ടോട്ടം തുടരുകയാണ്.

സർക്കാരിന്റെ സഹായം എത്ര നാളത്തേയ്ക്ക് തുടരുമെന്നത് സംബന്ധിച്ച് ജനങ്ങൾക്ക് യാതൊരു വ്യക്തതയുമില്ല. വീട്ടുവാടക കൂടാതെ, ഓരോ വീട്ടിലെയും മുതിർന്ന പൗരന്മാർക്ക് പ്രതിദിനം 300 രൂപ നൽകുമെന്നാണ് സർക്കാരിന്റെ പ്രഖ്യാപനം. നിലവിൽ ഇത് പലർക്കും ലഭിക്കുന്നില്ല. മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായവും പൂർണ്ണമായി ലഭിച്ചിട്ടില്ല. ധനസഹായത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ആളുകൾ കളക്ടറേറ്റും പഞ്ചായത്ത് ഓഫീസും പോലീസ് സ്റ്റേഷനും കയറിയിറങ്ങുന്ന കാഴ്ച എവിടെയും കാണാം. പുത്തുമല ദുരന്തത്തിനിരയായവർക്ക് നിർമ്മിച്ചു നൽകിയ വീടുകൾ ഏതാനും മാസങ്ങൾകൊണ്ട് ചോർന്നൊലിച്ചത് ജനങ്ങളിൽ വലിയ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. തങ്ങളും ഇതേ അവസ്ഥ നേരിടേണ്ടി വരുമെന്ന് മേപ്പാടിനിവാസികൾ ഭയപ്പെടുന്നു. അതിനാൽതന്നെ, സർക്കാർ നിർമ്മിച്ചു നൽകുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നപുതിയവീടുകൾകുറ്റമറ്റതാക്കുവാൻ ജനകീയ ഇടപെടൽ ആവശ്യമായി വരും.

മുണ്ടക്കൈ, ചൂരൽമല പ്രദേശം ഏതാണ്ട് പൂർണ്ണമായും വാസയോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്ക് മാത്രമാണ് ഇപ്പോൾ എന്തെങ്കിലും സഹായം ലഭിക്കുന്നത്. അതിനോടടുത്ത് താമസിച്ചിരുന്നവർക്ക് വീടോ, ആൾനാശമോ സംഭവിച്ചിട്ടില്ലെങ്കിലും സർക്കാരിന്റെ തീരുമാനമനുസരിച്ച് അവിടെ താമസം തുടരാനാകില്ല. എന്നാൽ, സർക്കാരിന്റെ ഒരു തരത്തിലുള്ള സഹായവും ഇക്കൂട്ടർക്ക് ലഭിക്കില്ല. ഇങ്ങനെ തികച്ചും അനിശ്ചിതത്വം നിറഞ്ഞ ജീവിത സാഹചര്യത്തിലൂടെയാണ് ഉരുൾപൊട്ടൽ തകർത്തെറിഞ്ഞവരുടെ ജീവിതം നീങ്ങിക്കൊണ്ടിരിക്കുന്നത്.

മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളെ ആശ്രയിച്ച് ആയിരക്കണക്കിന് കുടുംബങ്ങളാണ് ഉപജീവനം നടത്തിവന്നത്. മുണ്ടക്കൈക്ക് പുറത്ത് ഏതാണ്ട് 10 കിലോമീറ്റർ ചുറ്റളവിൽനിന്ന് തൊഴിലാളികൾ ദിനേന ഈ പ്രദേശത്തുവന്ന് തൊഴിലെടുത്ത് മടങ്ങി പോകുമായിരുന്നു. ആ വലിയ വിഭാഗവും ഇന്ന് പട്ടിണിയിലാണ്. ഈ തൊഴിലാളികളെ കേന്ദ്രീകരിച്ച് നിലനിന്ന ചെറുകിട കച്ചവട സ്ഥാപനങ്ങളും പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്.

ഉരുൾപൊട്ടൽ മേഖലകളിലെ ജനങ്ങളെ സഹായിക്കാൻ തുടക്കം മുതൽ ജനങ്ങൾ വയനാട്ടിലേക്ക് ഒഴുകുകയായിരുന്നു. ഭക്ഷണ സാധനങ്ങളും വസ്ത്രവും മരുന്നും വീട്ടുപകരണങ്ങളുമെല്ലാം ആഴ്ചകളോളം വാഹനങ്ങളിൽ എത്തിച്ചേർന്നുകൊണ്ടിരുന്നു. മൃതദേഹം സംസ്കരിക്കാനുള്ള വിറകുവരെ മറ്റ് ജില്ലകളിൽനിന്നും ലോറികളിൽ എത്തിച്ചിരുന്നു. ദുരന്തബാധിതർക്കും സന്നദ്ധ പ്രവർത്തകർക്കും ഭക്ഷണവും മറ്റ് അത്യാവശ്യ സാധനങ്ങളും വിവിധ സംഘടനകൾ ആഴ്ചകളോളം നൽകി.

മെഡിക്കൽ സർവ്വീസ് സെന്റർ നടത്തിയ സൗജന്യ മെഡിക്കൽ ക്യാമ്പിലൂടെ വൈദ്യസഹായവും ലഭിച്ചു. ഇങ്ങനെ മനുഷ്യത്വത്തിന്റെ കരുത്ത് തെളിഞ്ഞുകണ്ട ദിനങ്ങളായിരുന്നു കഴിഞ്ഞുപോയത്. പ്രതിസന്ധികളെ അതിജീവിക്കാൻ പ്രതീക്ഷ നൽകുന്ന ഒന്നായി ദുരിതാശ്വാസ പ്രവർത്തനം മാറി. എന്നാൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുവേണ്ടി സർക്കാർ പ്രസിദ്ധീകരിച്ച 'എസ്റ്റിമേറ്റ്' കണക്ക് ജനങ്ങൾക്ക് കനത്ത ഷോക്കായി മാറി. സന്നദ്ധ പ്രവർത്തകരുടെ കഠിനാധ്വാനംകൊണ്ട് സൃഷ്ടിച്ചതും നൽകിയതുമെല്ലാം സർക്കാരിന്റെ കണക്കിലായി. ദുരന്തങ്ങളെ ഭരണകൂടങ്ങൾ എങ്ങനെയാണ് നോക്കിക്കാണുന്നതെന്നതിന്റെ നേർചിത്രമായി വയനാട് ദുരന്തം മാറി.

യഥാർത്ഥത്തിൽ സർക്കാർ എന്തായിരുന്നു ചെയ്യേണ്ടിയിരുന്നത്? വയനാട് ദുരന്തമുണ്ടായെന്ന് പുറംലോകം അറിഞ്ഞ നിമിഷം മുതൽ അവിടേക്ക് എത്തിച്ചേർന്ന സഹായങ്ങളെ മുഴുവൻ ഏകോപിപ്പിച്ച് പരമാവധി ആളുകളിൽ എത്തിക്കാൻ സർക്കാർ മുൻകൈ എടുക്കണമായിരുന്നു. നഷ്ടപ്പെട്ടതെല്ലാം വീണ്ടെടുക്കാൻ സർക്കാർ ഒപ്പം നിന്ന് ജനങ്ങളിൽ ആത്മവിശ്വാസം സൃഷ്ടിക്കണമായിരുന്നു. മികച്ച വാസസ്ഥലങ്ങൾ കണ്ടെത്തി വീട്ടുപകരണങ്ങളെല്ലാം ഒരുക്കിവെച്ച് ദുരിതാശ്വാസ ക്യാമ്പിൽനിന്നും നേരിട്ട് വീടുകളിലേക്കെത്തിക്കണമായിരുന്നു. എല്ലാ രേഖകളും നഷ്ടപ്പെട്ടവരെ ഒട്ടും ബുദ്ധിമുട്ടിക്കാതെ അവ നൽകണമായിരുന്നു. ഇതിനൊക്കെ ആവശ്യമായ പണം ജനങ്ങൾ ഇതിനോടകം സർക്കാരിനെ ഏല്പിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് ഓർക്കണം.

ഏറ്റവും പ്രിയപ്പെട്ടവരുടെ വിടവുണ്ടാക്കിയ കണ്ണീരുണങ്ങാത്ത ഒരു ജനതയെ, അടിസ്ഥാന ജീവനോപാധികൾക്കുവേണ്ടി തെരുവിലേയ്ക്ക് തള്ളിവിടാതിരിക്കാൻ സർക്കാർ സത്വര ശ്രദ്ധ പുലർത്തണം. ഈ നടപടികൾ കൃത്യമായി നടപ്പിലാകുന്നുവെന്ന് ഉറപ്പുവരുത്താനുള്ള ജാഗ്രത ജനങ്ങൾക്കുമുണ്ടാകണം. തുടക്കത്തിൽതന്നെ ദുരിതബാധിതരുടെ എല്ലാ കടങ്ങളും എഴുതിത്തള്ളണം. മെച്ചപ്പെട്ട വീട് എന്ന അടിസ്ഥാന ആവശ്യം ഉടനടി പൂർത്തീകരിക്കണം. അന്തസ്സായി ജീവിക്കുവാനുള്ള തൊഴിലും വരുമാനവും ഉറപ്പാക്കണം.

വയനാട് ജില്ലയിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ആശുപത്രികളുടെ അപര്യാപ്തതയാണ്. രോഗം ഗുരുതരാവസ്ഥയിലായാൽ ചുരമിറങ്ങി കോഴിക്കോട് മെഡിക്കൽ കോളേജിലോ, മംഗലാപുരത്തെ സ്വകാര്യ ആശുപത്രിയിലോ പോകേണ്ടിവരുന്നു. അപ്രതീക്ഷിത തടസ്സങ്ങൾ എപ്പോഴുമുണ്ടാകുന്ന ചുരത്തിലൂടെ അത്യാസന്ന നിലയിലുള്ള രോഗികളെയുംകൊണ്ട് പോകേണ്ടിവരുന്നതും ചുരത്തിലെ തിരക്കിൽപെട്ട് രോഗി ആംബുലൻസിൽ കിടന്ന് മരണമടയുന്നതും വയനാടിന്റെ തീരാനോവാണ്. ഉരുൾപൊട്ടലുണ്ടായപ്പോഴും ഗുരുതരമായി പരിക്കേറ്റവരെ ചികിത്സിക്കാൻ ഒരു സർക്കാർ ആശുപത്രിയില്ലാത്തത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. സാധാരണക്കാരും പാവപ്പെട്ടവരുമായ തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന വയനാട് ജില്ലയിലെ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും വിദഗ്ധ ചികിത്സ ലഭ്യമാക്കുന്ന സർക്കാർ ആശുപത്രികൾ അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കണം. ■

---

**എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് പുറപ്പെടുവിക്കുന്ന പ്രസ്താവന**

# ഹിസ്ബുള്ള, ഹമാസ് നേതാക്കളെ വധിച്ച സയണിസ്റ്റ് ഇസ്രായേലിന്റെ നടപടി അപലപനീയം

പലസ്തീൻ വിമോചനസംഘടനയായ ഹമാസിന്റെയും പിന്നീട് ലബനണിലെ സാമ്രാജ്യത്വവിരുദ്ധ പാർട്ടിയായ ഹിസ്ബുള്ളയുടെയും നേതാക്കളെ, യുഎസ് സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെ, തുടർച്ചയായ മാരകാക്രമണങ്ങളിലൂടെ വധിച്ച സയണിസ്റ്റ് ഇസ്രയേലിന്റെ നടപടിയെ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) നിശിതമായി വിമർശിക്കുന്നു.

ഹമാസിന്റെ സൈനികവിഭാഗത്തിന്റെ സ്ഥാപകരിലൊരാളായ മുഹമ്മദ് ദെയ്ഫിനെ കഴിഞ്ഞ ജൂലൈയിലും രണ്ടു ഹമാസ് നേതാക്കളെ അതേത്തുടർന്നും ഇസ്രയേൽ വധിക്കുകയുണ്ടായി. സെപ്റ്റംബർ 27ന് ലബനൺ തലസ്ഥാനത്ത് ഇസ്രയേൽ നടത്തിയ സൈനികാക്രമണത്തിൽ ഹിസ്ബുള്ള തലവനായ ഹസ്സൻ നസറുള്ളയെ മൃഗീയമായി വധിച്ചു. പലസ്തീൻ ജനതയുടെ സ്വാതന്ത്ര്യത്തിനായി വീരോചിതം പോരാടുന്ന സമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയപാർട്ടിയായ ഹിസ്ബുള്ളയുടെ ആറു നേതാക്കളെയും അതിനുമുമ്പ് അവർ ആസൂത്രിതമായ ആക്രമണങ്ങളിലൂടെ കൊലപ്പെടുത്തിയിരുന്നു. ഡമാസ്കസിലെ ഇറാൻ കോൺസുലേറ്റ് തകർത്ത ഒരു വ്യോമാക്രമണത്തിലൂടെ കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ഇസ്രയേൽ, ഇറാന്റെ മുതിർന്ന സൈനിക കമാന്ററായ മുഹമ്മദ് റെസ സഹേദിയെയും അദ്ദേഹത്തിന്റെ ഡെപ്യൂട്ടിയായ മുഹമ്മദ് ഹാദി ഹദ്രിയാഹിമിയെയും വധിച്ചിരുന്നു.

സമാധാനം ആഗ്രഹിക്കുന്ന ലോകസമൂഹത്തിന്റെ നിരന്തരമായ അഭ്യർത്ഥനകളെ നിരാകരിച്ചുകൊണ്ടും യുഎസ് സാമ്രാജ്യത്വത്തിന്റെ സമ്പൂർണ്ണ പിന്തുണയോടെയും വംശീയ ഉന്മൂലനം നടത്തുമെന്ന തുറന്ന പ്രഖ്യാപനത്തോടെയും ഇസ്രയേൽ പലസ്തീനിൽ നരഹത്യ നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴവർ ഹിസ്ബുള്ളയ്ക്കുനേരെ ആയുധം തിരിച്ചിരിക്കുന്നു. യുഎസ് സാമ്രാജ്യത്വത്തിന്റെയും കൂട്ടാളികളുടെയും കൊള്ളയ്ക്കും കവർച്ചയ്ക്കുമെതിരെ നിലകൊള്ളുന്ന എണ്ണസമ്പന്നമായ മധ്യപൂർവ്വരാഷ്ട്രങ്ങൾക്കും ശക്തികൾക്കുമെതിരെ ഇസ്രയേൽ മാരകമായ സൈനികാക്രമണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന റഷ്യയ്ക്കും യുക്രൈനുമിടയിൽ സമാധാനത്തിന്റെ ദല്ലാളായി ഭാവിച്ചു നടക്കുന്ന പ്രധാനമന്ത്രിയുള്ള ഇന്ത്യ, അധിനിവേശ പലസ്തീനിൽ ഇസ്രയേൽ നടത്തുന്ന നിഷ്ഠൂരമായ കൂട്ടക്കൊല ഉടനടി അവസാനിപ്പിക്കണമെന്നാവശ്യപ്പെടുന്ന ഐക്യരാഷ്ട്രസമിതി പൊതുസഭയിലെ പ്രമേയങ്ങളുടെ വോട്ടെടുപ്പിൽ നിന്ന് രണ്ടുതവണ വിട്ടുനിന്നു. മാത്രമല്ല, സയണിസ്റ്റ് ഇസ്രയേലിന് ഇന്ത്യ ആയുധം നൽകുകയും ചെയ്യുന്നു. പലസ്തീൻ ജനതയ്ക്കും അവരുടെ സ്വാതന്ത്ര്യമെന്ന ന്യായമായ ആവശ്യത്തെ പിന്തുണയ്ക്കുന്ന രാജ്യങ്ങൾക്കുമെതിരെ യുഎസ് സാമ്രാജ്യത്വത്തിന്റെ പിന്തുണയോടെ ഇസ്രയേൽ നടത്തുന്ന നഗ്നമായ ആക്രമണങ്ങൾക്കെതിരെ സുസംഘടിതവും ശക്തവുമായ സാമ്രാജ്യത്വവിരുദ്ധപ്രസ്ഥാനം കെട്ടിപ്പടുക്കണമെന്ന് ലോകമെമ്പാടുമുള്ള സമാധാനകാംക്ഷികളായ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. ■

# കശുവണ്ടിമേഖലയെ തകർച്ചയിൽനിന്ന് രക്ഷിക്കുക

**കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കശുവണ്ടി മേഖല കഴിഞ്ഞ ഏതാനും വർഷങ്ങളായി കടുത്ത പ്രതിസന്ധിയിലാണ്. രാജ്യത്തുതന്നെ ഈ വ്യവസായം ഏറ്റവുമധികം കേന്ദ്രീകരിച്ചിരുന്ന കൊല്ലം ജില്ലയിലേതടക്കം സംസ്ഥാനത്തെ ഭൂരിപക്ഷം ഫാക്ടറികളും വർഷങ്ങളായി അടഞ്ഞുകിടക്കുന്നു. ഈ രംഗത്ത് പണിയെടുത്തുകൊണ്ടിരിക്കുന്ന ആയിരക്കണക്കിന് തൊഴിലാളികളുടെ ജീവിതം വഴിമുട്ടിയിരിക്കുകയാണ്.**

ഈ രംഗത്തെ പൊതുമേഖലാസ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷനും (കെഎസ്സിഡിസി), സഹകരണ സ്ഥാപനമായ കാപെക്സും നാമമാത്രമായ ദിവസങ്ങൾ മാത്രമാണ് കഴിഞ്ഞ വർഷങ്ങളിൽ തുറന്ന് പ്രവർത്തിച്ചിട്ടുള്ളത്. 90ശതമാനത്തിലധികം സ്ത്രീകൾ പണിയെടുക്കുന്ന ഈ തൊഴിൽ രംഗം, ഫാക്ടറി ആക്ടും തൊഴിൽ തർക്ക നിയമവും മറ്റ് നിരവധി തൊഴിൽ നിയമങ്ങളും ബാധകമാക്കാനായി നടത്തിയ നിരവധി തൊഴിലാളി പ്രക്ഷോഭങ്ങളുടെ പാരമ്പര്യം പേറുന്നയിടം കൂടിയാണ്.

പ്രധാനമായും ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയെ ആശ്രയിച്ചു പ്രവർത്തിക്കുന്ന ഫാക്ടറികൾ വർഷം മുഴുവൻ പ്രവർത്തിക്കാനാവശ്യമായ തോട്ടണ്ടി കിട്ടാനില്ല എന്ന പേരിൽ വർഷത്തിലെ ഏതാനും മാസങ്ങൾ അടച്ചിട്ടിരുന്നെങ്കിലും ഇന്നിപ്പോൾ വ്യവസായം പൂർണമായും നിർത്തി ഭൂമി റിയൽഎസ്റ്റേറ്റ് ഗ്രൂപ്പുകൾക്ക് കൈമാറുകയാണ്. നിലവിലുള്ള എല്ലാ തൊഴിൽ നിയമങ്ങളും ലംഘിച്ചുകൊണ്ട് നിയമാനുസൃതം തൊഴിലാളികൾക്കു നൽകേണ്ടുന്ന റിട്ടയർമെന്റ് ആനുകൂല്യങ്ങളോ നഷ്ടപരിഹാരങ്ങളോ ഒന്നും നൽകാതെ ഏകപക്ഷീയമായി ഇത്തരം ഫാക്ടറി പൊളിക്കൽ വ്യാപകമായിക്കൊണ്ടിരിക്കുമ്പോഴും സംസ്ഥാന തൊഴിൽ വകുപ്പും വിവിധ ട്രേഡ് യൂണിയനുകളും പുലർത്തുന്ന നിസ്സംഗത അത്ഭുതകരമാണ്. നിയമവിരുദ്ധമായി ഫാക്ടറികൾ പൂട്ടിയിട്ടാൽ അവ നഷ്ടപരിഹാരം കൂടാതെതന്നെ ഏറ്റെടുക്കാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്ന കശുവണ്ടി ഫാക്ടറി ഏറ്റെടുക്കൽ നിയമങ്ങൾ നിലവിലുള്ളപ്പോഴാണ് ഈ നടപടിയെന്ന് ഓർക്കണം.

തുറന്ന് പ്രവർത്തിക്കുന്ന ഫാക്ടറികളാകട്ടെ തൊഴിൽ നിയമ ലംഘനങ്ങളുടെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. മിനിമം കൂലി, ഡിഎ, ബോണസ് തുടങ്ങിയ അടിസ്ഥാന അവകാശങ്ങൾപോലും നിഷേധിക്കപ്പെട്ട് അടിമ സമാന സാഹചര്യമാണ് ഇവിടങ്ങളിലുള്ളത്. തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഫാക്ടറികളിൽ പരിശോധന നടത്തിയിട്ട് വർഷങ്ങളാകുന്നു. പല ഫാക്ടറികളിലും ഭാഗികമായി യന്ത്രവൽക്കരണം നടപ്പിലായിട്ടുണ്ടെങ്കിലും അവിടങ്ങളിൽ നിയമാനുസൃതമുള്ള കൂലിയും മറ്റാനുകൂല്യങ്ങളും തീരുമാനിക്കപ്പെട്ടിട്ടില്ല. ഇങ്ങനെ നിരവധി പ്രശ്നങ്ങളാണ് കശുവണ്ടി വ്യവസായത്തിലെ തൊഴിലാളികൾ നേരിടുന്നത്.

അന്തർദേശീയ കമ്പോളത്തിലെ മത്സരക്കാരായി വന്നിരിക്കുന്ന വിയറ്റ്നാം, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളുടെ സ്വാധീനം, തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനത്തിലുണ്ടായ കുറവ്, അവ ഉൽപാദിപ്പിക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും കേരളത്തിലെ ഫാക്ടറികളിലേയ്ക്കുള്ള ഗതാഗതച്ചെലവിലുണ്ടായ വർദ്ധനവ്, തോട്ടണ്ടിക്ക് ഊഹക്കച്ചവടത്തിലൂടെ ഉണ്ടാകുന്ന കൃത്രിമ വിലക്കയറ്റം, ഇറക്കുമതി തോട്ടണ്ടിയ്ക്കുമേൽ കേന്ദ്ര സർക്കാർ ചുമത്തുന്ന വിവിധ നികുതികൾ, ഉത്പാദക രാജ്യങ്ങളിൽനിന്നും ഇന്ത്യയിലേയ്ക്ക് ഗുണനിലവാരം കുറഞ്ഞ പരിപ്പ് ഇറക്കുമതി ചെയ്യുന്നതിന് സഹായകരമായ സർക്കാർ നയങ്ങൾ, വായ്പയുമായി ബന്ധപ്പെട്ട് ബാങ്കുകൾ സ്വീകരിക്കുന്ന നിലപാടുകൾ തുടങ്ങി നിരവധി പ്രശ്നങ്ങൾ വ്യവസായം നേരിടുന്നു. അതിരൂക്ഷമായ തൊഴിലില്ലായ്മ നിലനിൽക്കുന്ന നമ്മുടെ സമൂഹത്തിൽ ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഒരു മേഖലയെന്ന നിലയിൽ കശുവണ്ടിയടക്കമുള്ള പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ സർക്കാരുകളെ നിർബന്ധിതമാക്കുംവിധം ശക്തമായ തൊഴിലാളി ,ബഹുജന പ്രക്ഷോഭങ്ങൾ വളർന്നു വരേണ്ടിയിരിക്കുന്നു.

നിയമവിരുദ്ധമായി പൂട്ടിയിട്ടിരിക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ സർക്കാർ ഏറ്റെടുക്കുക. തോട്ടണ്ടിയുടെ ലഭ്യതക്കുറവുമൂലം പൂട്ടിയിടപ്പെട്ടിരിക്കുന്ന ഫാക്ടറികൾക്ക് ന്യായവിലയ്ക്ക് തോട്ടണ്ടി ലഭ്യമാകുംവിധം ഉത്പാദക രാജ്യങ്ങളിൽ സർക്കാർ ഇടപെടുക, കശുവണ്ടിയുടെ കുത്തക സംഭരണം പുനഃസ്ഥാപിക്കുക, വ്യവസായ പ്രതിസന്ധിമൂലം കടക്കെണിയിലായ ഉത്പാദകർക്ക് സഹായകമായ വായ്പകൾ അനുവദിക്കുക, വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള നിലവാരം കുറഞ്ഞ പരിപ്പ് ഇറക്കുമതി അവസാനിപ്പിക്കുക, തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർധിപ്പിക്കാൻ ലക്ഷ്യം വച്ചുള്ള നടപടികൾ സ്വീകരിക്കുക, കശുവണ്ടി വികസന കോർപറേഷൻ, കാപെക്സ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിലെ അഴിമതിയും ധൂർത്തും അവസാനിപ്പിക്കാൻ നടപടിയെടുക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ടുള്ള തൊഴിലാളി-ബഹുജന സമരങ്ങൾ വളർത്തിയെടുക്കാൻ ഏവരോടും അഭ്യർത്ഥിക്കുന്നു. ■

## കുട്ടനാട്ടിൽ ജനകീയ സമരങ്ങൾ വിജയം വരിച്ചു

കുട്ടനാട്ടിൽ ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ നടന്ന ജനകീയ സമരങ്ങൾ വിജയം വരിച്ചു മുന്നേറുന്നു. 36 വർഷമായി തുടരുന്ന പുളിങ്കുന്ന് ജങ്കാർ സർവ്വീസ് നിർത്തലാക്കിയ നടപടി തിരുത്തിക്കാനും, ജങ്കാർ സർവ്വീസ് പുനരാരംഭിക്കാനും സാധിച്ചത് ജനകീയ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ നടന്ന ചിട്ടയായ സമരത്തെ തുടർന്നാണ്. പുളിങ്കുന്ന് പഞ്ചായത്ത് ഭരണസമിതിയേയും, സാമൂഹ്യ-സാമുദായിക, രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും, വ്യാപാരി-വ്യവസായി- ഓട്ടോറിക്ഷാ തൊഴിലാളികളെയും ഒരുമിച്ച് പ്രതിഷേധ വേദിയിൽ അണിനിരത്താൻ ജനകീയ പ്രതിരോധ സമതിക്ക് കഴിഞ്ഞു. വിവിധ രാഷ്ട്രീയ-സാമുദായിക നേതാക്കളായ അലക്സ് മാത്യൂ, സന്തോഷ് ശാന്തി, ഷാരോൺ ടിറ്റോ, എം.എസ്.വിശ്വനാഥൻ, ബാബു വടക്കേകളം, ഔസേപ്പച്ചൻ വെമ്പാടുംതറ തുടങ്ങിയവർ നേതൃത്വം നല്കി.

അതുപോലെതന്നെ കാവാലം ബസ് സ്റ്റാൻഡിൽ രാത്രി 10 മണിക്ക് എത്തി സ്റ്റേ ചെയ്ത്, രാവിലെ 5 മണി മുതൽ സർവ്വീസ് നടത്തിയിരുന്ന കെഎസ്ആർടിസി ബസ്സ് സർവ്വീസ് പുനഃരാരംഭിക്കാനും ജെപിഎസ് പ്രതിഷേധവും, നിരന്തരമായ ഇടപെടലുംകൊണ്ട് സാദ്ധ്യമായി. സാധാരണക്കാരന് എറെ പ്രയോജനകരമായിരുന്നതും അതിരാവിലെ കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കും, റെയിൽവേ സ്റ്റേഷൻ വഴി ചങ്ങനാശ്ശേരിയിലേയ്ക്കുമുള്ള ബസ്സ് സർവ്വീസ് അഞ്ച് വർഷത്തിനുശേഷംപുനരാംരംഭിക്കുന്നത് പഞ്ചായത്ത് അനുവദിച്ച സ്റ്റേ റൂമിൽ ജനങ്ങളുടെ നിർലോഭമായ സഹകരണത്തോടെ സംഘടിപ്പിച്ച ഇരുപതിനായിരംരൂപ മുടക്കി കിടക്കയും മറ്റ് സൗകര്യവും ഒരുക്കി കൊടുത്തുകൊണ്ടാണ്. പഞ്ചായത്ത്, സ്റ്റേ സൗകര്യത്തിന് സാമ്പത്തിക പ്രതിസന്ധി പറഞ്ഞ് സർവ്വീസ് നീട്ടികൊണ്ടു പോവുന്നത് മനസ്സിലാക്കിയാണ് ജെപിഎസ്, റൂം ഏറ്റെടുത്ത് ജനകീയ സഹകരണം തേടിയത്. ജെപിഎസിന്റെ പുതിയ താലൂക്ക് സമിതി ഈ പ്രവർത്തനങ്ങൾക്കെല്ലാം ചുക്കാൻ പിടിച്ചു രംഗത്തുണ്ടായിരുന്നു.

താലൂക്ക് പ്രസിഡന്റ് ലാലിച്ചൻ പള്ളിവാതുക്കൽ, വൈസ് പ്രസിഡന്റുമാരായ സോണിച്ചൻ പുളിങ്കുന്ന്, ജോൺ സി. ടിറ്റോ, ജോഷി പാറശ്ശേരി, ജയകുമാർ റ്റി.ജി, മറ്റ് ഭാരവാഹികളായ കുഞ്ഞുമോൻ കാവാലം, റ്റി.ശശി, രാജു തൊളാട്ട്, കെ. സുരേഷ്കുമാർ, കെ.സജി, ബിജു സേവ്യർ, പി.പി.സാബു, രക്ഷാധികാരി നന്ദനൻ വലിയപറമ്പിൽ എന്നിവർ ഈ സമരങ്ങൾക്ക് നേതൃത്വം നല്കി. സ്റ്റേ റൂമിന്റെ ഉദ്ഘാടനം കാവാലം പഞ്ചായത്ത് പ്രസിഡന്റ് പി.ജെ. ജോഷി നിർവ്വഹിച്ചു. കോട്ടയം കെഎസ്ആർടിസി ഡി.റ്റി.ഒ പി.അനിൽകുമാർ സർവ്വീസ് ഫ്ലാഗ് ഓഫ് ചെയ്തു. ആശംസ അർപ്പിച്ചുകൊണ്ട് വിജയകുമാർ പൂമംഗലം, കെ.സി. സാബു, ബാബു ചമ്പക്കാട്, എബി നീലംപേരൂർ, പി.പി.റെജി, കെ.പി.ഷാജി, എം.കെ.മോഹനൻ, രമേശൻ പാണ്ടിശ്ശേരി, അലക്സ് ആന്റണി, ഹരികൃഷ്ണൻ, ജെപിഎസ് താലൂക്ക് സെക്രട്ടറി പി.ആർ. സതീശൻ തുടങ്ങിയവർ പ്രസംഗിച്ചു. ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി എൻ.കെ.ബിജു ജങ്കാർ സമരത്തിലും, ആലപ്പുഴ ജില്ലാ സെക്രട്ടറി എസ്.സീതിലാൽ കാവാലം കെഎസ്ആർടിസി സ്റ്റേ ബസ് പുനഃസ്ഥാപന സമരത്തിലും മുഖ്യപ്രസംഗങ്ങൾ നടത്തി. ■




കാവാലത്ത് സ്റ്റേ ബസ്സ് സർവ്വീസ്പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തിൽ ജനകീയ പ്രതിരോധ സമിതി ജില്ലാ സെക്രട്ടറി എസ്.സീതിലാൽ പ്രസംഗിക്കുന്നു.



പുളിങ്കുന്ന് ജങ്കാർ സർവ്വീസ് പുനഃസ്ഥാപിക്കണ മെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സമരത്തിൽ ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടേറിയറ്റംഗം എൻ.കെ.ബിജു പ്രസംഗിക്കുന്നു.

# തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കുക – എഐയുടിയുസി ജില്ലാസമ്മേളനങ്ങൾ




ഇടുക്കി ജില്ലാ സമ്മേളനം അഖിലേന്ത്യ വർക്കിംഗ് കമ്മിറ്റി അംഗം എൻ.ആർ.മോഹൻകുമാർ ഉദ്ഘാടനം ചെയ്യുന്നു.




കോഴിക്കോട് ജില്ലാസമ്മേളനം അഖിലേന്ത്യാ കൗൺസിൽ അംഗം എം.എ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു.




പത്തനംതിട്ട ജില്ലാ സമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

തൊഴിലും തൊഴിലവകാശങ്ങളും സംരക്ഷിക്കാൻ വീറ്റുറ്റ പ്രക്ഷോഭണം വളർത്തിയെടുക്കുക എന്ന ആഹ്വാനമുയർത്തി ആൾ ഇന്ത്യാ യുണൈറ്റഡ് ട്രേഡ് യൂണിയൻ സെന്ററിന്റെ കണ്ണൂർ ജില്ലാ സമ്മേളനം ജവഹർ ലൈബ്രറി ഹാളിൽ നടന്നു. എഐയുടിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ സമ്മേളനം ഉദ്ഘാടനംചെയ്തു. "സോഷ്യലിസ്റ്റ് വ്യവസ്ഥയുമായി മത്സരം ആവശ്യമില്ലാത്ത ഇന്നത്തെ കാലഘട്ടത്തിൽ മുതലാളിത്തം പരമാവധി ചൂഷണം നടത്തുകയാണ്. തൊഴിൽ സമയം വർദ്ധിപ്പിക്കുകയും കൂലിയും തൊഴിലും ഇല്ലാതാകുകയും ചെയ്യുന്ന അവസ്ഥ തൊഴിലാളികളുടെ സാഹചര്യം നരകതുല്യമാക്കിയിരിക്കുന്നു. ഐടി മേഖലയിൽ ജോലി ചെയ്തിരുന്ന അന്ന സെബാസ്റ്റ്യൻ എന്ന യുവതിയുടെ അകാലമരണം ഇത്തരം തൊഴിൽ സാഹചര്യത്തിന്റെ സമ്മർദ്ദം മൂലം ഉണ്ടായതാണ്. കേന്ദ്ര സർക്കാറിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾ മൂലം പൊതുമേഖലകളും തൊഴിലാളികളുടെ സംഘടിത തൊഴിൽ മേഖലകളും ഇല്ലാതാകുകയാണ്. തൊഴിൽ നിയമങ്ങൾ ഇല്ലാതാക്കി തൊഴിൽ കോഡുകളാക്കുന്നു. കേരളത്തിൽ, ഇതേ നയങ്ങൾ നടപ്പാക്കുന്നതിൽ വലിയ ഒത്തുതീർപ്പുകളാണ് കേന്ദ്രം ഭരിക്കുന്ന ബിജെപി സർക്കാരുമായി പിണറായി സർക്കാർ നടത്തിവരുന്നത്. കെഎസ്ആർടിസിയെയും കെഎസ്ഇബിയെയും ഇല്ലാതാക്കുന്ന നയനടപടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സ്ഥിരം തൊഴിലാളികളെ ഇല്ലാതാക്കി കരാർ തൊഴിലാളികളെ നിയമിച്ച് സ്വിഫ്റ്റ് എന്ന സ്വകാര്യ സംരംഭം കെഎസ്ആർടിസിയിൽ ആരംഭിച്ചിരിക്കുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന പേരിൽ കൊടിയ ചൂഷണാവസ്ഥ സൃഷ്ടിക്കുന്ന തൊഴിൽ സാഹചര്യങ്ങളാണ് പിണറായി സർക്കാർ സംസ്ഥാനത്തിനകത്തും സൃഷ്ടിക്കുന്നത്. ഇത്തരം തൊഴിലാളി വിരുദ്ധ നയങ്ങളെ ഒറ്റക്കെട്ടായി ചെറുത്തു തോൽപ്പിക്കാൻ നാം മുന്നോട്ടു വരണം." വി.കെ.സദാനന്ദൻ ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. ജില്ലാ പ്രസിഡന്റ് എം.കെ.ജയരാജൻ അധ്യക്ഷത വഹിച്ചു. എഐയുടിയുസി സംസ്ഥാന വൈസ്പ്രസിഡന്റ് കെ.കെ.സുരേന്ദ്രൻ, ജില്ലാ സെക്രട്ടറി അനൂപ് ജോൺ , വി.രാമചന്ദ്രൻ, അഡ്വ. വിവേക് വേണുഗോപാൽ, പി.നാഗേഷ്, സുജിന എ, പി.വി.പ്രേമരാജൻ, കെ. ബാബുരാജൻ, രശ്മി രവി എന്നിവർ പ്രസംഗിച്ചു. രാഷ്ട്രീയ സംഘടനാ പ്രമേയം, കേന്ദ്രസർക്കാരിന്റെ തൊഴിൽ നിയമ ഭേദഗതികൾക്കെതിരെയുള്ള പ്രമേയം, കെഎസ്ഇബിയിൽ പിഎസ്‌സി ലിസ്റ്റിലുള്ള കരാർ തൊഴിലാളികളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം, തൊഴിലിടങ്ങളിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ ഫലപ്രദമായ നടപടികൾ ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം എന്നിവ അവതരിപ്പിച്ചു പാസ്സാക്കി. 14 അംഗ ജില്ലാകമ്മിറ്റിയെ സമ്മേളനം തിരഞ്ഞെടുത്തു. ■




കണ്ണൂർ ജില്ലാസമ്മേളനം എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

## കുമാരനാശാൻ ചരമശതാബ്ദി ആചരണം

കുമാരനാശാൻ ചരമ ശതാബ്ദിആചരണ സമിതിയുടെ നേതൃത്വത്തിൽ പാലക്കാട് മോയൻ എൽപിസ്കൂളിൽ നടന്ന സമ്മേളനം പ്രശസ്ത എഴുത്തുകാരൻ ശ്രീകൃഷ്ണപുരം കൃഷ്ണൻകുട്ടി ഉദ്ഘാടനംചെയ്തു. പ്രൊഫ. കെ. ശശികുമാർ മുഖ്യപ്രഭാഷണം നടത്തി. സാഹിത്യകാരി എം.എസ്.ശുഭ കെ.എം.ബീവി, ആർ. ശ്രുതി എന്നിവർ പ്രസംഗിച്ചു.







മഹാകവി കുമാരനാശാൻ ചരമശതാബ്ദി ആചരണ സമിതിയുടെആഭിമുഖ്യത്തിൽ ഹരിപ്പാട്, മുട്ടത്ത് നേതാജി സാമൂഹ്യസാംസ്കാരികപഠന കേന്ദ്രത്തിൽ കുമാരനാശാന്റെ കൃതികളെ അടിസ്ഥാനപ്പെടുത്തി നടന്ന ദ്വിദിന ചിത്രരചനാക്യാമ്പ് പ്രശസ്ത ചിത്രകാരൻ ബി.ഡി.ദത്തൻ ഉദ്ഘാടനം ചെയ്യുന്നു.

## ആർജി കർ...

(6–ാം പേജിൽ നിന്ന്)

രങ്ങാക്കി മാറ്റിയിരിക്കുകയാണ്. ഡോ.മൗമിത രണ്ടുതവണ സമർപ്പിച്ച തീസിസും കോളജ് അധികാരികൾ ആർക്കോ കൈമാറിയതായി വാർത്തകൾ വരുന്നു. ആശുപത്രിക്കുള്ളിലെ അനാശാസ്യ പ്രവണതകൾക്കെതിരെ അവർ പ്രതിഷേധ ശബ്ദമുയർത്തിയിരുന്നതായും കേൾക്കുന്നു. ക്രിമിനിൽ സംഘത്തിന്റെ ദൃഷ്ടി മൗമിതയ്ക്കുമേൽ പതിഞ്ഞത് ഇക്കാരണങ്ങളാലായിരിക്കുമോ?

### അണപൊട്ടിയൊഴുകിയ പ്രതിഷേധം

ആർജി കർ മെഡിക്കൽ കോളജിൽ പലകാര്യങ്ങളിലും അടിസ്ഥാനസൗകര്യങ്ങൾപോലും ഏർപ്പെടുത്തിയിട്ടാല്ലത്തതിൽ പ്രതിഷേധിച്ചും അഴിമതിക്കെതിരെയും ജൂണിയർ ഡോക്ടർമാരും മെഡിക്കൽ വിദ്യാർത്ഥികളും സർവീസ് ഡോക്ടേഴ്സ് ഫോറവുമൊക്കെ കാലങ്ങളായി പ്രക്ഷോഭത്തിലാണ്. ആർജി കർ ആശുപത്രിയിലെ ഡോക്ടർമാരുടെ സംഘടന ആശുപത്രിക്കുള്ളിൽ നടമാടുന്ന പ്രവൃത്തികൾ നിരവധി തവണ അധികാരികളുടെ ശ്രദ്ധയിൽ പെടുത്തുകയും നിവേദനങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രയോജനമൊന്നും ഉണ്ടായിട്ടില്ലന്നുമാത്രമല്ല, നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തവിധം ഉദ്യോഗസ്ഥരുടെ കൈകൾ കെട്ടപ്പെട്ടിരിക്കുകയാണത്രേ.

36മണിക്കൂർ തുടർച്ചയായി ഒരാൾ ഡ്യൂട്ടിയെടുക്കേണ്ടിവരിക, വനിതാ ഡോക്ടർമാർക്കുപോലും വിശ്രമിക്കാൻ ഓൺകാൾ റൂമില്ലാതിരിക്കുക ഒരു സർക്കാർ മെഡിക്കൽ കോളജിന്റെ സ്ഥിതിയാണ്! മൗമിത സംഭവംകൂടെയായപ്പോൾ വിദ്യാർത്ഥികളും ഡോക്ടർമാരും നഴ്സുമാരും പൊട്ടിത്തെറിച്ച് തെരുവിലിറങ്ങുകയാണുണ്ടായത്. ആർജി കർ സംഭവം ജനങ്ങൾക്ക് ക്ഷമിക്കാവുന്നതിനും സഹിക്കാവുന്നതിനും മേലെയായിരുന്നു. പിന്തുണച്ചുകൊണ്ട് ബഹുജനങ്ങളും രക്ഷാകർത്താക്കളും രംഗത്തെത്തി. സത്യസന്ധവും സമഗ്രവുമായ അന്വേഷണം നടത്തി സംഭവത്തിലെ വസ്തുതകൾ വെളിച്ചത്തുകൊണ്ടുവരിക, കുറ്റവാളികളായ മുഴുവൻ ആളുകളെയും അവർ എത്ര ഉന്നതരാണെങ്കിലും മാതൃകാപരമായി ശിക്ഷിക്കുക, ആരോഗ്യരംഗത്ത് നടമാടുന്ന അഴിമതിയെക്കുറിച്ച് സത്യസന്ധമായ അന്വേഷണം നടത്തി പ്രതികളെ മാതൃകാപരമായി ശിക്ഷിക്കുക, തെളിവ് നശിപ്പിക്കാൻ കൂട്ടുനിന്ന കൽക്കത്ത പോലീസ് കമ്മീഷണർക്കെതിരെ നടപടി സ്വീകരിക്കുക, സംഭവത്തിന്റെ പ്രാഥമിക ഉത്തരവാദിത്തം ഏറ്റെടുത്ത് സ്റ്റേറ്റ് ഹെൽത്ത് സെക്രട്ടറി, ഡയറക്ടർ ഓഫ് ഹെൽത്ത് എജ്യൂക്കേഷൻ, ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസ് എന്നിവർ രാജി വയ്ക്കുക, ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, തൊഴിലിടങ്ങളിൽ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് അതിശക്തമായ പ്രക്ഷോഭം ബംഗാളിലുടനീളം നടന്നുവരികയാണ്. ന്യായമായതും ഉറപ്പാക്കപ്പെടേണ്ടതുമായ ആവശ്യങ്ങളാണിത്.

സംഭവത്തിന്റെ പ്രാഥമികമായ ഉത്തരവാദിത്തം സംസ്ഥാനസർക്കാരിനാണ്. അതിൽനിന്നൊഴിഞ്ഞുമാറാൻ മുഖ്യമന്ത്രി മമത ബാനർജിക്കാകില്ല. മുഖ്യമന്ത്രി മമത ബാനർജി സമരം ചെയ്യുന്ന ഡോക്ടർമാരോട് ഭീഷണിയുടെ ഭാഷയിലാണ് സംസാരിച്ചത്. എന്നാൽ സമരക്കാർ അത് വകവച്ചില്ല. മറിച്ച് മമത ബാനർജിയുടെ അഭിപ്രായങ്ങളോട് രൂക്ഷമായ ഭാഷയിലാണ് ബഹുജനങ്ങൾ ഉൾപ്പെടെ ഏവരും പ്രതികരിച്ചത്. ബംഗാളിൽ ഒന്നിനുപിന്നാലെ ഒന്നായി ബലാത്സംഗങ്ങളും കൂട്ടബലാത്സംഗങ്ങളും കൊലപാതകങ്ങളും അരങ്ങേറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ പ്രക്ഷോഭം ഒരു പ്രത്യാശയാണ്. സാമൂഹ്യവിപത്തുകൾക്കും സാംസ്കാരിക തകർച്ചയ്ക്കുമെതിരെ ഉയർന്നുവരുന്ന ശുഭസൂചന. സംഘടിക്കുകയും പൊരുതുകയും ചെയ്തുകൊണ്ടല്ലാതെ ഒരുവിഭാഗം ജനങ്ങൾക്കും ഇന്ന് ജീവിതത്തിൽ പിടിച്ചുനിൽക്കാൻ സാധിക്കില്ല എന്നത് നിത്യേനയുണ്ടാകുന്ന സംഭവവികാസങ്ങൾ തെളിയിക്കുകയാണ്. മനുഷ്യന്റെ നിലനിൽപ്പിന്റെ മാർഗ്ഗംതന്നെ ഈ പോരാട്ടമാണ്. ബംഗാളിലെ ആരോഗ്യരംഗത്തെ അനാരോഗ്യ പ്രവണതകൾക്കെതിരെ ഉയർന്നിരിക്കുന്ന പ്രക്ഷോഭം ഡിമാന്റുകൾ നേടുന്നതുവരെ അണയാതെ, കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. ആർജി കർ സംഭവം അവസാനത്തേതാകണം. എങ്കിലേ ഡോ.മൗമിതയുടെ ജീവത്യാഗത്തിന് വിലയുണ്ടാകൂ, മൗമിതയ്ക്ക് നീതി ഉറപ്പാക്കപ്പെടൂ. ■

REGISTERED.
R.N. 24773/1992
UNITY Malayalam Monthly
2024 October
Price: Rs. 10.00

# കാർഷിക മേഖലയിലെ കോർപ്പറേറ്റ് നയങ്ങൾക്കെതിരെ അഖിലേന്ത്യ കിസാൻ മഹാപഞ്ചായത്ത്



ഡൽഹിയിൽ നടന്ന കിസാൻ മഹാപഞ്ചായത്തിൽ എഐകെകെഎംഎസ് കേരള സംസ്ഥാന പ്രസിഡന്റ് അബ്ദുൾ അസീസ് പ്രസംഗിക്കുന്നു.

എഐകെകെഎംഎസിന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിലെ തൽക്കത്തോറ സ്റ്റേഡിയത്തിൽ നടന്ന അഖിലേന്ത്യാ കിസാൻ മഹാപഞ്ചായത്ത് കർഷകരുടെ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് രാജ്യവ്യാപകമായി വിവിധ പ്രക്ഷോഭ പരിപാടികൾ പ്രഖ്യാപിച്ചു. ലാലാ ലജ്പത്റായിയുടെ അനുസ്മരണ ദിനമായ നവംബർ 17 ന് രാജ്യവ്യാപകമായി കർഷകർ ജില്ലാ ഭരണ കേന്ദ്രങ്ങൾ ഉപരോധിക്കും. നവംബർ 26 ന് സംയുക്ത കിസാൻ മോർച്ചയുമായി ചേർന്ന് പ്രതിഷേധ ദിനം ആചരിക്കും. 2025 ഫെബ്രുവരി മാസത്തിൽ കർഷകർ സംസ്ഥാന തലസ്ഥാനങ്ങളിൽ രാജ്ഭവനുകൾക്കു മുമ്പിൽ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കും.

പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ്, ബീഹാർ, ഒഡീസ്സാ, കർണ്ണാടകം, കേരളം, പശ്ചിമ ബംഗാൾ തുടങ്ങി ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിൽനിന്ന് ആയിരക്കണക്കിന് കർഷകരും കർഷകതൊഴിലാളികളും കിസാൻ മഹാപഞ്ചായത്തിൽ പങ്കെടുത്തു. C2+50% ഫോർമുലയിൽ മിനിമം താങ്ങുവില നിയമപരമായി ഉറപ്പാക്കുക, വൈദ്യുതി ഭേദഗതി നിയമം 2023 ഉം സ്മാർട്ട് മീറ്റർ പദ്ധതിയും പിൻവലിക്കുക, കാർഷിക സാമഗ്രികൾ മിതമായ നിരക്കിൽ അനുവദിക്കുക, ജനിതക മാറ്റം വരുത്തിയ വിത്തുകൾ നിരോധിക്കുക, ദരിദ്ര ഗ്രാമീണർക്ക് വർഷം മുഴുവൻ തൊഴിലും മതിയായ വേതനവും ഉറപ്പാക്കുക, കടാശ്വാസവും പെൻഷനും അനുവദിക്കുക, സിംഗൂർ, തിക്രി ബോർഡറുകളിൽ കർഷക രക്തസാക്ഷി മണ്ഡപം സ്ഥാപിക്കുക എന്നീ ആവശ്യങ്ങൾ അടങ്ങുന്ന പ്രമേയവും എല്ലാ വർഷവും ബ്രഹ്മപുത്ര നദിയിലെ വെള്ളപ്പൊക്കംമൂലം കനത്ത നാശനഷ്ടങ്ങൾ സംഭവിക്കുന്നത് പരിഹരിക്കുവാൻ നടപടികൾ കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുന്ന പ്രമേയവും പഞ്ചായത്ത് അംഗീകരിച്ചു. നാലു ലേബർ കോഡുകൾ നടപ്പിലാക്കുന്നത് തടയുക എന്ന കേന്ദ്ര ട്രേഡ് യൂണിയനുകൾ ഉയർത്തിയിട്ടുള്ള ഡിമാന്റിന് കർഷക പഞ്ചായത്ത് പിന്തുണ പ്രഖ്യാപിച്ചു.

കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ കോർപ്പറേറ്റ് അനുകൂല, കർഷക വിരുദ്ധ, ഫാസിസ്റ്റ് നയങ്ങളാണ് കർഷകരുടെ ഇന്നത്തെ ദുരിതങ്ങൾക്കും വേദനകൾക്കും കാരണമെന്ന് എഐകെകെഎംഎസ് അഖിലേന്ത്യാ ജനറൽ സെക്രട്ടറി ശങ്കർഘോഷ് ഉദ്ഘാടന പ്രസംഗത്തിൽ വ്യക്തമാക്കി.

പ്രമുഖ കർഷക നേതാവും എഐകെകെഎംഎസ് ദേശീയ പ്രസിഡന്റുമായ സത്യവാൻ മുഖ്യ പ്രഭാഷണം നടത്തി. ബിജെപി സർക്കാരിനെതിരെ ശക്തമായ പ്രക്ഷോഭങ്ങൾ അടിയന്തരമായി വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകത കർഷക വിരുദ്ധ നയങ്ങളെ തുറന്നുകാട്ടിക്കൊണ്ട് അദ്ദേഹം വിശദീകരിച്ചു. സംയുക്ത കിസാൻ മോർച്ച (എസ്കെഎം) ദേശീയ നേതാക്കളായ ബൽബീർ സിംഗ് രജേവാൾ, ജോഗീന്ദർ സിംഗ് ഉഗ്രഹാൻ, പ്രേംസിംഗ് ഗെഹ്‌ലാവത് തുടങ്ങിയവർക്കുപുറമേ എഐകെകെഎംഎസ് കേരള സംസ്ഥാന പ്രസിഡന്റ് കെ. അബ്ദുൾ അസീസ് ഉൾപ്പെടെ സംഘടനയുടെ വിവിധ സംസ്ഥാന നേതാക്കളും മഹാപഞ്ചായത്തിൽ പ്രസംഗിച്ചു. ■

### സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കണം

## ആരോഗ്യ ഡയറക്ടറേറ്റ് ഓഫീസ് മാർച്ച്

സർക്കാർ ആശുപത്രികളിൽ സൗജന്യചികിത്സ പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ ഡയറക്ടേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ് ഓഫീസിലേക്ക് മാർച്ച് നടത്തി. സംസ്ഥാന കമ്മിറ്റി അംഗം മിനി കെ.ഫിലിപ്പ് മാർച്ച് ഉദ്ഘാടനം ചെയ്തു. സർക്കാർ ആശുപത്രികളിൽ മതിയായ അളവിൽ ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കണം, ചികിത്സ സമ്പൂർണമായും സൗജന്യമാക്കണം. മികച്ച ചികിത്സയും മെച്ചപ്പെട്ട ആരോഗ്യസംരക്ഷണ സംവിധാനങ്ങളും ജനങ്ങളുടെ അവകാശമാണ്. 1964ലെ സ്റ്റാഫ് പാറ്റേണാണ് ഇപ്പോഴും ആരോഗ്യരംഗത്തുള്ളത്. കുത്തകകൾക്കും ലോകബാങ്കിനും ആരോഗ്യരംഗം തീറെഴുന്ന നയങ്ങളാണ് കേരളത്തിലും നടപ്പിലാക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ഒപി ടിക്കറ്റിനും മരുന്നിനും എക്സ്റേ, സ്കാനിംഗ് തുടങ്ങിയ പരിശോധനകൾക്കും പണം ഈടാക്കിത്തുടങ്ങിയത് ഈ നയങ്ങളുടെ ഭാഗമായാണ്. ചികിത്സയും മരുന്നും നിഷേധിച്ച് ജനങ്ങളെ സ്വകാര്യമേഖലയിലേയ്ക്ക് തള്ളിവിടുകയാണ്. ഇതിനെതിരെ ശക്തമായ ജനകീയ സമരം വളർത്തണമെന്ന് മിനി കെ.ഫിലിപ്പ് അഭിപ്രായപ്പെട്ടു. ജി.ആർ.സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ കമ്മിറ്റി അംഗങ്ങളായ ആർ.ബിജു, പി.എസ്. ഗോപകുമാർ, എസ്.മിനി, കെ റെയിൽ വിരുദ്ധ ജനകീയസമിതി സംസ്ഥാന രക്ഷാധികാരി കെ.ശൈവപ്രസാദ്, എസ്.ശ്രീകുമാർ എന്നിവർ പ്രസംഗിച്ചു. ■




എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഡിഎച്ച്എസ് ഓഫീസിലേക്ക് നടന്ന മാർച്ച്.

# ചെറുകിട വ്യാപാരമേഖലയിൽനിന്നും കുത്തകകളെപുറത്താക്കുക

വ്യാപാരി വ്യവസായി ഏകോപന സമതി ബാലുശ്ശേരിയൂണിറ്റും കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ബാലുശ്ശേരി മേഖല യൂണിറ്റും സംയുക്തമായി "ചെറുകിട വ്യാപാര മേഖലയിലെ പ്രതിസന്ധിയും പരിഹാരവും" എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ എലത്തൂർ മണ്ഡലം വ്യാപാരി വ്യവസായിഏകോപന സമിതി, സെക്രട്ടറി ഇ.ജയപ്രകാശൻ ഉദ്ഘാടനം ചെയ്തു. ജിഎസ്ടി വന്നതോടുകൂടി ചെറുകിട വ്യാപാരമേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തി, സാധാരണക്കാർക്ക് കടന്നുവരാൻ പറ്റാത്ത അവസ്ഥയാണ് വന്നിരിക്കുന്നതന്നും ഒരു രാജ്യം ഒരുനികുതി എന്നുപറഞ്ഞു വന്ന പരിഷ്കാരം കോർപ്പറേറ്റുകളുടെ താല്പര്യം മാത്രമാണ് സംരക്ഷിക്കുന്നതെന്നും ഇ.ജയപ്രകാശൻ പറഞ്ഞു. കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി സംസ്ഥാന സെക്രട്ടറി എസ്.രാജിവൻ വിഷയാവതരണം നടത്തി. ഓൺലൈൻവ്യാപാരം, ചില്ലറവില്പന രംഗങ്ങളിലെ കുത്തകളുടെ കടന്നുകയറ്റം, അശാസ്ത്രീയമായ നികുതി ഘടന തുടങ്ങിയ കാരണങ്ങളാൽ കേരളത്തിലെ ചെറുകിട വ്യാപാര മേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചെറുകിട വ്യാപാര മേഖലയെ തകർക്കുന്ന എല്ലാ നയങ്ങളിൽനിന്നും സർക്കാറുകൾ പിൻവാങ്ങുക, ജിഎസ്ടി തുടങ്ങിയ നികുതി പരിഷ്കാരങ്ങൾ പിൻവലിക്കുക, ചില്ലറ വിൽപ്പനയിൽ കുത്തകളുടെ കടന്നുകയറ്റം തടയുക, ഓൺലൈൻ വ്യാപാരം നിയന്ത്രിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ടുള്ള പ്രക്ഷോഭണങ്ങൾ അനിവാര്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വ്യാപാരി വ്യവസായി ഏകോപന സമിതി ഉള്ളിയേരി യൂണിറ്റ് പ്രസിഡന്റ് കെ.എം ബാബു വാകയാട്, വ്യാപാരി വ്യവസായി ഏകോപന സമിതിപ്രസിഡന്റ് എൻ.പി.അജ്മൽ, വ്യാപാരി വ്യവസായി ഏകോപന സമിതി കൂട്ടാലിടയൂണിറ്റ് കമ്മറ്റിയംഗം സുഭാഷ് ചന്ദ്ര എന്നിവർ പ്രസംഗിച്ചു. രൂപേഷ്‌വർമ്മ അദ്ധ്യക്ഷത വഹിച്ചു. എം.പി.അനിൽകുമാർ സ്വാഗതവും കേശവൻ കോപ്പറ്റ നന്ദിയും പറഞ്ഞു. ■




ചെറുകിട വ്യാപാര മേഖലയിലെ പ്രതിസന്ധിയും പരിഹാരവും എന്ന വിഷയത്തിൽ ബാലുശ്ശേരിയിൽ നടന്ന സെമിനാർ ഇ.ജയപ്രകാശൻ ഉദ്ഘാടനം ചെയ്യുന്നു.




Volume: 51 No: 7 | Printed and published by Jaison Joseph on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: Jaison Joseph.